പെരുവന്താനം ഗ്രാമപഞ്ചായത്ത്


വാല്യം 65

അഴുത ബ്ലോക്ക്

(ഇടുക്കി ജില്ല)

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ






വികസന റിപ്പോർട്ട്

9-ാം പദ്ധതി

ജനകീയ ആസൂത്രണ പരിപാടി അധികാരം ജനങ്ങളിലേക്ക്



പെരുവന്താനം ഗ്രാമപഞ്ചായത്ത്




പ്രസിഡണ്ട്

ശ്രീ.കെ.വാസുദേവൻ

പെരുവന്താനം ഗ്രാമപഞ്ചായത്ത്

സ്റ്റാൻഡിംഗ് കമ്മറ്റി



വാർഡ് 6
കണയങ്കവയൽ
വൈസ് പ്രസിഡണ്ട്
ശ്രീ.കെ.ജെ.സ്കറിയാ




വാർഡ് 9
കടമാൻകുളം
സ്റ്റാൻഡിഗ് കമ്മറ്റി ചെയർമാൻ
ശ്രീമതി വിജയമ്മ വത്സലൻ



വാർഡ് 5
തെക്കേമല
കുമാരി.അജിതാ ഗോപി

സ്റ്റാൻഡിഗ്
കമ്മറ്റി
മെമ്പർ




വാർഡ് 7
വെള്ളാനി
ശ്രീ. എം.സി. തങ്കച്ചൻ

പെരുവന്താനം ഗ്രാമപഞ്ചായത്ത്

ഭരണസാരഥികൾ




വാർഡ് 1
റോപ്പ്വേ
ശ്രീമതി.ഷേർലി ജോർജ്ജ്




വാർഡ് 2
പെരുവന്താനം
ശ്രീ.എൻ.എ.ജലീൽ



വാർഡ് 3
ചുഴുപ്പ്
ശ്രീമതി. ലിസിയാമ്മ തോമസ്




വാർഡ് 4
പാലൂർക്കാവ്
ശ്രീ. എൻ.വി.മൈക്കിൾ



പെരുവന്താനം ഗ്രാമഞ്ചായത്ത്
സെക്രട്ടറി
ശ്രീ.പി.എ.നൗഷാദ്

അണിയറ ശില്പികൾ


1.	കെ.ജെ.കുരുവിള	K.R.P.
2.	പി.എൻ.കൃഷ്ണൻ നായർ	D.R.P. (Convenor)
3.	എം.എ.അസീസ്	D.R.P.
4.	പി.എ.എം. യൂനസ്	”
5.	തോമസ് ജോർജ്	”
6.	റ്റി.വി.വർഗ്ഗീസ്	”
7.	പി.ഡി.തോമസ്	”
8.	സി.കുമാരൻ	”
9.	സി.ആർ.സുനിൽകുമാർ	L.R.P.
10.	ജോസഫ് വടക്കൻ	”
11.	റ്റി.എൻ.തങ്കൻ	”
12.	എം.കെ.ഇസ്മയിൽ	”
13.	ലൗവ്‌ലി തോമസ്	”
14.	കെ.ജെ.തോമസ്	”
15.	ജയിംസ് ജോസഫ്	”
16.	ജോൺ ജോസഫ്	”
17.	കെ.എ.ആന്റണി	”
18.	വിശ്വനാഥൻ	”
19.	കെ.എസ്.സണ്ണി	”
20.	കെ.വാസുദേവൻ	(പ. പ്രസിഡണ്ട്)
21.	കെ.ജെ.സ്കറിയ	(വൈ. പ്രസിഡണ്ട്)
22.	വിജയമ്മ വത്സലൻ	(സ്റ്റാൻഡിംഗ് കമ്മറ്റി ചെ.പേഴ്സൺ)
23.	എം.സി. തങ്കച്ചൻ	(മെമ്പർ)
24.	ഷെർലി ജോർജ്	”
25.	എൻ.എ.ജലീൽ	”
26.	ലിസിയാമ്മ തോമസ്	”
27.	എൻ.വി.മൈക്കിൾ	”
28.	അജിതാ ഗോപി	”
29.	പി.എ.നൗഷാദ്	(സെക്രട്ടറി)
30.	ജോസഫ് വടക്കൻ	(Art)


പെരുവന്താനം ഗ്രാമപഞ്ചായത്ത്
വാർഡുകൾ - 9
To Kumily
III
ചുരുപ്പ്
II
പെരുവന്താനം
IV
ചാത്തൻതറ
I
റോഡ് വേ
K.K. റോഡ്
തെക്കേമല പഞ്ചായത്ത്
V
തെക്കേമല
VI
കണമക്കുഴി
VII
വെള്ളനാടി
VIII
കുഴിമാവ്
IX
കടുവാപ്പാറ
ചിറ്റടിമേട്ടു പഞ്ചായത്ത്
കുഴികാലം പഞ്ചായത്ത്

ഉള്ളടക്കം

	അദ്ധ്യായം	Page
1.	ആമുഖം	1
2.	പെരുവന്താനം പഞ്ചായത്ത് ഒരു തിരിഞ്ഞുനോട്ടം	3
3.	പെരുവന്താനം പഞ്ചായത്ത് ഒറ്റനോട്ടത്തിൽ	5
4.	ചരിത്രം പെരുവന്താനം പഞ്ചായത്ത്	6
5.	ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി	9
6.	സംസ്കാരം	13
7.	വിദ്യാഭ്യാസം	17
8.	കൃഷിയും ജലസേചനവും	27
9.	ഗതാഗതവും ഊർജ്ജവും	33
10.	കുടിവെള്ളവും പൊതുജനാരോഗ്യവും	45
11.	സാമൂഹ്യക്ഷേമം	49
12.	വിഭവസമാഹരണം	63
13.	സഹകരണം	65
14.	വ്യവസായം	70
15.	പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	73
16.	വനിത	75
17.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	78
18.	ടൂറിസം	84
19.	നന്ദി	85

ആമുഖം



പാഞ്ചാലിമേട്. മഞ്ഞുറങ്ങുന്ന കുന്നുകൾ

ആമുഖം

വിദേശഭരണ മേധാവിത്വത്തിൽ നിന്നും ഭാരതം സ്വതന്ത്രമായി 48 വർഷങ്ങൾ പിന്നിട്ട് കഴിഞ്ഞപ്പോൾ മാത്രമാണ് രാഷ്ട്രപിതാവായ മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന മഹത്തായ ആശയം ഗ്രാമപഞ്ചായത്തുകൾ വഴി യാഥാർത്ഥ്യമാകുന്നത്.

കഴിഞ്ഞ കാലഘട്ടത്തിലെ സാമൂഹ്യ രാഷ്ട്രീയ പ്രക്രിയയിലൂടെ കേരളത്തിലെ ജന സാമാന്യത്തിന് വിദ്യാഭ്യാസം, ആരോഗ്യം, കിടപ്പാടം, റേഷൻ സാധനങ്ങൾ തുടങ്ങിയ അടിസ്ഥാന അടിയന്തിര ആവശ്യങ്ങളിൽ വളരെ പുരോഗതി ഉണ്ടായിട്ടുണ്ട്. സാമൂഹ്യ ജീവിതത്തിൽ കേരള ജനതയുടെ ഉയർച്ച ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സാമ്പത്തിക പിന്നോക്ക അവസ്ഥയിലും, സാമൂഹ്യമായ ഉന്നമനത്തിനും കാരണം, സാർവത്രികമായ സൗജന്യമായ വിദ്യാഭ്യാസവും, പൊതുവിതരണ ശൃംഖലയും, ആരോഗ്യ പ്രവർത്തനത്തിലുണ്ടായ പുരോഗതിയുമാണ്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികൾ കൊണ്ടുണ്ടായ സാമാന്യ പുരോഗതിയുടെ ഫലമായി നേടിയ സാമൂഹ്യ പരിവർത്തനത്തിന്റെ അവസ്ഥയാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ. എന്നാൽ വിദ്യാഭ്യാസത്തിലും ആരോഗ്യ പരിപാലനത്തിലും ഉണ്ടായ നേട്ടങ്ങൾ സാമ്പത്തിക മേഖലകളിൽ ഉണ്ടായിട്ടില്ല. ആളോഹരി വരുമാനത്തിൽ നമ്മുടെ സംസ്ഥാനം ദേശീയ വരുമാനത്തേക്കാൾ വളരെ പിന്നിലാണ്. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിലുണ്ടായ പാളിച്ചകളും, മാറി മാറി വരുന്ന കേന്ദ്ര സർക്കാരുകളുടെ നയവുമാണ് അടിസ്ഥാന കാരണം. പ്രാദേശിക സന്തുലിതാവസ്ഥ ഇല്ലാതാകുകയും ജനകീയ ആവശ്യങ്ങൾ നിറവേറ്റപ്പെടാതാകുകയും ചെയ്തു. ഇതിന്റെ കാരണമെന്തെന്ന് വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ജനപങ്കാളിത്തത്തിന്റെ കുറവാണെന്നുള്ള നിഗമനത്തിനാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി രൂപം നൽകിയത്. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം വികസന പദ്ധതികൾ കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലത്തിലും തീരുമാനങ്ങൾ എടുത്തു വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയായിരുന്നുവല്ലോ. ഈ കേന്ദ്രീകൃത തീരുമാനങ്ങൾ കൊണ്ട് ഓരോ പ്രദേശത്തേയും മുൻഗണന ക്രമത്തിൽപ്പെടുത്തിയിരുന്നില്ല. ജനകീയ ആവശ്യങ്ങൾക്ക് പദ്ധതികളുടെ ആസൂത്രണത്തിലോ, നടത്തിപ്പിലോ, ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അന്യമായി. ഇതിനുള്ള ഏക പരിഹാരമാർഗ്ഗം ആസൂത്രണനം, ജനപങ്കാളിത്തത്തോടുകൂടി വികേന്ദ്രീകരിച്ച് നടപ്പാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമസഭയുടെ ജനകീയ ആസൂത്രണ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. 9-ാം പദ്ധതിയുടെ 30-40% തുക താഴെ തട്ടുകളിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്ക് നീക്കി വയ്ക്കണമെന്നാണ് പ്ലാനിംഗ് ബോർഡിന്റെ കാഴ്ചപ്പാട്. അങ്ങനെ 9-ാം ഉദ്ധതി ജനകീയ പദ്ധതിയായി കേരളാ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഇന്ന് ലഭിച്ചിരിക്കുന്ന കൂടുതൽ അധികാരങ്ങളും പദ്ധതി വിഹിതമായ ലഭിക്കുന്ന 30-40% തുകയും കൂടി ലഭ്യമാകുമ്പോൾ പ്രാദേശികമായ ആവശ്യങ്ങൾ ജനതാത്പര്യമനുസരിച്ച് കാലതാമസമെന്യേ നടപ്പിലാക്കുവാൻ കഴിയുന്നു. ഇതിന് പുറമേ സംസ്ഥാനത്തിന്റെ വിഹിതമായ 60%-ൽ നിന്നും കേന്ദ്രത്തിന്റെ പദ്ധതിയിൽ പ്രത്യേകമായുള്ള തുകയിൽ വൻകിട പദ്ധതിയിൽ നമുക്ക് ഒരു വിഹിതം കൂടി ലഭ്യമാണ്. നാടിന്റെ വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികമായ പരിഹാരം കാണുന്നതിനും നമ്മുടെ പ്രാഥമികവും അത്യാവശ്യവുമായ പദ്ധതികൾ കാലതാമസമെന്യേ നിറവേറ്റപ്പെടുന്നതിനും സാധിക്കുന്നു. വികസന പ്രക്രിയയിൽ ഒരു പുത്തൻ ചരിത്രം കുറിച്ചിരിക്കുകയാണ്. 9-ാം പദ്ധതി ജനകീയ പദ്ധതിയായി വിജയിക്കട്ടെ. മറ്റ് സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിലും കേരളം ഒരു മാതൃകയാകട്ടെ.

പെരുവന്താനം, മൊട്ടക്കുന്നുകളാലും ചെങ്കുത്തായ മലഞ്ചെരിവുകളാലും ചുറ്റപ്പെട്ട ഇടുക്കി ജില്ലയുടെയും ഹൈറേഞ്ചിന്റേയും കവാടമായ ഒരു കൊച്ചു ഗ്രാമമാണ്. ഈ ഗ്രാമത്തിലെ നിഷ്ക്കളങ്കരും അദ്ധ്വാനശീലരുമായ ഗ്രാമവാസികളുടെ ആവശ്യങ്ങളും, അത്യാവശ്യങ്ങളും, വികസനമോഹങ്ങളും, പരാതികളും, പരിഭവങ്ങളും, പരിഹാരങ്ങളുമാണ് ഈ വികസന റിപ്പോർട്ടിന്റെ ആത്മാവ്. ഈ മഹത് കർമ്മത്തിൽ ഈ പഞ്ചായത്തിലെ 9 വാർഡുകളിലെ ജനങ്ങളും പ്രത്യക്ഷമായിത്തന്നെ ബന്ധപ്പെട്ടിരിക്കുന്നു.

ഈ റിപ്പോർട്ടിലൂടെ കടന്നുപോകുമ്പോൾ നമുക്കനുഭവപ്പെടുന്ന ഒരു കാര്യം. പാരമ്പര്യാസൂത്രണ പ്രക്രിയകളിൽ നിന്നും വ്യത്യസ്ഥമായി താഴെത്തട്ടിൽ

നിന്നുള്ള ആസൂത്രണം ജനങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നുവെന്നാണ്.

ഞങ്ങൾ അധികാരത്തിലേറുമ്പോൾ നിങ്ങൾ ഞങ്ങളിൽ അർപ്പിച്ച കുറെ വികസനസ്വപ്നങ്ങൾ യാഥാർത്ഥ്യമായി തീരുമെന്ന ശുഭാപ്തി വിശ്വാസം ഞങ്ങളിൽ ആശയും ആവേശവും വളർത്തിയിരിക്കുന്നു. ഇന്നാട്ടുകാർ നെടുനാൾ ആശിച്ച രീതിയിൽ തന്നെ അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും അവർ തീരുമാനിയ്ക്കുന്ന പദ്ധതിയിലൂടെ അവരുടെ മേൽനോട്ടത്തിൽ അവർകൂടി പങ്കാളികളായി പരിഹരിക്കപ്പെടുന്നു എന്നത് അങ്ങേയറ്റം സ്വാഗതാർഹമായ ഒരു കാര്യമാണ്.

നാടിന്റേയും അതുവഴി ജനതയുടെയും ക്ഷേമം ലാക്കാക്കി നാളുതുവരെ പിന്തുടർന്ന് വന്ന പദ്ധതി ആവിഷ്കാരപരിപാടികൾ തീർത്തും കേന്ദ്രീകൃതമായിരുന്നു. അതുകൊണ്ടുതന്നെ ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും വേണ്ടവിധത്തിൽ ഉപയോഗപ്രദമാകാതെ കോടിക്കണക്കിന് നികുതിപ്പണം പാഴായി പോയി എന്ന് തന്നെ വേണമെങ്കിൽ പറയാം. അതിൽ നിന്നെല്ലാം വ്യത്യസ്ഥമായി 9-ാം പദ്ധതി ആവിഷ്ക്കാരത്തിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി തികച്ചും കാലോചിതമായിത്തീർന്നിരിക്കുകയാണ്. ഈ പദ്ധതിയുടെ വിജയത്തിന് കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും അണിനിരക്കേണ്ടത് നാടിന്റെ ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിലും അങ്ങനെ സംഭവിക്കുമെന്ന് ആശിക്കാം.


നിർഭാഗ്യമെന്ന് പറയട്ടെ, നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ കുറെ നാളുകളായി വികസന പ്രവർത്തനങ്ങൾ വ്യക്തി താല്പര്യത്തിലും, കക്ഷിരാഷ്ട്രീയത്തിലുംപെട്ട് നിർജ്ജീവാവസ്ഥയിൽ ആണ്. 9-ാം പദ്ധതി ആസൂത്രണത്തിലൂടെ ഈ ദുരവസ്ഥ മാറുമെന്നാശാക്കാം.

പെരുവന്താനം പഞ്ചായത്തിൽ ആസൂത്രണ പ്രക്രയിക്ക് 1996 സെപ്തംബർ മാസ് 28-ാം തീയതി മുതൽ ഒക്ടോബർ മാസം 2-ാം തീയതി വരെ നടന്ന വിശേഷാൽ ഗ്രാമസഭകളിലൂടെ തുടക്കം കുറിച്ചു. ഈ ഗ്രാമസഭകളിൽ ഉണ്ടായ ഈ പങ്കാളിത്തം പ്രതീക്ഷ യ്ക്ക് വകനൽകുന്നു. ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്ന വികസനാവശ്യങ്ങൾ മുഴുവൻ പൂർത്തിയാക്കണമെങ്കിൽ കോടിക്കണക്കിന് രൂപാ ആവശ്യമാണെന്ന് നമുക്കറിയാം. എങ്കിലും 1996 നവംബർ മാസം ഒന്നാം തീയതി എല്ലാ വാർഡുകളിലുമായി തുടക്കം കുറിച്ച വികസന പദ്ധതികളും അവയുടെ ജനപങ്കാളിത്വവും നമുക്ക് ആശയും ആവേശവും നൽകുന്നു.

ഈ പഞ്ചായത്തിൽ 7 DRP മാരും 97 LRP മാരും പ്രവർത്തിക്കുന്നു.

കഴിഞ്ഞ ഒരാഴ്ചത്തെ നമ്മുടെ ശ്രമഫലമായി ഗ്രാമസഭാ ശുപാർശകൾക്ക് ഊടും പാവും നൽകുവാൻ കഴിഞ്ഞു. ഈ റിപ്പോർട്ടിൽ ഗ്രാമസഭാ നിർദ്ദേശങ്ങൾ, പരിഹാരങ്ങൾ, എന്നിവ പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പുതിയൊരു വികസന സംസ്കാരം നമ്മുടെ നാട്ടിൽ വളരുവാൻ ഈ റിപ്പോർട്ട് പ്രേരകമാകും എന്ന വിശ്വാസത്തോടെ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

പെരുവന്താനം പഞ്ചായത്ത്
ഒരു തിരിഞ്ഞുനോട്ടം



പെരുവന്താനം പഞ്ചായത്ത് ഒരു തിരിഞ്ഞുനോട്ടം

'പീരുവന്തതാനം' എന്ന തമിഴ് വാക്കിൽ നിന്നു മാണ് പെരുവന്താനം എന്ന സ്ഥലനാമം ഉണ്ടായത് എന്നാണ് ഐതീഹ്യം.

'പീരുബാവാ' എന്ന സിദ്ധ ഫക്കീറിന്റെ പേരി നോടാണ് ഈ സ്ഥലനാമം ബന്ധപ്പെപ്പെട്ടിരിക്കുന്നത്.

1953-ൽ പെരുവന്താനം പഞ്ചായത്ത് നിലവിൽ വന്നു. പ്രഥമ പഞ്ചായത്ത് പ്രസിഡണ്ടായി ശ്രീ.പി.വി. ദേവസ്യാ പള്ളിക്കുന്നേലിനെ നോമിനേറ്റ് ചെയ്തു. 7 മെമ്പറന്മാർ ഉള്ള കമ്മറ്റിയായിരുന്നു അന്ന് നില വിൽ ഉണ്ടായിരുന്നത്. ആദ്യത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടം ഇന്ന് സർവ്വീസ് ബാങ്ക് സ്ഥിതി ചെയ്യുന്ന ശ്രീ.എ.ഡി. ഫിലിപ്പ് അയലക്കുന്നേൽ എന്ന യാളിന്റെ കെട്ടിടത്തിലായിരുന്നു. വീണ്ടും പഞ്ചായത്ത് ഓഫീസ് കണിയാംമ്പറമ്പിൽ ശ്രീ.മാത്തുണ്ണി ജോസ ഫിന്റെ കെട്ടിടത്തിലേക്ക് മാറ്റി. 1968 വരെ ഓഫീസ് അവിടെ പ്രവർത്തിച്ചു. 1968-ലാണ് പഞ്ചായത്തിന് സ്ഥിരമായി കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചത്.

രണ്ടാമത്തെ പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നത് 1963-ലാണ്. അന്ന് മുതൽ 1980 വരെയുള്ള കാലഘട്ടം ശ്രീ.ഖാൻ സി.പി. മഠത്തിൽ പ്രസിഡണ്ടാ യിരുന്നു. കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ തെരെഞ്ഞെടുപ്പ് മാറ്റി വച്ചതിനാൽ നീണ്ട 17 വർഷം ഒരേ കമ്മറ്റി നിലനിർത്തേണ്ടതായി വന്നു.

1980-ൽ അന്നത്തേ ഗവൺമെന്റ് തെരെഞ്ഞെ ടുപ്പ് നടത്തുവാൻ തീരുമാനിക്കുകയും ശ്രീ.വി.എം.മാത്യു വടക്കേൽ പ്രസിഡണ്ടായുള്ള കമ്മറ്റി നിലവിൽ വരി കയും ചെയ്തു. 1985-ൽ പ്രസ്തുത കമ്മറ്റിയുടെ കാലാവധി അവസാനിക്കുകയും അന്നത്തേ ഗവ. ഭരണം സ്പെഷ്യൽ ഓഫിസറെ ഏൽപ്പിക്കുകയും ചെയ്തു.

പിന്നീട് നടന്ന തെരെഞ്ഞെടുപ്പിൽ ശ്രീ.ഖാൻ സിപി മഠത്തിൽ പ്രസിഡണ്ടായി തെരെഞ്ഞെടുക്ക പ്പെട്ടു. രണ്ട് വർഷത്തിന് ശേഷം ശ്രീ.പി.ഈ.വർക്കി പള്ളിക്കുന്നേലിനെ പ്രസിഡണ്ടായി തെരെഞ്ഞെടുക്കു കയും പ്രസ്തുത കമ്മറ്റി 1995 വരെ തുടരുകയും ചെയ്തു. 1995 സെപ്റ്റംബറിൽ നടന്ന തെരഞ്ഞെ ടുപ്പിൽ ഇന്നത്തേ കമ്മറ്റി നിലവിൽ വരികയും ശ്രീ.കെ.വാസുദേവൻ പ്രസിഡണ്ടായി തെരെഞ്ഞെടുക്ക പ്പെടുകയും ചെയ്തു.

ഇടുക്കി ജില്ലയുടെ കവാടമായി ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. 57.36 ചതുരശ്രകി ലോമിറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ മുണ്ടക്കയം മുറിഞ്ഞപുഴ വരെയുള്ള 15 കിലോമീറ്റർ ദൂരത്തിൽ കെ.കെ റോഡ് കടന്നുപോകുന്നു. ചെറുകിട കാർഷികമേഖലകളും കുന്നുകളും പാറകളും മലംചെരിവുകളും വൻകിട എസ്റ്റേറ്റുകളും ഉൾപ്പെട്ട ഈ പ്രദേശത്ത് 17576 ജനങ്ങൾ തിങ്ങിപാർക്കുന്നു. ഹിന്ദുക്കളും മുസ്ളീംങ്ങളും ക്രിസ്ത്യാനികളും ഇടകലർന്ന് ജീവിക്കുന്ന ഈ പ്രദേശം മതമൈത്രി യുടെ മകുടോദാഹരണമായി നിലനിൽക്കുന്നു.

രാജഭരണകാലത്ത് ഉണ്ടായിരുന്ന അഞ്ചൽ ഓഫീസ് 1948-ൽ പോസ്റ്റാഫിസ് ആയി ഉയർത്തപ്പെട്ടു.

ആ കാലഘട്ടം മുതൽ പെരുവന്താനം ജംഗ്ഷൻ അഞ്ചൽ കുറ്റി എന്ന പേരിലും അറിയപ്പെട്ടിരുന്നു. ഏകദേശം നൂറ്റിഅൻപത് വർഷത്തിന് മേൽ പ്രായമായ "പൊണ്ണൻമാവ്" നിത്യഹരിതഹരമായി നാടിന്റെ തിലകക്കുറിയായി നിലകൊള്ളുന്നു.

കെ.കെ.റോഡ് വഴിയുള്ള ആദ്യകാല ബസ് സർവ്വീസ് പി.എസ്.എസ്. മോട്ടോർ സർവ്വിസ് മാത്രമായിരുന്നു. എന്നാൽ ഇന്ന് കേരളത്തിന്റെ നാനാ ഭാഗത്തേക്കും ധാരളം ബസ്സുകൾ ഈ ഭാഗത്തു കൂടി സർവ്വീസ് നടത്തുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ഒന്നും രണ്ടും മൂന്നും വാർഡുകൾക്ക് മാത്രമെ ഈ റോഡുകൾകൊണ്ട് കൂടുതൽ പ്രയോ ജനം ലഭിക്കുന്നുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങൾ

പെരുവന്താനം പഞ്ചായത്ത് ഓഫീസ്

വില്ലേജ് ഓഫീസ്

പോസ്റ്റാഫീസ്

ഗവ.ആശുപത്രി

ഗവ.ആയുർവ്വേദ ആശുപത്രി

ഗവ.ഹോമിയോപതി ഡിസ്പൻസറി, കണയങ്കവയൽ & മൂഴിക്കൽ

ഗവ. H.S. 1

ഗവ. U.P.S. 2

ഗവ. L.P.S. 2

കൃഷിഭവൻ

വി.ഈ.ഓ. ആഫീസ്

പോലീസ് സ്റ്റേഷൻ

മൃഗാശുപത്രി

എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ


രണ്ട് ഹൈസ്കൂൾ, നാല് എൽ.പി. സ്കൂൾ, മെഡിക്കൽ മിഷ്യൻ ആശുപത്രി, ഹോമിയോ ആശുപത്രി, TR&T കമ്പനി ആശുപത്രി, കൂടാതെ നാല് ക്ലിനിക്കുകളും ഇവിടെ പ്രവർത്തിക്കുന്നു.

ബാങ്കിംഗ്

രണ്ട് ദേശവൽകൃത ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും പെരുവന്താനം സർ വ്വീസ് സഹകരണ ബാങ്കും ഇതിന്റെ ഒരു ബ്രാഞ്ചും ഇവിടെ പ്രവർത്തിക്കുന്നു.

കൂടാതെ വിവിധ വാർഡുകളിൽ കുടുംബക്ഷേമ കേന്ദ്രങ്ങളും കൃത്രിമ ബീജസങ്കലന ഉപകേന്ദ്രങ്ങളും ഇരുപത്തിരണ്ട് അംഗൻവാടികളും എട്ട് നേഴ്സറികളും ക്ലബ്ബുകൾ, വായനശാലകൾ, മഹിളാ സമാജങ്ങൾ, പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടേയും മല്നാട് ഡെവലപ്മെന്റ് സൊസൈറ്റിയുടേയും നെഴ്സറികളും മിൽക്ക് സൊസൈറ്റികളും, വികസനസമതികളും ഒക്കെ ഈ പഞ്ചായത്ത് മേഖലയിൽ പ്രവർ ത്തിക്കുന്നു.

പെരുവന്താനം ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ



പ്രകൃതിയുടെ മടിത്തട്ടിൽ ഒരുഗ്രാമം


പെരുവന്താനം ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്	-	പെരുവന്താനം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	പെരുവന്താനം, മ്ലാപ്പാറ, കൊക്കയാർ (ഏതാനും ഭാഗം)
ജില്ല	-	ഇടുക്കി
താലൂക്ക്	-	പീരുമേട്
വിസ്തീർണ്ണം	-	57.36 ചതുരശ്ര കി.മീ


അതിരുകൾ

കിഴക്ക്	-	പീരുമേട് പഞ്ചായത്ത് റിസർവ്വ് ഫോറസ്റ്റ്
പടിഞ്ഞാറ്	-	മുണ്ടക്കയം പഞ്ചായത്ത്, മണിമലയാറ്
വടക്ക്	-	കൊക്കയാർ പഞ്ചായത്ത്, മണിമലയാറിന്റെ പ്രാരംഭ അരുവികൾ
തെക്ക്	-	മുണ്ടക്കയം പഞ്ചായത്ത്, അഴുതയാറ്, റിസർവ്വ് വനം
ബ്ലോക്ക് പഞ്ചായത്ത്	-	അഴുത
ജനസംഖ്യ	-	17576
പുരുഷൻ	-	8843
സ്ത്രീകൾ	-	8733
SC	-	3660
ST	-	1018
ജനസാന്ദ്രത	-	307.1
അക്ഷരാഭ്യാസമുള്ളവർ	-	91.7%
വാർഡുകൾ	-	9
പഞ്ചായത്ത് റോഡുകൾ	-	178.5 Kms
ടാർ റോഡ്	-	26 Kms
മണ്ണ് റോഡ്	-	152.5 Kms
അംഗൻവാടികൾ	-	22
ആശുപത്രികൾ	-	5
സ്കൂളുകൾ	-	10
റ്റി.വി.സെന്ററുകൾ	-	2
സാംസ്ക്കാരിക നിലയങ്ങൾ	-	1
ബാങ്കുകൾ	-	4
മൃഗാശുപത്രികൾ	-	1
പൊതുകുളങ്ങൾ	-	6

ചരിത്രം



"ഈശ്വര പൂജയ്ക്കും ഒരു മണിമണ്ഡപം"
പെരുവന്താനം ശ്രീ ധർമ്മശാസ്താ ക്ഷേത്രം



പഞ്ചപാണ്ഡവന്മാരുടെ ചരിത്രം പറയുന്ന
പാഞ്ചാലിമേടും കുളവും പരിസര പ്രദേശങ്ങളും

ചരിത്രം പെരുവന്താനം പഞ്ചായത്ത്

ഇടുക്കി ജില്ലയുടെ പ്രവേശന കവാടമാണ് പെരുവന്താനം ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുകൂടി പ്രസിദ്ധമായ കെ.കെ. റോഡ് കടന്നു പോകുന്നു. ഈ റോഡിൽക്കൂടി യാത്ര ചെയ്യുമ്പോൾ പ്രകൃതി കനിഞ്ഞരുളിയ മനോഹാരിത വിദേശികളെയും സ്വദേശികളെയും ഒരുപോലെ ആകർഷിക്കുന്നു. മലമടക്കുകളിൽ നിന്നും വെള്ളി ഉരുകി ഒഴുകുന്നത് പോലെ തോന്നിപ്പിക്കുന്ന ചെറു അരുവികൾ ഒത്തു ചേർന്ന് പ്രസിദ്ധമായ മണിമല ആറിന്റെ ഉത്ഭവവും ഈ പഞ്ചായത്തിലാണ്.

ഹൈറേഞ്ചിലെ ആദ്യ കുടിയേറ്റഗ്രാമമാണ് പെരുവന്താനം. ഈ പ്രദേശത്തെ ആദ്യ തലമുറ ഹിന്ദു മതത്തിൽ പെട്ടവരായിരുന്നു. പെരുവന്താനത്ത് 75-ഉം പാലൂർക്കാവിൽ 200-ഉം വള്ളിയാംകാവിൽ 75 മലയരയ കുടുംബങ്ങളും താമസിച്ചിരുന്നു. 300 വർഷങ്ങൾക്ക് മുമ്പ് മുസ്ലീംങ്ങളും പെരുവന്താനം മേഖലയിൽ കുടിയേറി.

ദക്ഷിണേന്ത്യയിൽ തന്നെ പ്രസിദ്ധമായ വള്ളിയാംകാവ് ദേവീക്ഷേത്രം, പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്ന പെരുവന്താനം ശാസ്താക്ഷേത്രവും ഈ പഞ്ചായത്തതിർത്തിയിലാണ്. 'വള്ളിയിൽ ആടിവന്നകാളി' എന്ന വിശ്വാസത്തിലാണ് വള്ളിയാംകാവ് എന്ന സ്ഥലനാമമുണ്ടായതെന്ന് പറയപ്പെടുന്നു. 500 വർഷങ്ങൾക്ക് മുമ്പ് മലയരയ വിഭാഗത്തിൽപെട്ടവർ പൂജനടത്തുകയും കോഴിവെട്ടും, കുരുതിയും 1964 വരെ തുടരുകയും ചെയ്തിരുന്നു. ഇപ്പോൾ തിരിവിതാംകൂർ ദേവസ്വം ബോർഡ് ഭരണത്തിലാണ്. 1200-ൽപരം വർഷങ്ങൾ പഴക്കമുണ്ടെന്ന് കരുതുന്നു. പെരുവന്താനം ക്ഷേത്രത്തിന് ചെമ്പ് മേൽക്കൂരയും ചെമ്പ് കൊടിമരവും ഉണ്ടായിരുന്നു. 500 വർഷങ്ങൾക്ക് മുൻപ് ക്ഷേത്രത്തിന് തീപിടിച്ച് നശിക്കുകയും സാംക്രമിക രോഗം പടർന്ന് പിടിയ്ക്കുയും പെരുവന്താനം, പാലൂർക്കാവ് പ്രദേശങ്ങളിൽ വളരെയധികം ജനങ്ങൾ മരിച്ചു പോകുകയും അനേകം കുടുംബങ്ങൾ ചെറുവള്ളി, ചിറക്കടവ്, നെടുംങ്കുന്നം എന്നീ പ്രദേശങ്ങളിലേക്ക് പോകുകയും ചെയ്തു. അവശേഷിച്ച അഞ്ച് കുടുംബങ്ങൾ വാഴവേലി പണിക്കർ, ബാബാ റാവുത്തർ മൂത്തേടം, വള്ളോൻപുലയൻ, മധുമത കൊല്ലൻ, മ്ലാവത്ത് ഈഴൻ എന്നീവരുടേതാണ്.

പെരുവന്താനം ജമാ അത്ത് മുസ്ലീം പള്ളിക്ക് 160 വർഷത്തിന് മേൽ പഴക്കമുണ്ട്. മുണ്ടക്കയം, പീരുമേട്, വണ്ടിപ്പെരിയാർ, കുമളി എന്നീ സ്ഥലത്തുള്ള മുസ്ലീം വിഭാഗത്തിന്റെ ഏക ആരാധാനാലയമായിരുന്നു ഇവിടുത്തെ പള്ളി. 'സഞ്ചീർഖാൻ' എന്ന മുസ്ലീം സന്യാസി 40 അനുയായികളുമായി ഇവിടെ എത്തി. മത ബോധനപ്രവർത്തനങ്ങൾക്കിടയിൽ സഞ്ചീർ ഖാൻ നിര്യാതനാകുകയും അദ്ദേഹത്തെ കബറടക്കിയ സ്ഥലമാണ് കൊടികുത്തി കബർസ്ഥാൻ.

120 വർഷങ്ങൾക്ക് മുൻപ് ക്രിസ്ത്യാനികൾ ഇവിടെ എത്തിച്ചേരുകയും, കുടിയേറ്റഭൂമിയിൽ കൃഷി നടത്തുകയും ചെയ്തിരുന്നു. 90 വർഷങ്ങൾക്ക് മുൻപ് ഇവിടെ എത്തിയ കള്ളിവയലിൽ ശ്രീ.ഏബ്രഹാം എന്ന ധനാഢ്യൻ വസ്തു വിലക്ക് വാങ്ങിയും വെച്ച് പാതിക്കുമായി 2000 ഏക്കർ ഭൂമി കൈവശമാക്കി. തുടർന്ന് മീനച്ചൽ പ്രദേശത്ത് നിന്നും വളരെയധികം ക്രിസ്ത്യാനികൾ ഈ നാട്ടിലെത്തി ഇവരുടെ വരവോടുകൂടി കാർഷികരംഗത്ത് പുരോഗതി കൈവരിക്കുകയുണ്ടായി.

1992-ൽ കുമളി പഞ്ചായത്തിൽ നിന്നും മാറ്റി ഈ പഞ്ചായത്തിലെ ഒന്നാം വാർഡിനോട് ചേർത്ത് പ്രദേശമാണ് മൂഴിക്കൽ മലയരയ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻതൂക്കമുള്ള പ്രദേശമാണിത്. മൂഴിക്കൽ വനത്തിൽ ഏറണയ്ക്കാപ്പള്ളി എന്ന ക്ഷേത്രം അനേക വർഷത്തിന്റെ പഴക്കത്തോടെ കാണപ്പെട്ടു. ഇവിടെ കല്ലിൽ തീർത്ത വിഗ്രഹങ്ങളും 2 ഏക്കർ വിസ്തൃതമായ ഒരു കുളവുമുണ്ട് കൂടാതെ പഴയ ശവക്കല്ലറകളും ഈ പ്രദേശത്ത് കാണുവാൻ കഴിയും.

ഈ പ്രദേശത്ത് ആദ്യമായി എത്തിച്ചേർന്ന കുടുംബങ്ങൾ മൂഴിക്കൽ, കൊടിപ്പത്തുശ്ശേരി കൊടുങ്ങ എന്നിയരായിരുന്നു.

പഞ്ചപാണ്ഡവന്മാരുടെ വനവാസകാലത്ത് കുറെക്കാലം അവർ വസിച്ചിരുന്നു എന്ന ഐതീഹ്യമുള്ള "പാഞ്ചാലിമേട്" ഈ പഞ്ചായത്തിന്റെ പ്രശസ്തിയുടെ ഒരുഘടകമാണ്. പാഞ്ചാലിക്ക് കുളി

ക്കാൻ ഭീമൻ നിർമ്മിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന പാഞ്ചാലിക്കുളം എന്നും തെളിനീർ നിറഞ്ഞ് വിസ്മയമായി പുരാണകഥയുടെ പിരവേഷമണിഞ്ഞ് നില്കുന്നു. സമുദ്രനിരപ്പിൽ നുന്നും 3500 അടി ഉയ രത്തിലുള്ള പാഞ്ചാലിക്കുളം ഏത് ഉഗ്രവേനൽക്കാല ത്തിനും വെല്ലുവിളിയായി തെളിനീർ നിറഞ്ഞ് നില്ക്കുന്നു. അതുപോലെ തന്നെ ഒന്നിന് മീതെ ഒന്നായി എടുത്തു വച്ചതുപോലെയുള്ള ഭീമൻ പാറക്കല്ലുകളും അത്ഭുതം ജനിപ്പിക്കുന്ന കാഴ്ച കളാണ്. ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കുവാൻ എല്ലാ സാദ്ധ്യതകളും ഒത്തിണങ്ങിയ ഈ പ്രദേശം അനവധി വിദൂരഭാവിയിൽ കൂടുതൽ ജനശ്രദ്ധ ആകർഷിക്കുക തന്നെ ചെയ്യും.

ഇന്നത്തെ കണയങ്കവയൽ, കൊയിനാട്, പുറക്കയം ഭാഗങ്ങൾ, വഞ്ചിപ്പുഴ മഠം വക പെരുവന്താനം ഇടവകയിൽ പൂഞ്ഞാർ തമ്പുരാട്ടി മല അരയർക്ക് ഇഷ്ടദാനം ചെയ്ത പ്രദേശമാണ്. ധാരാളം ഈന്തും ഈന്തങ്ങയും ഉണ്ടായിരുന്ന സ്ഥലമായിരുന്നു കണങ്കവയൽ. ഈന്തങ്ങ കണങ്ക എന്നും അറിയപ്പെട്ടിരുന്നു. അങ്ങനെ കണങ്കാ വിളയുന്ന സ്ഥലം കണയങ്കവയൽ ആയും കൊയിനാചെടി നട്ട് വളർത്തിയിരുന്ന ഭാഗം കൊയിനാട് എന്നുമാണ് നാട്ട് പുരാണം പറയുന്നത്.

രാജഭരണം അവസാനിക്കുകയും ജനാധിപത്യം സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ ഭക്ഷ്യവിളകൾക്ക് ഊന്നൽ നല്കി സർക്കാർ ഒത്താശയോടെ കിഴക്കൻ മേഖലയിലേക്ക് കർഷകർ കൂട്ടം കൂട്ടമായി കുടിയേറി പാർക്കുന്ന കാലഘട്ടത്തിന് മുമ്പ് തന്നെ പാലാ, കാഞ്ഞിരപ്പള്ളി പ്രദേശത്തുനിന്നും കർഷകർ കടന്നു വന്നിരുന്നു. 107-ാം വയസിൽ 1988 ജൂൺ മാസത്തിൽ നിര്യാതനായ, കല്ലൂപ്പറമ്പിൽ കുഞ്ഞപ്പൻ ചേട്ടനായിരുന്നു ആദ്യകാല കുടിയേറ്റ കർഷകൻ.

ആദിവാസി വിഭാഗത്തിൽപെട്ട കോയിക്കന്മാർ, മല അരയന്മാർ തുടങ്ങിയവർ തിങ്ങിപ്പാർത്തിരുന്ന പ്രദേശമാണ് കൊങ്ങാട്. ഇപ്പോഴും മല അരയ വിഭാഗത്തിന്റെ ആരാധനാ കേന്ദ്രങ്ങളാണ് മുണ്ടയ്ക്കാട്ട് ഭഗവതി, കൊങ്ങാട് ഭഗവതി, ചെറുവള്ളി ഭഗവതി ക്ഷേത്രങ്ങൾ. ഏതാണ്ട് 186 വർഷങ്ങൾക്ക് മുൻപ് കെ.കെ.റോഡ് നിർമ്മാണത്തിൽ കടുത്ത, കറമ്പൻ, ഇട്ടി എന്നിവർ പൊതുപ്പണി ചെയ്തിരുന്നതായി ഇന്നത്തെ തലമുറയിലെ കാരണവന്മാർ പറയുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ റബ്ബർ എസ്റ്റേറ്റ്, പഞ്ചായത്തിന്റെ പ്രവേശനകവാടത്തിൽ സ്ഥിതി ചെയ്യുന്നു. 1944 വരെ ട്രാവൻകൂർ കമ്പനി ആയിരുന്നത് ട്രാവൻകൂർ റബ്ബർ ആന്റ് റ്റീ കമ്പനിയായി രജിസ്റ്റർ ചെയ്തു. 1963 വരെ തോട്ടം മാനേജ്മെന്റ് യൂറോപ്യൻ കമ്പനിയായിരുന്നു. ഈ എസ്റ്റേറ്റിന്റെ ആകെ വിസ്തീർണ്ണം 6185 ഏക്കർ ആണ്. പെരുവന്താനം പഞ്ചായത്തിൽ 5738 ഏക്കറും മുണ്ടക്കയം പഞ്ചായത്തിൽ 448 ഏക്കറുമാണ്. തേയിലയും റബ്ബറും കൃഷി ചെയ്തിരുന്നു എങ്കിലും തേയിലകൃഷി ആദായകരമല്ലാതെ വന്നതിനെ തുടർന്ന് ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുൻപ് തന്നെ തേയിലകൃഷി ഉപേക്ഷിച്ചു. 2048 സ്ഥിരം തൊഴിലാളികൾക്ക് പ്രത്യക്ഷമായും 2213 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

പഞ്ചായത്തിന്റെ പ്രവേശന കവാടമായ 35-ാം മൈല് മുതൽ പീരുമേട് വരെ സാധനങ്ങൾ കടത്താനായി ഒരു റോപ്പ് വേ യൂറോപ്യന്മാർ നിർമ്മിച്ച് കുറെക്കാലം ഉപയോഗിച്ചിരുന്നു. ഇതിൽ നിന്നും 35-ാം മൈൽ ഉൾപ്പെടുന്ന വാർഡിന്റെ പേര് ഇന്നും റോപ്പ് വേ എന്നാണ്.

ക്ഷേത്രം, മോസ്ക്, പള്ളി എന്നീ ആരാധനാലയങ്ങൾക്ക് കമ്പനി ഭൂമി നല്കിയിരുന്നു. അപ്രകാരം സ്ഥാപിക്കപ്പെട്ടവയാണ് താഴെപ്പറയുന്നവ.

1. ചെന്നപ്പാറമുകൾ ദേവീക്ഷേത്രം
2. കുപ്പക്കയം ദേവീക്ഷേത്രം
3. കുപ്പക്കയം പെന്തക്കോസ്ത് പള്ളി
4. കുപ്പക്കയം മോസ്ക്
5. ചെന്നാപ്പാറമുകൾ മോസ്ക്
6. കുപ്പക്കയം ശിവക്ഷേത്രം
7. ചെന്നാപ്പാറമുകൾ പെന്തക്കോസ്ത് പള്ളി
8. മതമ്പ ലത്തീൻ പള്ളി

പെരുവന്താനം പഞ്ചായത്തിന് കമ്പനി മാർക്ക

റ്റ് നടത്തുന്നതിന് 72 സെന്റ് സ്ഥലവും നല്കിയിട്ടുണ്ട്. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സ്ഥാപിക്കാൻ 12 ഏക്കർ സ്ഥലം മാനേജരായിരുന്ന ശ്രീ.കെ.എൽ.കെർഷോ നല്കിയിരുന്ന കാര്യ എടുത്ത് പറയേണ്ടതാണ്.

1947-48 കാലഘട്ടത്തിൽ തിരുകൊച്ചി തോട്ടം തഴിലാളി യൂണിയൻ എന്ന പേരിൽ ശ്രീ.കെ.വി.മാത്യൂ പൊട്ടൻകുളം, മുണ്ടക്കയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച തൊഴിലാളി സംഘടന മേലോരം, എസ്റ്റേറ്റ് മലയാളം പ്ലാന്റേഷൻസ് TR&T എന്നീ തൊഴിലാളി മേഖലയിൽ ചലനം സൃഷ്ടിച്ചു. ഇക്കാലത്ത് തന്നെ ഈ പ്രദേശത്തുള്ള കുടിയേറ്റ കർഷകർ സ്വയം സംഘടിതരായി ജന്മിത്വത്തിനെതിരെ പലപ്പോഴും ശബ്ദം ഉയർത്തിയിരുന്നു. ഈ കാല ഘട്ടത്തിൽ തോട്ടം തൊഴിലാളികൾക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങളും മനുഷ്യാവകാശങ്ങളും നിഷേധിച്ചിരുന്നു. പ്രതികൂല സാഹചര്യങ്ങളേയും ഭീഷണികളേയും അവഗണിച്ചുകൊണ്ട് ശ്രീമാൻ പി.കെ.ശ്രീധരൻ, ശ്രീമതി. റോസ്സമ്മ പുന്നൂസ്, ശ്രീ.ബി. കെ.നായർ എന്നിവർ തൊഴിലാളികളെ സംഘടിപ്പി ക്കുന്നതിനും തൊഴിലാളി വർഗ്ഗ താല്പര്യങ്ങൾ സംര ക്ഷിക്കുന്നതിനും ശക്തമായ നേതൃത്വം നൽകി. ബഹു മാന്യരായ ഈ നേതാക്കളുടെ ത്യാഗോജ്വലമായ സേവ നത്തെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

കോഫി ബോർഡ് മെമ്പറായി പ്രവർത്തിച്ച ശ്രീ.ചാക്കോ എ.കള്ളിവയലിൽ, റബ്ബർ ബോർഡ് വൈ സ് ചെയർമാനായിരുന്ന ശ്രീ.മൈക്കിൾ കള്ളിവയലിൽ, ഇലക്ട്രിക്കൽ ചീഫ് എൻജിനീയർ ശ്രീ.പി.വി.വർക്കി, അമേരിക്കൻ മെഡിക്കൽ രംഗത്ത് വൻ സംരംഭങ്ങൾ നടത്തുകയും ഈ ഭാഗത്ത് പല നല്ല കാര്യങ്ങൾക്കും സംഭാവനകൾ നല്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ശ്രീ.ജോൺ കോഴിമല തുടങ്ങി ഈ ഗ്രാമത്തിന്റെ അഭിമാനങ്ങളായ മഹത്വ്യക്തികളെ ഇത്തരുണത്തിൽ അനുസ്മരിച്ചുകൊള്ളുന്നു.

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി



"ഹൈറേഞ്ചിന്റെ തിലകക്കുറി"
പാഞ്ചാലികുളവും പരിസരപ്രദേശങ്ങളും

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

ഭൂപ്രകൃതി

പ്രഖ്യാപിത പിന്നോക്ക ജില്ലയായ ഇടുക്കിയുടെ തെക്ക്പടിഞ്ഞാറ് ഭാഗത്ത് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. മുൻപ് കോട്ടയം ജില്ലയുടെ ഭാഗമായിരുന്നു. കുമളി പഞ്ചായത്തിൽ നിന്നും മൂഴിക്കൽ പ്രദേശവും ഇതിൽ ഉൾപ്പെടുന്നു.

പഞ്ചായത്തിന്റെ അതിർത്തികൾ ഇപ്രകാരം വേർതിരിച്ചിരിക്കുന്നു.

കിഴക്ക്	പീരുമേട് പഞ്ചായത്ത് റിസർവ് ഫോറസ്റ്റ്
പടിഞ്ഞാറ്	മുണ്ടക്കയം പഞ്ചായത്ത്, മണിമലയാറ്
തെക്ക്	മുണ്ടക്കയം പഞ്ചായത്ത്, അഴുതയാറ് റിസർവ്വ് വനം
വടക്ക്	കൊക്കയാർ പഞ്ചായത്ത്, മണിമലയാറിന്റെ പ്രാരംഭ അരുവികൾ

വാർഡുകൾ	ഉൾപ്പെടുന്ന പ്രദേശങ്ങൾ
1.	കുറ്റിക്കയം, തടിത്തോട്, തെള്ളിത്തോട്, മുക്കുഴി, നമ്പുപാറ, മൂഴിക്കൽ, 35-ാം മൈൽ നിർമ്മലഗിരി താന്നിവേലിക്കുഴി, മണിക്കൽ മെഡിക്കൽ ട്രസ്റ്റ് ആശുപത്രി പ്രദേശം
2.	ചെങ്കല്ലുകാവ്, മുച്ചാംകുഴി, കൊടികുത്തി, പെരുവന്താനം, കരണിക്കാട്, അമ്പലം ഭാഗം, നിർമ്മലഗിരി മുകൾ, താവളംഭാഗം, തുമരുമുടി.
3.	ചുഴുപ്പ്, ആനചാരി, കൊക്ക, കൊങ്ങോട്, മുറിഞ്ഞപുഴ, കടുവാപ്പാറ, പുല്ലുപാറ, അമലഗിരി, 40-ാം മൈൽ, അമലഗിരി മുകൾ, നല്ലതണ്ണി, പാലക്കുഴി, നെടിയോരം, കരണിക്കാട്, മരുതി.
4.	പാലൂർവാലി കോളനി, പാലൂർക്കാവ് സെന്റർ, വാകമല, കാരിവര, തെക്കേമല പൈങ്കുഴി.
5.	തെക്കേമല, മുള്ളൂർക്കാനം, കാനംമല, മാടംതറ, പാലക്കുഴി, വല്ല്യേരി, കപ്പാലുവേങ്ങ, ഇല്ലിക്കാനം, വാകമല.
6.	കണയങ്കവയൽ, കൊയിനാട്, പുതുശേരിക്കുഴി, പുറക്കയം, കോട്ടൂർ, വളഞ്ചാൽ, ചെറുവള്ളിക്കുളം, കപ്പലുവേങ്ങ, പാഞ്ചാലിമേട്, കൂട്ടമാവ്, കമുകിൻ തോട്ടം, മുറിഞ്ഞപുഴ, പന്നിയത്തിപാറ
7.	മതമ്പാ, വെള്ളാനി, അന്നാസ്, കൊമ്പൻപാറ കോളനി, വിക്ടറി, വടശ്ശേരി.
8.	കുപ്പക്കയം, ചെന്നാപ്പാറ മുകൾ കൊമ്പൻപാറ, വള്ളിയാംങ്കാവ്, മാട്ടുപെട്ടി.
9.	കടമാൻകുളം, EDK, MDK, മഞ്ഞക്കല്ല്, ആനക്കുളം.

ഭൂപ്രകൃതി അനുസരിച്ച് ഇപ്രകാരം തരം തിരിക്കാം

1. ഉയർന്ന കുന്നുകളും മലകളും
2. കിഴിക്കാം തൂക്കായ ചരിവുകൾ
3. ഉയരത്തിലുള്ള പരന്ന പ്രദേശങ്ങൾ
4. സമതലം
5. താഴ്വര
6. ചെറുതോടുകൾ, അരുവികൾ

ഭൂപ്രകൃതി നമ്പർ ക്രമത്തിൽ	വാർഡ് തലത്തിൽ തിരിവ്									വിസ്തൃതി %
	1	2	3	4	5	6	7	8	9	
1			✓	✓	✓	✓				
2			✓	✓	✓	✓				
3						✓		✓		
4	✓						✓	✓	✓	
5				✓			✓			
6			✓	✓		✓	✓	✓	✓	

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 200 മീറ്ററിനും, 1000 മീറ്ററിനും ഇടയിലാണ്. ഏറ്റവും ഉയരം കൂടിയ ഭാഗം പാഞ്ചാലിമേടും ഏറ്റവും ഉയരം കുറഞ്ഞ ഭാഗം 35-ാം മൈലും ആകുന്നു.

മണ്ണിന്റെ സ്വഭാവം പരിഗണിക്കുമ്പോൾ, മണൽ ചേർന്ന ചെമ്മണ്ണ്, ചരൽ ചേർന്ന മണ്ണ്, പശയില്ലാത്ത ഉതിർന്ന മണ്ണ്, ഫല പുഷ്ടിയുള്ള കറുത്തതും ചുവന്നതുമായ പശയുള്ള മണ്ണ് എന്നിവ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു.

1,2,3,5,6 എന്നീ വാർഡുകളിൽ മണൽ ചേർന്ന ചെമ്മണ്ണും, 6-ാം വാർഡിന്റെ പല ഭാഗങ്ങളിലും ചരൽ ചേർന്ന മണ്ണും 1,3,5,6 എന്നീ വാർഡുകളുടെ ഭൂരിപക്ഷം പ്രദേശങ്ങളിലും പശയില്ലാത്ത ഉതിർന്ന മണ്ണും 7,8,9 വാർഡുകൾ ഉൾപ്പെടുന്ന എസ്റ്റേറ്റു മേഖല പൂർണ്ണമായും 1-ാം വാർഡിന്റെ ഏതാനും ഭാഗങ്ങളും ഫലപുഷ്ടിയുള്ള കറുത്തതും, ചുവന്നതുമായ മണ്ണും കാണപ്പെടുന്നു.

ജനപ്രകൃതി

ലഭ്യമായ കണക്കനുസരിച്ച്, പഞ്ചായത്തിലെ ജനസംഖ്യ 17576 ആണ്. ഇതിൽ 8843 പുരുഷന്മാരും, 8733 സ്ത്രീകളും ഉൾപ്പെട്ടുന്നു. പുരുഷന്മാർ എണ്ണത്തിൽ സ്ത്രീകളെക്കാൾ 110 പേർ അധികമായുണ്ട്.

ജനസാന്ദ്രത ചതുരശ്ര കി.മീറ്ററിന് 307.1 ആണ്.

പട്ടികജാതി ജനസംഖ്യ 3660

പട്ടകവർഗ്ഗ ജനസംഖ്യ 1018

അവരിൽ മൊത്തം സ്ത്രീകൾ 2360

പുരുഷന്മാർ 2318

ആകെ ജനസംഖ്യയിൽ സാക്ഷരർ 91.7% ആണ്.

വാർഡ് തിരിച്ചുള്ള ജനസംഖ്യ ഇപ്രകാരമാണ്.

പട്ടിക നമ്പർ 1.

വാർഡ് തല ജനസംഖ്യ വിവര പട്ടിക

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടിക ജാതി കുടുംബങ്ങൾ
1	749	764	1513	84
2	1271	1243	2514	33
3	1198	1247	2445	14
4	833	805	1638	117
5	918	884	1802	14
6	1546	1491	3037	40
7	616	607	1223	45
8	819	809	1628	118
9	893	883	1776	183

സാക്ഷരതയുടെ കാര്യത്തിൽ പഞ്ചായത്ത് സാമാന്യമായി മുൻപന്തിയിൽ തന്നെയുണ്ട്

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണ്. ജനങ്ങളുടെ മുഖ്യവരുമാനമാർഗ്ഗം കാർഷിക വൃത്തിയാണ്. ഇത് ഉപജീവനത്തിന് തികയുന്നില്ലെങ്കിലും ഇതര വരുമാനോപാധികളില്ലാത്തതിനാൽ ആകപ്പാടെ കഷ്ടതയിലാണ് ഭൂരിപക്ഷവും കഴിഞ്ഞ് കൂടുന്നത്.

നാനാ ജാതി മതസ്ഥർ ഇടകലർന്ന് വസിക്കുന്ന ഈ പ്രദേശത്ത് പൊതുവേ സൗഹാർദ്ദപരമായ അന്തരീക്ഷം നിലനില്കുന്നു.

ജാതീയമായ ഉച്ചനീചത്വങ്ങൾ ഇവിടെ നിലനിന്നിരുന്നു. വിവിധ രീതിയിലുള്ള ബോധന സംരംഭങ്ങളും സാംസ്കാരിക രംഗത്തുണ്ടായ അഭിവൃദ്ധിയും മൂലം ഇന്ന് നില ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. ജനങ്ങൾ പൊതുവെ പരിശ്രമശാലികളും ഉൽക്കഷേച്ഛുക്കളും ആണ്. സംസ്കാരസമ്പന്നരും സമാധാന പ്രിയരുമായ ഒരു ജനതയാണ് ഇവിടെയുള്ളത്. അനുകൂലവും പ്രതികൂലവുമായ കാലാവസ്ഥകളോടും ഭൂപ്രകൃതിയുടെ വിത്യസ്ഥതകളോടും ഇണങ്ങിച്ചേർന്നും പൊരുത്തപ്പെട്ടും കഴിഞ്ഞ് പോകുന്നു ഇവിടുത്തെ മനുഷ്യർ.

ജലപ്രകൃതി

വർഷത്തിൽ ലഭിക്കുന്ന മഴയുടെ ശരാശരി അളവ് 419 mm ആണ്.

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും അധികം മഴ ലഭിക്കുന്നത്.

ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ ഏറ്റവും കുറവ് മഴയും ലഭിക്കുന്നു.

പഞ്ചായത്ത് പ്രദേശത്തിന്റെ വടക്കേ അതിർത്തിയിൽ, മണിമലയാറിലേക്ക് ഒഴുകിച്ചെരുന്ന ഏകയം തോടും, തെക്ക് ഭാഗത്ത് അഴുതയാറും, കിഴക്ക് വശത്ത് പന്നിയാറും, പടിഞ്ഞാറ് മണിമലയാറും അഴുതയാറും ഒഴുകി നീങ്ങുന്നു.

ഈ ജലപ്രവാഹങ്ങൾ 10 കിലോമിറ്റർ ദൂരം പഞ്ചായത്തിനെ സ്പർശിച്ച് കടന്നുപോകുനനു.

അഴുതയാറാണ് ഇതിൽ മുഖ്യമായിട്ടുള്ളത്. മഴക്കാലത്ത് മാത്രം ജലം ലഭിക്കുന്ന ചെറിയ തോടുകളും അരുവികളും 80 കിലോമീറ്റർ ദൂരം ഇവിടെയുണ്ട്.

5 കുളങ്ങളും വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 3 സംഭരണ കിണറുകളും പഞ്ചായത്ത് വക 8 കിണറുകളും ചേർന്നതാണ് പൊതു മേഖലയിലുള്ള ജല സ്രോതസുകൾ.

P.D.S.ന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുളങ്ങളും ടാങ്കുകളും തീർത്തിട്ടുണ്ട്.

പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ജനുവരി മുതൽ ജൂൺ വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, വികസനം ഏറെകടന്ന് ചെല്ലേണ്ടതും എല്ലാ വിഭാഗം ജനങ്ങളും പ്രതീക്ഷയോടെ ഉറ്റുനോക്കുന്നതുമായ ഒരു വിഷയമാണ് ഇവിടുത്തെ കുടിവെള്ള ക്ഷാമം.

ആസൂത്രണത്തിലെ പാളിച്ചമൂലം, പണിതീർന്നിട്ടും ജലം ലഭിക്കാത്ത ഏതാനും ടാങ്കുകൾ സർക്കാരിന്റേയും ജലവിതരണ വകുപ്പിന്റേയും അനാസ്ഥക്ക് നേരേ വിരൽ ചൂണ്ടുന്നു.

പെരുവന്താനം ഗ്രാമ പഞ്ചായത്ത്

ആകെ വീടുകളുടെ എണ്ണം		5685
പട്ടികജാതി		495 ~~3660~~
പട്ടക വർഗ്ഗം		193 ~~1018~~
	സ്ത്രീ	പുരുഷൻ
പട്ടികജാതി	1808	1852
പട്ടികവർഗ്ഗം	552	466
	2360	2318

RAIN FALL CHART
PERUVANTHANAM PANCHAYAT

Month	year			
	1993	1994	1995	1996
January	-	5.92	8.14	1.12
February	9.68	11.40	4.15	-
March	7.85	2.58	8.02	5.88
April	17.06	26.00	23.58	34.53
May	29.99	22.52	72.36	13.65
June	99.06	73.58	49.37	106.81
July	91.32	94.34	68.21	80.82
August	49.14	56.42	69.84	62.97
September	15.70	27.53	36.10	76.54
October	68.63	54.88	50.16	58.97
November	31.00	16.65	28.68	-
December	5.29	-	-	-
Total	424.72	391.82	418.61	441.29

സംസ്കാരം



"കരിങ്കല്ലിരാ തിർത്താ കവിത"
പെരുവന്താനം ക്രിസ്തീയ ദേവാലയം

സംസ്ക്കാരം

നൂറ്റാണ്ടിന്റെ പാരമ്പര്യവും ചരിത്രവും പേറി നിൽക്കുന്ന പെരുവന്താനം എന്ന ഈ ഗ്രാമപ്രദേശം തനതായ ഒരു സാസ്കാരിക പൈതൃകത്തിന്റെ ഉടമാവകാശം ഉൾക്കൊള്ളുന്നു.

മണ്ണിൽ പൊന്നു വിളിയിക്കുവാൻ കച്ചകെട്ടി പുറപ്പെട്ട കർഷകന്റെ ആദ്ധ്വാനത്തിന്റെയും അതുൾക്കൊള്ളുന്ന കഷ്ടതകളുടെയും ദുർഘടങ്ങളുടെയും, പ്രകൃതിയോടും വന്യമൃഗങ്ങളോടുമുള്ള പോരാട്ടങ്ങളുടെയും അവ അതിജീവിച്ച ദൃഢചിത്തരും കർമ്മ നിരതരുമായ ഒരു പറ്റം ആളുകൾ ആർജ്ജിച്ച ജീവിത പശ്ചാത്തലത്തിന്റെ ഒരു ഏകദേശ രൂപമാണ് ഈ പ്രദേശത്തിന്റെ സംസാകാരം എന്ന് സമാന്യമായി പറയാം.

കാടും, കാട്ടുമൃഗങ്ങളും അടങ്ങിയ ഈ ഭൂപ്രദേശത്ത്, ജനവാസം തുടങ്ങിതയ് ഏതാണ്ട് 1200 വർഷങ്ങൾക്ക് മുൻമ്പാണ്. ക്ഷേത്രങ്ങൾ, മുസ്ലീം ദേവാലയങ്ങൾ ക്രിസ്തൃൻ പള്ളികൾ എന്നീ ആരാധനാലയങ്ങൾ ഇടകലർന്ന് നിലകൊള്ളുന്നത്, ഇവിടുത്തെ മതമൈത്രിയുടെ മകുടോദാഹരണമാണ്.

പെരുവന്താനം ശ്രീധർമ്മ ശാസ്ത ക്ഷേത്രതിന് ആയിരത്തിലധികം വർഷങ്ങളുടെ പഴക്കം ഉണ്ടെന്നും ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ പരശുരാമൻ നടത്തിയെന്നും പഴമക്കാർ വിശ്വസിക്കുന്നു.

പെരുവന്താനം ഗവണ്മെൻർ യു.പി. സ്കൂളിന് 110 വർഷത്തെ പഴക്കമാണുള്ളത് 170 വർഷം പഴക്കമുള്ള മുസ്ലീം പള്ളിയും 60 വർഷം പിന്നിട്ട കൃസ്തീയ ദേവാലയവും ഈ പ്രദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിൽ തണലേകി നിൽക്കുന്നു.

വിജ്ഞാന ദാഹികളും ഉൽക്കർഷേഛുക്കളുമായ ഒരു പറ്റം യുവാക്കളുടെ അക്ഷീണ ശ്രമഫലമായി 1947-ൽ ഇവിടെ ആരംഭിച്ച ദേശീയ വായന ശാലയാണ് ഇത്തരത്തിലുള്ള ഇവിടുത്തെ ആദ്യ സ്ഥാപനം ശ്രീ വി.കെ. സുലൈമാൻ പ്രസിഡൻറും, ശ്രീ. പി.എൻ.കൃഷ്ണൻനായർ സെക്രട്ടറിയായും കള്ളിവയലിൽ അവിരാച്ചൻ രക്ഷാധികാരിയുമായി പ്രവർത്തനം തുടങ്ങിയ വായനശാല അനേകം പ്രതിഭാശാലികൾക്ക് വിജ്ഞാനത്തിന്റെ ലോകത്തേക്കു വാതിൽ തുറന്നു കൊടുത്തിട്ടുണ്ട്.

അനുഗ്രഹീത സാഹിത്യകാരനായിരുന്ന അന്തരിച്ച ശ്രീ പെരുവന്താനം സുകുമാരൻ ഈ നാടിന്റെ സാംസ്കാരിക മേഖലയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. സുപ്രസിദ്ധ സിനിമാനടൻ തിലകൻ ഈ നാടിന്റെ അഭിമാനമാണ്. 19975-ൽ ഇടുക്കി ജില്ലാ രൂപീകരിക്കപ്പെട്ടപ്പോൾ നമ്മുടെ പഞ്ചായത്ത് ഇടുക്കി ജില്ലയിൽ ഉൾപ്പെടുകയും പിന്നോക്ക ജില്ലയുടെ അവശതകൾക്കൊപ്പം നമ്മുടെ സാംസ്കാരിക രംഗവും മന്ദീഭവിക്കുകയും ചെയ്തു.

ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ പ്രാരംഭകാലത്ത് ഹൈറേഞ്ച് മേഖലകളിൽ യൂറോപ്യൻമാർ വിപുലമായ രീതിയിൽ തേയില കൃഷി ആരംഭിച്ചതോടൊപ്പം, കോട്ടയത്തുനിന്നും കുമളിയിലേയ്ക്കു വെട്ടിയ റോട് (കെ.കെ. റോഡ്) ഈ പ്രദേശത്തുകൂടി കടന്നു പോയതു ഈ നാടിന്റെ സാംസ്കാരിക നവോദ്ധാനത്തിന് ആക്കം കൂട്ടിയ ഒരു സംഭവമാണ്. ഈ റോഡ് നിർമ്മാണത്തിന് മുൻകൈ എടുത്ത 'റാഗ്വണ്ടൂർ' എന്ന സായ്പ് നട്ട മാവിൻ തൈയ്യ് വളർന്നു വലുതായതാണ് പെരുവന്താനത്തിന്റെ ഹൃദയഭാഗത്തു പടർന്നു പന്തലിച്ചു നിൽക്കുന്ന "പൊണ്ണൻ മാവ്". ഈ മാവിനോടുള്ള വൈകാരിക ബന്ധം ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഹൃദയത്തിൽ സൂക്ഷിക്കുന്നു: മാവു വെട്ടുവാൻ ചിലർ തീരുമാനിച്ച അവസരത്തിലുണ്ടായ ജനരോഷം ഇതിന് വ്യക്തമായ തെളിവാണ്.

പഞ്ചായത്തതിർത്തിയിൽ സെൻറ് ജോസഫ് ചുഴുപ്പ്, സെൻറമേരീസ് തെക്കേമല, ഗവ: കണയങ്കവയൽ എന്നീ ഹൈസ്കൂളുകളും ഗവ.പെരുന്താനം, ഗവ.പാലൂർക്കാവ് എന്നീ യു.പി.സ്കൂളുകളും സെന്റ് മേരീസ് കണയങ്കവയൽ, സെന്റ് തോമസ് അമലഗിരി, സെന്റ് ജോസഫ് ചുഴുപ്പ്, സെൻറ്ജോർജ് ചെറുവള്ളികുളം മാട്ടുപ്പെടി തുടങ്ങിയ 5 എൽ.പി. സ്കൂളുകളും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളെല്ലാം ഇവിടുത്തെ സാംസ്കാരിക വ്യാപനത്തിന്റെ പ്രധാന കണ്ണികളാണ്. വിവിധ വർഡുകളിൽ പ്രവർത്തിക്കുന്ന വായനശാലകളും, 10 ക്ലബ്ബുകളും നമ്മുടെ സാംസ്കാരതിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്

പഞ്ചായത്തതിർത്തിക്കുളിൽ 14 ക്രിസ്തൃൻ ദേവാലയങ്ങളും 16 ഹിന്ദു ആരാധനാലയങ്ങളും 4

മുസ്ളീ പള്ളികളും 2 പെന്തക്കോസ്തു ആരാധന കേന്ദ്രവും ഒരു അറബിക്കോളേജും നിലവിലുണ്ട്.

പള്ളികളിലും അമ്പലങ്ങളിലും പെരുനാളുകളും ഉത്സവങ്ങളും നടത്തപ്പെടുന്നു. എല്ലാ വിഭാഗം ജനങ്ങളും സംബന്ധിക്കുന്നു. ഓണാഘോഷം, സ്വാതന്ത്ര്യദിനം, ക്രിസ്തുമസ് കരോൾ, നബിദിനം, ശ്രീനാരായണ ഗുരുജയന്തി തുടങ്ങിയ ആഘോഷങ്ങൾ നടത്തപ്പെടുന്നു.

കിളിത്തട്ട്, നാടൻപന്തുകളി, അമ്മൻകുടം, ചവിട്ടുകളി, അരമനമുട്ട്, കോലടികളി, ഐവർകളി തുടങ്ങിയ വിനോദപരിപാടികൾ മിക്കവാറും എല്ലാ ഭാഗത്തും നടത്തപ്പെടുന്നു.

സായം കാല വിനോദങ്ങൾക്കായി പൊതുസ്ഥാപനങ്ങളിൽ 5 ടെലിവിഷൻ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രദേശത്തെ ജനങ്ങൾ പൊതുവെ വായനയിൽ വിമുഖരാണ് പ്രത്യേകിച്ചും സ്ത്രീജനങ്ങൾ, ഈ പഞ്ചായത്തിൽ സിനിമാതീയറ്ററുകളും നാടകശാലകളും പ്രവർത്തിക്കുന്നില്ല.

സാംസ്കാരിക രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

1. വായനശീലം വളർത്തുവാനുപകരിക്കുന്ന സെമിനാറുകളും ബോധവത്ക്കരണ ക്യാമ്പുകളും നടത്തുക.

2. വായന ശാലയിൽ വനിതകൾക്ക് കൂടുതൽ അംഗത്വം നൽകുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വായനശാലകളും ഏകോപിപ്പിച്ച് ഒരു പൊതു പരിപാടിയുടെ ഭാഗമായി പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായ രീതിയിൽ നടത്തുന്നതിന് പഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി തുടങ്ങിയവർ ഉൾപ്പെടുന്ന ബഹുജനകമ്മറ്റി രൂപീകരിക്കുക.

4. വർഷം തോറും വയാനശാലകളെ പങ്കെടുപ്പിച്ച് വിവിധ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

5. ഗ്രന്ഥശാലകൾ എല്ലാ വർഡിലും തുടങ്ങുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

6. പ്രാദേശിക ചരിത്രശേഖരണത്തിന് ഉപയുക്തമായ വിവരങ്ങൾ കണ്ടെത്തുകയും സൂക്ഷിക്കുകയും ചെയ്യുക.

7. വായനശാലകളെ കേന്ദ്രീകരിച്ച് കൈയ്യെഴുത്തുമാസികകൾ തുടങ്ങാൻ ഏർപ്പാടുകൾ ചെയ്യുക.

8. സി.പി. രാമസ്വാമി അയ്യരുടെ ഭരണകാലശേഷം മാത്രമാണ് ഈ പഞ്ചായത്തിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ അരംഭിക്കുന്നത്. മിക്കവാറും എല്ലാ രാഷ്ട്രീയപാർട്ടികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് തുടങ്ങിയ പാർട്ടികൾക്കാണ് മുൻതൂക്കം. മത രാഷ്ട്രീയ വർഗ്ഗീയപരമായ യാതൊരു വിധ സംഘട്ടനങ്ങളോ സംഘർഷങ്ങളോ ഇല്ലാതെ ജനങ്ങളെല്ലാം ഏക യോഗക്ഷേമമായി ഇവിടെ കഴിഞ്ഞുകൂടുന്നു എന്നുള്ളത് നമുക്കേവർക്കും അഭിമാനകരമാണ്.

കായിക രംഗം

ഭൂപ്രകൃതിയുടെ പ്രതികൂലാവസ്ഥയുണ്ടങ്കിലും അത്യുദ്ധാനം കൊണ്ട് സ്വകാര്യ പൊതു മേഖലകളിൽ സ്റ്റേഡിയങ്ങൾ ഈ പഞ്ചായത്തിലുണ്ട് കായിക പ്രതിഭാശാലികളൊന്നും എടുത്തുപറയത്തക്കതായി ഇവിടെയില്ലയെങ്കിലും തെക്കേമല കൊല്ലകൊമ്പിൽ, കെ.ജി. വിനീത എന്ന കായിക പ്രതിഭ ഈ ഗ്രാമ പഞ്ചായത്തിന്റെ അഭിമാനമാണ്. സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥയും പ്രോത്സാഹനത്തിന്റെ കുറവും ഇവിടുത്തെ കായിക രംഗത്തിന്റെ വളർച്ചക്കുള്ള പ്രധാന തടസ്സങ്ങളായി നിൽക്കുന്നു.

സ്കൂളുകളിൽ കായികഭിരുചിയുള്ള പ്രതിഭകളെ കണ്ടെത്തുന്നതിന് സംവിധാനമുണ്ടാകണം. പഞ്ചായത്ത് മിനി സ്റ്റേഡിയങ്ങൾക്ക് ആവശ്യമായ സംരക്ഷണ ഭിത്തികളും വലകളും ഇരിപ്പിടങ്ങളും ഓപ്പൺ തീയറ്ററുകളും നിർമ്മിക്കുവാൻ എർപ്പാടു ചെയ്യുക. പെരുവന്താനത്ത് ഒരു ആഡിറ്റോറിയം നിർമ്മിക്കുക.

കാലാകായികരംഗം പരിപോഷിപ്പിക്കുവാനുതകുന്ന രീതിയിൽ വർഷം തോറും മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക. വിവിധ ആഫീസുകൾ പ്രവർത്തിക്കുന്നതിലേയ്ക്ക്

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പറമ്മാരുടെ വിവരം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	കീഴിൽ പ്രവർക്കുന്നവയുടെ വിവരം	സർക്കാർ ഗസറ്റ് ലഭിക്കുന്നുണ്ടോ	മറ്റ് അഭിപ്രായം
1.	ദേശീയവായനശാല,പെരുവന്താനം	1947	ഉണ്ട്	456	5000	265	ഗ്രന്ഥശാലാസംഘം	ഉണ്ട്	
2.	ആനചാരി പബ്ലിക് ലൈബ്രറി	1990	ഉണ്ട്				ഗ്രന്ഥശാലാസംഘം	ഉണ്ട്	കൈയെഴുത്ത് മാസികയുണ്ട്
3	നവകേരള നായനശാല പാലൂർക്കാവ്								
4.	സഹൃദയവായനശാല, കണയങ്കവയൽ	1978	ഉണ്ട്				ഗ്രന്ഥശാലാസംഘം	ഉണ്ട്	
5	പഞ്ചായത്ത് പബ്ലിക്ലൈബ്രറി തെക്കേമല	1995	ഉണ്ട്						
6	ഗാന്ധിജി വായനശാല കൊയിനാട്	1986	ഉണ്ട്						
7.	ഭവനായൂത്ത്ക്ലബ് കൊടികുത്തി								

നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമ്മാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
1.	ദേശീയവായലശാല പെരിവന്താനം	1947	456	സ്വന്തം കെട്ടിടം	ഉണ്ട്	ഗ്രന്ഥശാല സംഘം	വാർഷികവും ദേശീയാഘോഷങ്ങളും ഓണാഘോഷങ്ങളും ആഘോഷിക്കുന്നു.
2.	ബദരിയ ക്ലബ്	1992	100	ഇല്ല	ഇല്ല	നെഹ്യൂ യൂത്ത് കേന്ദ്രം	
3.	ആനചാരി പബ്ലിക്ക് ലൈബ്രറി	1990	500	സ്വന്തം കെട്ടിടം	ഉണ്ട്	ഗ്രന്ഥശാല സംഘം	സാഹിത്യരംഗത്തെ കൈയെഴുത്ത് മാസിക പ്രസിദ്ധികരിക്കുന്നു കല കായികരംഗത്ത് മൽസരങ്ങൾ സംഘടിപ്പിക്കുന്നു.
4.	മൈത്രീ സാംസ്കാരിക സമിതി അമലഗിരി						
5.	നവകേരളമായനശാല റിക്രിയേഷൻ ക്ലബ് വാഴൂർക്കാവ്						
6.	പഞ്ചായത്ത് പബ്ലിക് ലൈബ്രറി തെക്കേമല	1995		ഉണ്ട്			
7.	സൗഹൃദയ വായനശാല കണയങ്കവയൽ	1978	400	ഉണ്ട്	ഉണ്ട്	ഗ്രന്ഥശാലസംഘം	
8.	ഗാന്ധിജി വായലശാല കൊയിനാട്	1986		ഉണ്ട്			
9.	റിക്രീയേഷൻ ക്ലബ് മതമ്പ						
10	K.R.C. കുപ്പക്കയം	1962	300	ഉണ്ട്	ഉണ്ട്		ഗെയിംസ്മൽസരങ്ങൾ സംഘടിപ്പിക്കുന്നു
11.	V.A.R.C. കുപ്പക്കയം	1962	300	ഉണ്ട്			
12.	VEYMA ചെന്നാപ്പാറ	1960					
13.	ആനക്കുളം റിക്രിയേഷൻ ക്ലബ്						
14.	കുപ്പക്കയം റിക്രിയേഷൻ ക്ലബ്						
15.	സരണി ആർട്സ് ക്ലബ് പെരിവന്താനം	1990	90	ഇല്ല	ഇല്ല	നെഹ്യുവക്കേന്രം	

വിദ്യാഭ്യാസം



വിദ്യാഭ്യാസം

ഈ പഞ്ചായത്ത് പൂർണ്ണമായും മലമ്പ്രദേശങ്ങളാണ്. ഈ മലകളുടെ ചരുവുകളിലാണ് മനുഷ്യർ താമസിക്കുന്നതും കൃഷി ചെയ്യുന്നതും. ഇക്കാരണം കൊണ്ടുതന്നെ സാമൂഹ്യ സാംസ്ക്കാരിക, സാമ്പത്തിക വിദ്യാഭ്യാസമേഖലകളിൽ ഈ ഗ്രാമപഞ്ചായത്തു വളരെ പിന്നോക്കാവസ്ഥയിലായത്. ഭൂമി സാസ്ത്രപരമായ കിടപ്പും തന്മൂലമുള്ള യാത്രാക്ലേശവും നിമിത്തം വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ഇന്നും രൂക്ഷമായി നിലനില്ക്കുന്നു. ഒരു വലിയ മല കയറിയും വേറൊരു മല ഇറങ്ങിയും ശരാശരി 3 കി. മീറ്റർ ദൂരം സഞ്ചരിച്ചാണ് വിദ്യാർത്ഥികൾ നിലവിലുള്ള സ്കൂളുകളിൽ എത്തുന്നത്. കോളേജ് വിദ്യാഭ്യാസത്തിന് ശരാശരി 6 കി.മീറ്റർ ദൂരം നടന്ന് കെ.കെ. റോഡിലെത്തി ബസ്സിൽ കയറിവേണം കാഞ്ഞിരപ്പള്ളി, കുട്ടിക്കാനം എന്നീ സ്ഥലങ്ങളിലുള്ള കോളേജുകളിൽ എത്താൻ. തിരികെ ക്ലാസ്സുകഴിഞ്ഞ് വീട്ടിലെത്തുമ്പോൾ അന്തിമയങ്ങിയിരിക്കും. 19-ാം ആണ്ടിനു മുമ്പുതന്നെ ഈ പഞ്ചായത്തിൽ അക്ഷരം എഴുതാനും എണ്ണാനും വായിക്കാനും പഠിപ്പിക്കുന്ന കുടിപള്ളിക്കൂടങ്ങൾ നിലവിലുണ്ടായിരുന്നു. പെരുവന്താനം ക്ഷേത്രത്തിനു സമീപത്തായി ഒരു മലയാളം പ്രൈമറി സ്കൂൾ 1898-ൽ സ്ഥാപിതമായി. ഇതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ഇത് ഗവ. ഉടമയിലുമായിരുന്നു. 1948-ൽ പാലൂർകാവിൽ ഗവ. വക ഒരു L.P.S. ആരംഭിച്ചു. ഇതാണ് രണ്ടാമത്തെ വിദ്യാഭ്യാസ സ്ഥാപനം 1953-ൽ തെക്കേമലയിൽ ഒരു L.P.സ്കൂൾ ആരംഭിച്ചു. ഈ കാലഘട്ടത്തിൽ തന്നെ റ്റി.ആർ-ആൻറ്-ടി തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി റ്റി.ആർ ആൻറ് ടി കമ്പനിയുടെ ഒരു എൽ.പി. സ്കൂളും ആരംഭിച്ചു. ഈ സ്കൂളുകൾ ആരഭിക്കുന്നതിനു മുൻപ് മുണ്ടക്കയത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ആ കാലയളവിൽ കൂടുതൽ ആളുകളും പ്രൈമറിഘട്ടംകൊണ്ട് വിദ്യാഭ്യാസം അവസാനിപ്പിക്കുകയായിരുന്നു, പതിവ്. അപൂർവ്വം ചിലർ മാത്രം മുണ്ടക്കയം സി.എം.എസ് ഹൈസ്കൂളിൽ പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നു.

പഞ്ചായത്തിൽ ആദ്യത്തെ യു.പി. സ്കൂൾ സെൻറ് ജോസഫ് യു.പി. സ്കൂൾ പെരുവന്താനം ആണ്. 1951-ൽ ആണ് ഈ സ്കൂൾ സ്ഥാപിതമായത്. പെരുവന്താനം പഞ്ചായത്തിൻെറ എല്ലാ സ്ഥലങ്ങളിലുമുള്ള വിദ്യാർത്ഥികൾ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനു വേണ്ടി ഈ സ്കൂളിനേയും മുണ്ടക്കയത്തുള്ള സെൻർ ആൻറണീൽസ് യു.പി. സ്കൂളിനേയുമാണ് ശരണം പ്രാപിച്ചിരുന്നത്. 1963-ൽ പെരുവന്താനം ഗവ.എൽ.പി. സ്കൂൾ, പാലൂർക്കാവ് ഗവ. എൽ.പി. സ്കൂൾ തെക്കേമല സെൻർ മേരീസ് എൽ. പി. സ്കൂൾ എന്നിവ അപ്പർ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉയർത്തപ്പെട്ടതോടുകൂടി അപ്പർ പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിക്കാത്തതിന് വളരെയധികം കുട്ടികൾക്ക് അവസരം ലഭിച്ചു. പെരുവന്താനം ചുഴിപ്പിലുണ്ടായിരുന്ന അപ്പർ പ്രൈമറി സ്കൂൾ, ഹൈസ്കൂളായി 1964-ൽ ഉയർത്തപ്പെട്ടു. ഇതാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ. ഈ കാലയളവിൽ തന്നെ കുടിയേറ്റപ്രദേശമായ കണയങ്കവയലിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിതമായി. 1976-ൽ തെക്കേമല സെൻറ് മേരീസ് യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തിയതോടെ ഹൈസ്കൂൾ വിദ്യാഭ്യാസസൗകര്യം നിഷേധിക്കപ്പെട്ടിരുന്ന ഒരു വലിയ ജനസമൂഹത്തിന് അതിനുള്ള അവസരം കരഗതമായി. ഈ കാലഘട്ടത്തോടെ കണയങ്കവയലിൽ ആരംഭിച്ച യു.പി. സ്കൂൾ 1980കളിൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടതോടെ പാഞ്ചാലിമേടിന് മറുവശത്ത് ഒറ്റപ്പെട്ടു കിടന്ന കണയങ്കവയലിലെ ജനങ്ങൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചു. 80കളിൽ തന്നെ അമലഗിരിയിലും ചെറുവള്ളികുളത്തും ഓരോ എൽ.പി. സ്കൂൾ സ്ഥാപിതമായതോടെ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം 10 ആയി. എങ്കിലും മതമ്പ, കൊമ്പമ്പാറ, കൊയ്നാട് എന്നീ പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് പ്രൈമറിവിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇന്നു നിഷേധിക്കപ്പെട്ടിരിക്കുന്നു. 3000 തൊഴിലാളികൾ പണിയെടുക്കുന്ന റ്റി.ആർ. ആൻറ് ടീ എസ്റ്റേറ്റിലെ തൊഴിലാളികളുടെ കുട്ടികൾ വളരെയധികം ദൂരം കാൽനടയായി സഞ്ചരിച്ചാലേ പ്രൈമറി അപ്പർപ്രൈമറി സ്കൂളുകളിൽ എത്താൻ കഴിയൂ. മതമ്പയിൽ ഒരു എൽ.പി. സ്കൂൾ അനുവദിച്ചും സ്വകാര്യ ഉടമയിലുള്ള റ്റി.ആർ ആൻറ് ടീ സ്കൂൾ അപ്ഗ്രേഡ് ചെയ്തും ഈ മേഖലകളിലെ വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കേണ്ടതാണ്.

ആകെയുള്ള 10 വിദ്യാലയങ്ങളിൽ 7 എണ്ണവും

സ്വകാര്യമേഖലയിലും 3 എണ്ണം ഗവ. ഉടമയിലുമാണ്. കത്തോലിക്കാ ഇടവകാംഗങ്ങളുടെയും പൊതുജനങ്ങളുടെയും സഹകരണത്തിലും സംഘടിത പ്രയത്നത്തിലും ബഹു. വൈദികരുടെ നേതൃത്വത്തിലുമാണ് 6 എണ്ണം സ്ഥാപിതമായതും, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. ഇവയിലെല്ലാം ഭൗതീകസാഹചര്യങ്ങളെല്ലാം സാമാന്യം തൃപ്തികരമാണ് എങ്കിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഗവ.സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ തികച്ചും ശോചനീയമാണ്. ഒരു നൂറ് വർഷം മുമ്പ് ആരംഭിച്ച പെരുവന്താനം ഗവ. യു.പി സ്കൂളിനുപോലും പ്രാഥമിക ആവശ്യങ്ങൾക്കുള്ള കക്കൂസ്, മൂത്രപ്പുര ഇവയൊന്നും ഇല്ല. കണയങ്കവയൽ ഗവഃ ഹൈസ്കൂൾ ഇന്നും ഓല ഷെഡ്ഡിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പാലൂർക്കാവ് ഗവഃ സ്കൂളിന് കുടിവെള്ളമൊഴികെയുള്ള മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ എല്ലാമുണ്ട്. വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും നടത്തിക്കുന്നതിലും നേതൃത്വം നല്കിയ എല്ലാ മഹത്വ്യക്തികളെയും അനുമോദിക്കുകയും കൃതജ്ഞതയോടെ സ്മരിക്കുകയും ചെയ്യുന്നു.

പട്ടിക 1. A

വിദ്യാർത്ഥികൾ അദ്ധ്യാപകർ

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ	ആകെ
			ആൺ	പെൺ	ആകെ		
1	ഗവ. യു. പി. എസ്. പാലൂർക്കാവ്	ഗവ.	101	74	175		9
2	സെൻറ് ജോസഫ് എൽ. പി. എസ് പെരുവന്താനം	മാ.	91	88	175		7
3	ഗവ. യു.പി.എസ് പെരുവന്താനം	ഗവ.	104	111	215		13
4	സെൻറ് മേരീസ് എൽ.പി. സ്കൂൾ	മാ.	102	95	197		7
5	സെൻറ് തോമസ് എൽ.പി സ്കൂൾ അമലഗിരി	മാ.	39	38	77		4
6	സെൻറ് ജോർജ്ജ് എൽ.പി സ്കൂൾ ചെറുവണിക്കുളം	മാ.	37	27	64		4
7	കമ്പനി എൽ.പി എസ് കുപ്പവെം	മാ.	53	67	120		4
8.	സെൻറ് മേരീസ് എച്ച്.എസ് കെക്കേമല	മാ.	276	238	514		23
9.	സെൻറ് ജോസഫ് എച്ച്.എസ് പെരുവന്താനം	മാ.	329	361	690		28
10.	ഗവ. എച്ച് എസ് കണയങ്കനയൽ	ഗവ.	178	176	354		20
	ആകെ		**1310**	**1275**	**2585**		**119**

പെരുവന്താനം ഗ്രാമ പഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസം ഗ്രാൻറ്	മുസ്ലീം പെൺകുട്ടികളുടെ സ്ക്കോളർഷിപ്പ്	വികലാംഗ സ്ക്കോളർഷിപ്പ്	ജവാൻമ്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	ബീഡി തൊഴിലാളികളുടെ സ്കോളർഷിപ്പ്	മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
1	2	3	4	5	6	7	8	9	10
1	St. Joseph H.S Peruvathanam.	6	5982	Rs.1900/ 28	10പേർ 11000/-				
2.	St. George L.P.S Cheruvallikulam	-	8	-	-	-	-	-	-
3.	Govt.H.S Kanayangavayal	-	2830	-	-	-	-	-	-
4.	St. Mariys L.P.S. Kanayangavayal	-	20	-	2	-	-	-	-
5.	Govt: U.P.S Paloorkavu	1	55	-	-	-	-	-	1
6.	St. Mary's H.S Thekemala	-	57	-	2	-	-	-	-
7.	Govt: U.P. Peruvathanam	-	17	-	2	-	-	-	-
8.	T.R&T.Co. L.P.S Kuppakayam	-	-	-	-	-	-	-	-
9.	St.Joseph L.P.S Peruvathanam	-	7	-	-	-	-	-	-
10.	St. Thomas L.P. Amalagiry	-	-	-	yes	-	-	-	-

8.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തനസ്വഭാവമുള്ളത്)

സ്കൂളിന്റെ പേര്	ചെലവ്						വരവ് എ					വരവ് ബി				
	കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ ഫർണിച്ചറുകൾ അറ്റകുറ്റപണിക്ക്	ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറികൾ	ഉച്ചക്കഞ്ഞിക്ക്	മറ്റിനങ്ങൾ	സർക്കാർ	തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ ഫണ്ട്	മറ്റുമാർഗ്ഗത്തിലുള്ള വരവ്	ആകെ വരവ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1. സെൻറ്മേരീസ് സ്കൂൾ തെക്കെമല	2500	1850	1044	1050	1000	950	-	110	-	-	-	3166	-	-	-	3166
2. സെൻറ് ജോസഫ് എൽ.പി. സ്കൂൾ	860	750	-	-	-	-	6176	900	2152	500	2652	-	-	1500	4534	8686
3. റ്റി.ആർ.റ്റി. കമ്പനി എൽ.പി.എസ്	731	-	-	250	900	-	5084	-	1423	500	1923	-	-	1493	-	3416
4. ഗവ. യു.പി.എസ് പാലൂർക്കാവ്	25000	10000	2000	2000	2000	5000	10000	3000	2000	500	2500	350	-	5000	-	5320
5. ഗവ. എച്ച്.എസ്. കണയങ്കവയൽ	50000	8000	4000	50000	3000	15000	7500	1000	-	34000	34000	3095	-	-	-	3095
6. സെൻറ് ജോസഫ് എച്ച്. എസ്. പെരുവന്താനം	6500	5000	3000	4000	8000	3000	7000	5000	2915	500	3415	3851	-	2000	-	5851
7. സെന്റ് ജോർജ്ജ് എൽ.പി.സ്കൂൾ ചെറുവണ്ണിക്കുളം	5000	1250	500	300	1000	500	15000	2500	500	100	600	-	-	3000	-	4200
8. സെന്റ് മേരീസ് എൽ.പി സ്കൂൾ കണയങ്കവയൽ	1000	400	-	-	-	-	6000	-	750	-	750	-	-	3000	1000	4150
9. ഗവ.യു. പി. എസ് പെരുവന്താനം	-	1033	-	-	65	-	4000	-	-	500	500	531	-	1051	-	1582
10. സെന്റ് തോമസ് എൽ.പി സ്കൂൾ അമലഗിരി	500	700	-	-	-	-	1915	1900	-	-	-	-	-	2050	-	2050

പട്ടിക 1. B

L.P., U.P., H.S. വിഭാഗത്തിലെ കുട്ടികളുടെ വിവരം

	ആൺ	എൽ.പി. പെൺ	%	ആൺ	യു.പി. പെൺ	%	ആൺ	എച്ച്. എസ്. പെൺ	%
ആകെ വിദ്യാർത്ഥികൾ									
2585	322	315	24.2	205	185	14.3	783	775	61.5

പട്ടിക 1. C.

പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ	എൽ. പി. SC/ST.	%	ആകെ	യൂപി. SC/ST	%	ആകെ	എച്ച്.എസ്. SC./ST	%
637	28	4.4	390	39	10	1558	109	6.6

പട്ടിക 1. D

പഠനംനിർത്തിയവരുടെ കണക്ക്

SC-ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	3	4	30	13	43

വളരെ കുറച്ചു വിദ്യാർത്ഥികൾ ഇടക്ക്വച്ച് പഠനം നിർത്തി പോയിട്ടുള്ളതായി കാണുന്നുള്ളു. 1995-96 വിദ്യാഭ്യാസവർഷത്തിൽ കൊഴിഞ്ഞുപോയവരുടെ വിവരം പട്ടിക 1-Dയിൽ മുകളിൽ കൊടുത്തിരിക്കുന്നു.

വിദ്യാലയങ്ങളുടെ എണ്ണത്തിൽ കാലോചിതമായി ഉണ്ടായ വർദ്ധനവിന് ആനുപാതികമായി വിദ്യാലയങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും വലിയ വർദ്ധനവ് ഉണ്ടായി എങ്കിലും വിദ്യാഭ്യാസനിലവാരത്തിൽ ഗുണപരമായ ശോഷണമാണ് പഞ്ചായത്തിലെ വിദ്യാഭ്യാസമേഖല നേരിടുന്ന എറ്റവും വലിയ പ്രശ്നം. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2585 വിദ്യാർത്ഥികൾ പഠിക്കുമ്പോൾ മെച്ചപ്പെട്ട വിദ്യാഭ്യാസം തേടി വെളിയിലുള്ള സ്ഥാപനങ്ങളിലേക്കു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം 600-ൽ അധികമാണ് ഈ വിദ്യാഭ്യാസനിലവാര തകർച്ചമൂലം പെരുവന്താനം പഞ്ചായത്തിൽ നിന്നും കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിപോലുമില്ലായെന്ന ദുഃഖസത്യം വേദനയോട്കൂടി ഞങ്ങൾ ഇവിടെ രേഖപ്പെടുത്തട്ടെ.

പഞ്ചായത്തതിർത്തിക്കുള്ളിൽ കഴിഞ്ഞ നാല് പതിറ്റാണ്ടിനുള്ളിൽ ഉണ്ടായ മെഡിക്കൽ ബിരുദധാരി ഒന്ന് മാത്രമാണ്. എൻജിനീയറിംഗ് ബിരുദധാരികൾ 6 പേരിൽ ഒതുങ്ങുന്നു. മൃഗഡോക്ടർ, കാർഷിക

ബിരുദധാരി എന്നിവർ ഓരോന്ന് മാത്രം. അഫിലിയേറ്റ് കോളേജുകളിൽ നിന്ന് ബിരുദവും ബിരുദാന്ത ബിരുദവും നേടുന്നവരുടെ എണ്ണം അംഗുലീപരിമിതമാണ്.

മൂന്ന് ഹൈസ്കൂളുകളിലും S.S.L.C വിജയശതമാനം താരതമ്യേന കുറവാണ്. പാസ്സാകുന്നവർക്ക് തന്നെ ലഭിക്കുന്നമാർക്ക് നന്നേ കുറവായതുകൊണ്ടും സമീപപ്രദേശത്തുള്ള അഫിലിയേറ്റ്സ് കോളേജുകളിൽ ഏതാനും പേർക്ക് മാത്രമെ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നുള്ളു.

പട്ടിക 11
എസ്. എസ്. എൽ. സി വിജയശതമാനം

സ്കൂളിന്റെ പേര്	91-92	92-93	93 94	94-95	95-96
സെൻറ്ജോസഫ് എച്ച് എസ് പെരുവന്താനം	52 33%	66 96%	56 4%	56%	44.4%
സെൻറ് മേരീസ് എച്ച്. എസ് പെരുവന്താനം	46%	43%	57%	42%	43%
ഗവ. എച്ച്.എസ് കണയങ്കവയൽ	47%	54%	43%	37%	27%

പാസ്സാകുന്ന മറ്റുകുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനായി മുണ്ടക്കയത്തുള്ള നിലവാരം കുറഞ്ഞ സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ ഒരു പാരലൽകോളേജും ഒരു ടൈപ്പ്റൈറ്റിഗ്-ഷോർട്ട്ഹാൻറ് സ്ഥാപനവും മാത്ര മെ പ്രവർത്തിക്കുന്നുള്ളു. മറ്റു പൊതുമേഖലിയലോ സ്വകാര്യ ഉടമയിലോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തത്തിൽ 22 അംഗനവാടികളും 8 നെഴ്സറി സ്കൂളുകളും 9 വായനശാലകളും പ്രവർത്തിക്കുന്നു.

17596 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഏതാനും ചിലവായനശാലകളും അംഗനവാടികളും നെഴ്സറി സ്കൂളുകളും ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തിലുള്ള 119 അദ്ധ്യാപകരിൽ 70%വും വനിതകളാണ്. 60% അദ്ധ്യാപകരും വിദൂരസ്ഥങ്ങളിൽനിന്നും വന്നു ജോലി ചെയ്യുന്നവരാണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരതകർച്ചയുടെ പ്രാദേശിക കാരണങ്ങൾ ബഹുഭൂരിപക്ഷം വരുന്ന പരിമിത-നാമമാത്ര കർഷകരുടെയും കാർഷിക തൊഴിലാളികളുടെയും സാമ്പത്തിക ക്ലേശമാണ്. ഇവരുടെ കുട്ടികൾക്ക് പോഷക ആഹാരകുറവ് അനുഭവപ്പെടുന്നുണ്ട്. ഇത് മാനസിക വളർച്ചയെ ഗുരുതരമായി ബാധിക്കുന്നു. കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കൾക്ക് സജീവശ്രദ്ധപതിപ്പിക്കുവാൻ കഴിയുന്നില്ല. കൃത്യസമയത്ത് സ്കൂളിലെത്തുവാൻ അദ്ധ്യാപകരും വിദ്യാർത്ഥികളും ഏറെ ദൂരം കാൽനടയായി സഞ്ചരിക്കേണ്ടി വരുന്നതും വിദ്യാഭ്യാസനിലവാരതകർച്ചയുടെ കാരണങ്ങളിൽ ഒന്നാണ്. പി.ടി.എ.കളോ മാതൃസംഗമങ്ങളോ മിക്ക സ്കൂളിലും കാര്യമായി പ്രവർത്തിക്കുന്നില്ല. സമരങ്ങൾ മൂലം സ്കൂൾ സമയം നഷ്ടപ്പെടുന്ന സ്ഥിതി പഞ്ചായത്തിലില്ല. കുട്ടികളുടെ കലാകായിക മണ്ഡലങ്ങളിലെ ഭാഗഭാഗിത്വവും നേട്ടങ്ങളും തീർത്തും നിരാശജനകമാണ്. ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ നടക്കുന്ന കായികകലാമത്സരങ്ങിൽ വിജയികളാക്കുന്നവരുടെ എണ്ണം നന്നേ കുറവാണ്. വിദ്യാലയങ്ങളിൽ കലാകായിക മേഖലകളിൽ നൽകുന്ന പരിശീലനം ഒട്ടും തൃപ്തികരമല്ല. വിദ്യാർത്ഥികളുടെ ഹാജർ നിലവാരം മോശമാണ്. ബന്ധപ്പെട്ടവർ ശ്രദ്ധിച്ചാൽ ഈ കുറവ് പരിഹരിക്കാവുന്നതാണ്. പ്രൈമറി അപ്പർപ്രൈമറി വിഭാഗത്തിൽ കലാകായിക അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.

അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും

സഹകരണത്തിലൂടെയും ആശയവിനിമയത്തിലൂടെയും ഗാർഹിക അന്തരീക്ഷവും വിദ്യാലയ അന്തരീക്ഷവും കുട്ടികളുടെ പഠനത്തിനും പാഠ്യേതര പ്രവർത്തനത്തിനും സ്വഭാവ രൂപവൽക്കരണത്തിനും അനുയോജ്യമാക്കി തീർക്കാൻ കഴിയും.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥിക്ക് മാതൃഭാഷയിൽ പോലും തെറ്റ് കൂടാതെ എഴുതാനും വായിക്കുവാനും നല്ലൊരു വിഭാഗത്തിന് പോലും കഴിയുന്നില്ല. ഈ ദുരവസ്ഥക്ക് സമൂഹവും, അദ്ധ്യാപകരും, മാതാപിതാക്കളും ഒരുപോലെ കുറ്റക്കാരാണ്. ഈ മൂന്ന് വിഭാഗങ്ങളുടെയും അർപ്പണബോധത്തോട് കൂടിയുള്ള പരിശ്രമം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ കഴിയും. വിദ്യാഭ്യാസ രംഗത്ത് ഇടപെടാനും പ്രവർത്തിക്കുവാനും ത്രിതല പഞ്ചായത്തുകൾക്ക് അവസരം ലഭിച്ചിരിക്കുകയാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്ത് തല വിദ്യാഭ്യാസകോംപ്ലക്സുകൾ സ്ഥാപിക്കണം. പഞ്ചായത്ത് തല സാക്ഷരതാ പ്രവർത്തനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും സംയോജിപ്പിച്ച് S.S.L.C വിജയശതമാനവും പൊതു പഠനനിലവാരവും മെച്ചപ്പെടുത്തുക. കോംപ്ലക്സിന്റെ ലക്ഷ്യങ്ങളായിരിക്കണം പഞ്ചായത്തിലെ എല്ലാ അദ്ധ്യാപകരെയും രക്ഷിതാക്കളെയും വിദ്യാഭ്യാസവിഷയത്തിൽ താൽപര്യമുള്ള മറ്റ് പ്രഗത്ഭ വ്യക്തികളെയും കോംപ്ലക്സുമായി സഹകരിപ്പിക്കണം. മേൽപറഞ്ഞ മൂന്ന് വിഭാഗത്തേയും ഉൾക്കൊൾള്ളിച്ച് ഓരോ സ്കൂളിലും പ്രദേശിക സ്കൂൾ സമിതികൾ രൂപീകരിക്കണം. എല്ലാ ഹൈഡ്മാസ്റ്ററന്മാരെയും അദ്ധ്യാപക പ്രതിനിധികളെയും പ്രാദേശിക വിദ്യാലയ പ്രതിനിധികളെയും ജന പ്രതിനിധികളെയും ഉൾപ്പെടുത്തി പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതിയും രൂപീകരിക്കണം. ഈ സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തുതല വിദ്യാഭ്യാസ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും വിദ്യാലയത്തിലെ അക്കാഡമിക് സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും സമൂഹത്തിന്റെ പങ്കാളിത്വത്തോടും സാമ്പത്തിക സഹകരണത്തോടും കൂടി മെച്ചപ്പെടുത്തെണ്ടതുമാണ്. സമൂഹത്തിന്റെ സൗഹാർദ്ദപരമായ ഇടപെടലിലൂടെ ഒരോ വിദ്യാലയത്തിലേയും പാഠ്യപ്രവർത്തനങ്ങളെയും പാഠ്യേതര പ്രവർത്തനങ്ങളെയും കാര്യക്ഷമമാക്കുവാൻ കഴിയും. മേൽപ്പറഞ്ഞ വിദ്യാഭ്യാസ സമിതികളുടെ സഹകരണത്തോടു മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രേൽസാഹന വും പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ശ്രദ്ധ യും പരിശീലനവും നൽകുന്നതിനുള്ള ക്രമീകരണ ങ്ങൾ ഉണ്ടാക്കുവാൻ കഴിയും. എല്ലാ വിദ്യാർത്ഥികളും ഉച്ചഭക്ഷണം കഴിക്കുന്നുണ്ടെന്ന് ഈ സമതികൾ ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാധമിക ദ്വതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചയിൽനിന്ന് വന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 9 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവചർച്ചക്ക് വിധേയമാക്കി. ഒരോ അംഗവും പൊതു വിദ്യാഭ്യാസത്തേ വിലയിരുത്തിയതായി കാണാം. അക്കാഡമിക്ക് നിലവാര തകർച്ച സമരങ്ങൾ കൊണ്ട് ഉണ്ടാകുന്ന അദ്ധ്യയന നഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിൽ ഉണ്ടാകുന്ന കാല താമസ്സം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം. ഭൗതികസാഹചര്യങ്ങൾ, അദ്ധ്യാപക, രക്ഷാകർത്തൃ സമിതി ഉച്ചക്കഞ്ഞി പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ള ചിലവയുടെ അപ്ട്രേഡേഷൻ, അദ്ധ്യാപകരുടെ പഠന പരിശീലനം, ക്ലൂട്ടക്ലാസ് കയറ്റം D.P.E.P, ഡയറ്റ് തുടങ്ങിയവയുടെ സേവനലഭ്യത, മാസാന്ത്യപരീക്ഷകൾ മൂല്ല്യനിർണ്ണയം പാഠ്യേതരപ്രവർത്തനങ്ങൾ എന്നിത്യാതി വിഷയങ്ങളെ കുറിച്ചെല്ലാം എല്ലാഗ്രാമസഭകളിലും ചർച്ചകൾ നടത്തുന്നതായി കാണുന്നു. ഗ്രാമസഭകളിൽനിന്നു ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ വിലയിരുത്തുന്നതിന് മുൻകൂട്ടിശേഖരിച്ച പ്രാഥമിക ത്വിതിയ വിവരങ്ങൾ സഹായകമായി. മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നിനിന്നു കൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോൽസുകർക്ക് ഉത്തേജനം നൽകുകവഴി പഠന പ്രവർത്തനത്തിലേക്ക് അവരെ നയിക്കുകയാണ് വേണ്ടത്. സ്കൂൾ പാർലമെന്റുകൾ സ്കാടുകൾ, ക്ലാസുകൾ, സാഹിത്യസമാജങ്ങൾ കൈയ്യെഴുത്തു-ചിത്രമാസികകൾ ഉദ്യാന -പച്ചക്കറിതോട്ടങ്ങൾ പഠനവിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം എറ്റെടുക്കാവുന്നതാണ്.

ഇത്തരം ഒരു റിപ്പോർട്ടിൽ അക്കാഡമിക് സൗകര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്. വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണിത്. ക്ലാസ്സ് മുറുകളിൽ ഇരുന്ന് നീറിപ്പുകയുന്ന പിഞ്ചോമനകൾക്ക് ഉന്മേഷം പകരാൻ കഴിയുന്ന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ലൈബ്രറി, ലാബറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള

പെരുവന്താനം പഞ്ചായത്ത്

9.3 സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ആകെയിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികൾ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മുഴുവൻ കുട്ടികളുടെ എണ്ണം	മുഴുവൻ കുട്ടികൾക്കും ഒരേസമയം ഇരിയ്ക്കാവുന്ന ഫർണിച്ചറുകൾ ഉണ്ട്/ഇല്ല	ഇനിയാവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല	ഭിന്നശേഷി സൗഹൃദ-ശുചിത്വകക്കൂസ് ഉണ്ട്/ഇല്ല	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയോ/കുറവുണ്ടോ	ഇനി അവശ്യമായ വയുടെ എണ്ണം				
		സ്വന്തം	അർദ്ധസ്വന്തം	താൽക്കാലികം	സ്വന്തം	അർദ്ധസ്വന്തം	താൽക്കാലികം													ഡസ്ക്	ബഞ്ച്	ടേബിൾ	കസേര	സ്റ്റൂൾ/ബെഞ്ച്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1. St. Mary's H.S. Thekkemala	17	✓	-	-	24	-	-	-	-	2	20	2	3	1	-	✓	✓	✓	✓	-	-	-	-	-
2. St.Mary's L.P.S. Kanayankavayal	7	✓	-	-	7	-	-	-	-	1	4	-	-	-	✓	-	-	✓	✓	-	-	-	-	-
3. St.George L.P.S. Cheruvallikulam	1	✓	-	-	4	-	-	-	-	1	4	-	1	-	✓	-	-	-	-	20	-	4	2	2
4. St. Joseph H.S. Peruvanthanam	18	3	1	-	21	3	-	-	✓	3	30	2	2	-	-	✓	✓	✓	-	20	30	5	5	✓
5. Govt.H.S. Kanayankavayal	12	2	-	2	7	-	6	6	✓	2	6	2	1	1	-	✓	-	-	-	50	50	6	6	-
6. Govt.U.P.S. Pallorkavu	7	2	-	-	9	-	-	-	-	2	6	-	2	-	-	✓	✓	✓	✓	-	-	9	10	2
7. Govt. U.P.S. Peruvanthanam	7	1	2	-	2	-	-	2	✓	-	6	1	2	2	-	✓	-	-	✓	-	-	-	-	1
8. TR&T Co. L.P.S.	4	2	-	-	9	-	-	-	-	2	12	-	3	-	✓	-	-	-	-	10	-	-	-	-
9. St.Joseph U.P.S. Peruvanthanam	6	2	1	-	2	-	-	-	-	2	5	-	2	-	✓	✓	✓	✓	✓	-	-	-	-	-
10.St.Thomas L.P.S. Amalagiri	4	1	-	-	6	-	-	-	✓	1	2	1	1	-	✓	-	-	-	-	-	-	-	-	1

ബോർഡുകൾ ഫർണ്ണി ച്ചറുകൾ തുടങ്ങിയവ ഓരോ വിദ്യാലയത്തിന്റേയും യോഗ്യതാ ചിഹ്നങ്ങളാണ്.

ഗ്രാമസഭയിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ.

1. (a). പെരുവന്താനം യു. പി. സ്ക്കൂളിന് കുടിവെള്ളത്തിന്റെ ആവശ്യത്തിനായി ഒരു വാട്ടർ ടാങ്കും പൈപ്പ് കണക്ഷനും സ്ഥാപിക്കുക.

(b) അധ്യാപകരുടെ ആവശ്യത്തിന് അടിയന്തിരമായി ഒരു മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.

(c) വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിന് ഒരു കഞ്ഞിപ്പുര നിർമ്മിക്കുകയും സ്ക്കൂളിന് ആവശ്യമായ ഫർണ്ണിച്ചറുകൾ നൽകുകയും ചെയ്യുക.

(d) പെരുവന്താനം U P S ന് ചുറ്റുമതിൽ നിർമ്മിക്കുക.

(e) സ്ക്കൂളിന് ഒരു കളി സ്ഥലം നിർമ്മിക്കുക.

(f) തുറസ്സായി കിടക്കുന്ന കെട്ടിടങ്ങൾ അടച്ച് സുരക്ഷിതമാക്കുക.

(g) വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കായി ഒരു T.V സെറ്റ്, ഫിലിം പ്രൊജക്റ്റർ, ആവശ്യമുള്ള പഠനോപകരണങ്ങൾ അനുവദിക്കുക.

(h) ബലക്ഷയമായിക്കൊണ്ടിരിക്കുന്ന സ്ക്കൂളിന്റെ മുൻവശത്തെ മതിൽ സുരക്ഷിതമാക്കുക.

(i) ക്ലാസ്സുകൾ പരസ്പരം വേർതിരിക്കുന്നതിന് ആവശ്യമായ സ്ക്രീനുകൾ നിർമ്മിച്ചുനൽകുക.

(j) സ്ക്കൂളിലെ സ്റ്റേജിന് ആവശ്യമായ വയറിംങ്, കർട്ടൻ, എന്നിവ തരിക.

(k). അധ്യാപകർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുക.

(l) പതാക ഉയർത്തുന്നതിനാവശ്യമായ പ്ലാറ്റ്ഫോറവും കൊടിമരവും നിർമ്മിക്കുക.

(m) എല്ലാ വർഷവും സ്ക്കൂൾ തുറക്കുന്നതിന് മുൻപായി സ്ക്കൂളിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുക.

(n) സ്ക്കൂളിന് ഒരു നെയിം ബോർഡ് പണിതു സ്ഥാപിക്കുക.

(o) മൂന്ന് മാസത്തിൽ ഒരിക്കൽ കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തുവാൻ സംവിധാനം ഉണ്ടാക്കുക.

2. പാലൂർക്കാവ് സ്ക്കൂളിന്റെ അറ്റകുറ്റപണികൾ തീർക്കണം.

3. ടി സ്ക്കൂളിന് കോമ്പൗണ്ട്വാൾ നിർമ്മിക്കുക.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

5. അധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തുക.

6. സ്ക്കൂളുകളുടെ പ്രവർത്തനത്തെപ്പറ്റി മേലധികാരികളുടെ പരിശോധന കർശനമാക്കുക.

7. പാഠപുസ്തകങ്ങൾ യഥാകാലം ലഭ്യമാക്കുക.

8. അധ്യാപക രക്ഷകർത്താ സംഘടനയുടെ പ്രവർത്തനം ശക്തമാക്കുക.

9. പാഠ്യേതര പ്രവർത്തനങ്ങൾ വികസിപ്പിക്കുക.

10. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ക്രമീകരണങ്ങൾ ഉണ്ടാക്കുക.

11. വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന 7-ാം വാർഡിലെ മതമ്പായിൽ ഒരു L P സ്ക്കൂൾ അനുവദിക്കുക.

12. വിദൂരസ്ഥരായ അധ്യാപകർക്ക് താമസിക്കുവാൻ എല്ലാ സ്ക്കൂളിനോടും അനുബന്ധിച്ച് കെട്ടിടം പണിയുക.

13. സാക്ഷരതാ പ്രവർത്തനം മെച്ചപ്പെടുത്തുകയും അധ്യാപകരെ യഥാസമയം നിയമിക്കുകയും ചെയ്യുക

14. കാനംമല, ചാലക്കുഴി, മാടംതറ എന്നിവിടങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കുക.

15. തെക്കെമല സെന്റ് മേരീസ് ഹൈസ്ക്കൂൾ, പെരുവന്താനം സെൻറ് ജോസഫ്സ് ഹൈസ്ക്കൂൾ,

16. കണങ്കവയൽ ഗവ: ഹൈസ്ക്കൂൾ, എന്നിവിടങ്ങളിൽ പ്ലസ് ടൂ ക്ലാസ്സുകൾ അനുവദിക്കുക.

16. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുക.

17. ഈ പഞ്ചായത്തിൽ കാർപ്പെന്ററി, ബ്ലാക്സ്മിത്, ടൈപ്പ് റൈറ്റിംഗ്, കംപ്യൂട്ടർ, ഇലക്ട്രോണിക്സ്, അപ്ഹോൾസ്റ്ററി വർക്സ്, മേസൻ വർക്സ് തുടങ്ങിയവക്ക് സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുക.

18. കെട്ടിടം ഇല്ലാത്ത അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കുക.

19. L.P സ്ക്കൂളുകളോട് അനുബന്ധിച്ച് പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക.

20. പുല്ല്പാറയിൽ അംഗനവാടി പണിയുക.

21. അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുക.

22. അമലഗിരി, ചുടുപ്പ്, കൊങ്ങാട്, പുല്ല്പാറ, അന്നാസ്, നെടിയോരം, എന്നിവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക.

23. പഞ്ചായത്ത് തലത്തിൽ വയോജന വിദ്യാഭ്യാസം ആരംഭിക്കുക.

24. പെരുവന്താനത്ത് ഒരു ടെക്നിക്കൽ സ്ക്കൂൾ സ്ഥാപിക്കുക.

25. മണിക്കൽ റൂറൽ സ്ക്കൂൾ പുനരാരംഭിക്കുക.

26. 35-ാംമൈലിൽ ഹൈസ്ക്കൂൾ ആരംഭിക്കുക.

27. കണങ്കവയൽ H S ൽN C C സ്ക്കൗട്ട് എന്നിവ ആരംഭിക്കുക.

28. കണങ്കവയലിൽ അംഗനവാടി അനുവദിക്കുക.

29. ചെറുവള്ളിക്കുളത്ത് U P S അനുവദിക്കുക.

30. കപ്പാലുവേങ്ങയിൽ വായനശാല, കളിസ്ഥലം എന്നിവ അനുവദിക്കുക.

31. അൺഎയിഡഡ് വിദ്യാലയങ്ങൾഅനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക

കൃഷിയും ജലസേചനവും



മതമൈത്രിയുടെ സ്വർണ്ണഗോപുരം
പെരുവന്താനം സെന്റ്.ജോസഫ്സ് ചർച്ച്

കൃഷിയും ജലസേചനവും

പെരുവന്താനം ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയാണ്. കുന്നിൻപ്രദേശങ്ങളും മല ഞ്ചെരിവുകളും പാറക്കെട്ടുകളും തരിശു ഭൂമിയും ഉൾ പ്പെട്ട ഒരു പ്രദേശമാണ്.

ഹൈറേഞ്ചിന്റേയും ഇടുക്കി ജില്ലയുടേയും പ്രവേശനകവാടമാണ് നമ്മുടെ പഞ്ചായത്ത്. പ്രധാന കൃഷി റബ്ബർ തെങ്ങ്, കുരുമുളക്, കമുക്, ജാതി, ഗ്രാമ്പു, തേയില, കൊക്കൊ, കാപ്പി, തുടങ്ങിയവയും ഇടവിളയായി വാഴ, കപ്പ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ചേന, ചേമ്പ് എന്നിവയും കൃഷി ചെയ്തു വരുന്നു. പഴയ കാലത്തെ ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു മേഖലകളും ആയിരുന്നു. ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകരാണ്.

പട്ടിക 1

വാർഡ് നമ്പർ	നാമമാത്ര കർഷകർ ഹെക്ടറിൽ	ചെറുകിടകർഷകർ.
1	315	418
2	218	339
3	419	364
4	310	142
5	320	270
6	212	270
7		
8	എസ്റ്റേറ്റ് മേഖല	
9		

നമ്മുടെ പ്രദേശത്ത് കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് ചെയ്യുന്നത്. ഈ പ്രദേശങ്ങ ളിലെ നാമ മാത്രമായ ആറുകളും ഒന്നോ രണ്ടോ തോടുകൾ ഒഴികെ ബാക്കി എല്ലാം വേനൽക്കാല ങ്ങളിൽ വറ്റുന്നതാണ്. ഇവിടുത്തെ തോടുകൾക്കും ആറുകൾക്കും ക്രോസ്ബാറുകളോ, ചെക്ക്ഡാമു കളോ ഇല്ല.

ആകെ ഭൂമിയുടെ 55% റബ്ബർ കൃഷിയാണ്. R R I. 105 ഇനത്തിൽ പെട്ട റബ്ബറാണ് കൂടുതലായും കൃഷി ചെയ്യുന്നത്. പഞ്ചായത്തിന്റെ 40% ഭാഗം എസ്റ്റേറ്റ് മേഖലയിൽ കൃഷി ഉൾപ്പെട്ടതാണ്. ജലസേ ചനത്തിനായി നാമമാത്രമായ കുളങ്ങൾ ഉണ്ടെങ്കിലും അതൊന്നും ഫലപ്രദമായ രീതിയിൽ കർഷകർക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. പഞ്ഞമാസങ്ങ ളിൽ സാധാരണയായി മരച്ചീനി ഉണങ്ങിയതും, പച്ചക്കപ്പയും ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർ ഗ്ഗങ്ങളും ആഹാര സാധങ്ങളായി ഉപയോഗിക്കുന്നു.

ആദി കാലങ്ങളിൽ കൃഷിയിടങ്ങളിൽ നിന്ന് നല്ല വിളവ് ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ വിളവ്

കുറവാണ്. കൂപ്പു കൃഷികൾ മാറ്റി റബ്ബർ കൃഷി യിലേക്ക് കർഷർ ശ്രദ്ധിച്ചിരിക്കുകയാണ്. ഇതിന് പ്രധാനകാരണം റബ്ബറിന്റെ ആദായക്കൂടുതലും മറ്റുകൃഷിയുടെ രോഗങ്ങളുമാണ്.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻപ്രദേശങ്ങളും വത്തിപ്പുഴ മഠം വക ആയിരുന്നു. പിന്നീട് വൻകിട ജന്മിമാർ മഠം വക വസ്തുക്കൾ കരമടച്ച് സ്വന്തമാക്കു കയായിരുന്നു. ഈ സ്ഥലങ്ങൾ ചെറുകിട കർഷകർക്ക് വെച്ചു ദേഹണ്ഡത്തിന് കൊടുത്തിരുന്നു.

തോടുകളുടെ വിവരങ്ങൾ

നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാന ആറുകളും തോടുകളും.

കടമാൻകുളം തോട്.

പാലൂർക്കാവ് തോട്.

കല്ലുകീറി തോട്.

മുളംപാലം തോട്.

കുറ്റിക്കയം തോട്.

അപ്രാം തോട്.

നമ്പുപാറ തോട്.

വഴിപ്പുര തോട്.

തെള്ളി തോട്.

കൊച്ചുവീട്ടിൽ തോട്.

ചെനപ്പാറ തോട്.

നീർവാളം തോട്.

കരിങ്ങോലി തോട്.

കണ്ണാട്ട് തോട്.

പൂവം തോട്.

തടിതോട്.

വരമ്പനാൽ തോട്.

കൈപ്പള്ളി തോട്.

എണ്ണക്കാട് തോട്.

വാർഡ് 2

കരണിക്കാട് തോട്.

വട്ടകത്തറ തോട്.

വാർഡ് 3

കാരയ്ത തോട്.

തളിച്ചുകുഴി തോട്.

കാരിവര തോട്.

കോഴിമല തോട്.

മുച്ചാംകുഴി തോട്.

കുരങ്ങുംപൊയ്ക തോട്.

വാർഡ് 4

പുളിക്കതോട്.

കാനംതോട്.

ചാലക്കുഴിതോട്.

വല്ല്യരിതോട്.

വാർഡ് vi

കോട്ടൂർതോട്.

പന്നിയാർതോട്.

ഇടവരുത്തിതോട്.

കൂട്ടമാവ്തോട്.

കോഴിമലതോട്.

കുഴിക്കാട്തോട്.

ചീൽച്ചിറതോട്.

പുതുശ്ശേരിതോട്.

വാർഡ് 7

വെള്ളാനിതോട്.

കൊമ്പംപാറതോട്.

അന്നാസ്കൈവഴിതോട്.

ആനക്കാട്തോട്.

വാർഡ് 8

വള്ളിയാംകാവ് തോട്.

വാർഡ് 9

നെടുംതോട്.

ആറുകൾ

പന്നിയാർ

അഴുതയാർ

കൊക്കയാർ

ഇവയിൽ പന്നിയാർ കൊക്കയാർ, അഴുതയാർ, നെടുംതോട്, പന്നിയറത്ത്പാറതോട്, മതമ്പാതോട്, കോട്ടൂർതോട്, പാലൂർക്കാവ് തോട് എന്നിവ ഒഴികെ ബാക്കി എല്ലാ തോടുകളിലും വർഷകാലത്തു മാത്രമേ വെള്ളമുള്ളൂ.

കുളങ്ങൾ

പാഞ്ചാലിക്കുളം

തവളക്കുളം

നല്ലതണ്ണികുളം

കടമാൻകുളം

ചടയൻകാവ്കുളം

എരണക്കാപള്ളിക്കുളം

തരിശുഭൂമി

പാഞ്ചാലിമേട്, നല്ലതണ്ണി, കൊമ്പപാറ പ്രദേശം ചെന്നാപ്പാറമുകൾ തുടങ്ങി 500 ഏക്കറോളം തരിശു ഭൂമി പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്.

കൂലിനിരക്ക്

പുരുഷന്മാർ	:	80.00 രൂപ
സ്ത്രീകൾ	:	50.00 രൂപ

മണ്ണു പരിശോധന

പഞ്ചായത്തിൽ നാമമാത്രം കർഷകർ മാത്രമേ മണ്ണു പരിശോധന നടത്തുന്നുള്ളൂ.

കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ

കുരുമുളകു കൃഷിയെ ബാധിക്കുന്ന പ്രധാന രോഗം ധ്രുതവാട്ടവും വേരുചീയലുമാണ്.

തെങ്ങ് - കാറ്റുവീഴ്ച

റബ്ബർ - പട്ടമരപ്പ്, ചീക്ക്, കുമിൾരോഗം

കാപ്പി - കമ്പ് ഉണങ്ങൽ

ഇഞ്ചി - നരപ്പ്, അഴുക്കൽ

വളപ്രയോഗം

രാസവളവും, ജൈവവളവും ആണ് കർഷകർ സാധാരണ ഉപയോഗിക്കുന്നത്.

കീടനാശിനിപ്രയോഗം.

റബ്ബർകൃഷിക്കു മാത്രമാണ് കീടനാശിനി ഉപ യോഗിക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ മറ്റ് കൃഷി കൾക്ക് കീടനാശിനി ഉപയോഗിക്കുവാൻ അറിവി ല്ലായ്മ മുഖ്യ പ്രശ്നമാണ്.

കാർഷിക വായ്പ

പെരുവന്താനം സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ്

ഇൻഡ്യ, ഇടുക്കി ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക്, നെടുങ്കണ്ടം കാർഷിക വികസന ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും കർഷകർക്ക് കാർഷിക വായ്പ്പ ലഭിക്കുന്നുണ്ട്. എന്നാൽ എടുത്ത വായ്പ്പ തിരിച്ചട ക്കുന്നതിൽ കർഷകർ കാണിക്കുന്ന വിമുഖത കാ രണം വായ്പ കൊടുക്കുന്നതിൽ കർശന നിലപാട് സ്വീകരിച്ചിട്ടുണ്ട്.

നേഴ്സറികൾ

നമ്മുടെ പഞ്ചായത്ത് അതിർത്തയിൽ രണ്ടു നേഴ്സറികളാണ് ഉള്ളത്. കൃഷിഭവന്റെ അംഗീകാര മുള്ള കണിയാംപറമ്പിൽ നേഴ്സറിയാണ് റബ്ബർ ഒഴി കെയുള്ള മറ്റ് നടീൽ വസ്തുക്കൾ വിതരണം ചെയ്യു ന്നത്. എന്നാൽ കൃഷിക്കാർക്ക് ആവശ്യാനുസരണം തൈകൾ യഥാസമയത്ത് കൊടുക്കുവാൻ കഴിയുന്നില്ല. വാണിയപ്പുര നേഴ്സറി റബ്ബർ തൈകൾ മാത്രമാണ് വിതരണം ചെയ്യുന്നത്. ഇവിടെയും മേൽ സൂചിപ്പിച്ച കുറവ് നിലനിൽക്കുന്നു.

കൃഷി ഭവൻ

1985- ലാണ് കൃഷിഭവൻ നിലവിൽ വന്നത്. നാമമാത്രമായ കൃഷിക്കാർക്ക് ഒഴികെ കൃഷിഭവന്റെ സഹായം ലഭക്കുന്നില്ല.

പഞ്ചായത്ത് അതിർത്തിയിൽ കുരുമുളക് സംരക്ഷണസമിതി, കേരവികസന സമിതി റബ്ബർ ഉത്പ്പാദക സംഘത്തിന്റെ 7 യൂണിറ്റുകളും കൊക്കോ ഉത്പ്പാദക സംഘത്തിന്റെ ഒരു യൂണിറ്റും പ്രവർത്തിക്കു ന്നുവെങ്കിലും, കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കു ന്നതിൽ വീഴ്ച വരുത്താറുണ്ട്. കർഷകർ അവരുടെ ഉത്പ്പന്നങ്ങൾ പഞ്ചായത്ത് അതിർത്തിയിലെ മലഞ്ച രക്ക് കടകളിലും സമീപ പട്ടണമായ മുണ്ടക്കയത്തു മാണ് വിറ്റഴിക്കുന്നത്. പലപ്പോഴും കർഷകർക്ക് അർഹ മായ വില ലഭിക്കുന്നില്ലായെന്ന പരാതി ഉയർന്നു വരാറുണ്ട്.

പ്രശ്നങ്ങൾ

1. അശാസ്ത്രീയമായ കൃഷിരീതിമൂലം വളക്കൂറുള്ള മേൽമണ്ണ് നഷ്ട്ടപ്പെടുന്നു.
2. അതിവൃഷ്ടിയും, അനാവൃഷ്ടിയും മൂലം കൃഷി ക്ക് നാശനഷ്ടം സംഭവിക്കുന്നു.
3. പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് കൃഷിക്ക് ആവശ്യമായ ജലസേചനം ലഭിക്കാത്തത്.
4. കൃഷിഭവന് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ കർഷകർക്ക് ആവശ്യമായ വളങ്ങളും, കീടനാ ശിനികളും, തൈകളും സ്റ്റോക്ക് ചെയ്യുവാൻ കഴിയാഞ്ഞത്.
5. വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവ് കാർഷിക ഉത്പ്പാദനത്തെ സാരമായി ബാധി ക്കുന്നു.
6. കർഷക തൊഴിലാളികളുടെ കൂലിക്ക് അനുസര ണമായ കാർഷിക ഉത്പ്പന്നങ്ങളുടെ വില ഇല്ലായ്മ.
7. മണ്ണു പരിശ്ശോധിച്ച് വളപ്രയോഗം നടത്താത്തത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
8. ആധുനിക കാർഷികോപകരണങ്ങൾ സബ്സീഡി നിരക്കിൽ ലഭിക്കാത്തത്.
9. കർഷകർക്ക് (തമിഴ്നാട് രീതിയിൽ) സൗജന്യ നിരക്കിൽ വൈദ്യുതി ആവശ്യാനുസരണം ലഭിക്കാത്തത്.
10. കർഷകതൊഴിലാളികളുടെ എണ്ണക്കുറവും ശാ സ്ത്രീയമായ കൃഷിരീതിയെക്കുറിച്ച് അറിവി ല്ലായ്മയും.

നിർദ്ദേശങ്ങൾ.

1. കൃഷിക്ക് ആവശ്യമായ ജലസേചനം ലഭിക്കു വാൻ കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുക.
2. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വർഷത്തിൽ ര ണ്ടു തവണയെങ്കിലും കാർഷിക സെമിനാർ നടത്തുക.
3. കൃഷിക്ക് പഞ്ചായത്ത് തലത്തിൽ ഇൻഷുറൻസ് (സൗജന്യം) ഏർപ്പെടുത്തുക.

4. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏറ്റവും നല്ല കർഷകനെ തിരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുക.

5. പഞ്ചായത്ത് തലത്തിൽ പച്ചക്കറിവിത്ത് സൗജന്യ മായി വിതരണം ചെയ്ത് കൃഷിരീതിയെപ്പറ്റി കാർഷിക സെമിനാർ നടത്തുക.

6. കൃഷിക്കാരുടെ ഉത്പ്പന്നങ്ങൾ വിറ്റഴിക്കുവാൻ മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കുക.

7. മാവ്, പ്ലാവ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങൾ മറ്റു കൃഷിക്ക് ദോഷം ചെയ്യാത്ത രീതിയിൽ കൃഷിയി ടങ്ങളിൽ വ്യാപിപ്പിക്കുവാൻ കഴിയണം.

8. നമ്മുടെ പ്രദേശങ്ങളിൽ കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി ഫലപ്രദമായ രീതിയിൽ സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കഴിയണം.

9. മണ്ണു പരിശോധനക്കുള്ള ലാബട്ടറി പഞ്ചായ ത്തിൽ സ്ഥാപിക്കുക. കൃഷി ആഫീസറുടെ സേവനം കാർഷികമേഖലയിൽ ഉറപ്പു വരുത്തുക.

10. കൂട്ടുകൃഷി സമ്പ്രദായം ഈ മേഖലയിൽ കൈവ രുത്തുക.

11. ഒറ്റപൂപ്പ് കൃഷിയുടെ ഉത്പ്പാദനം വർദ്ധിപ്പിക്കുക.

12. ശരിയായ രീതിയിൽ സുരക്ഷാ സംവിധാനങ്ങ ളോടെ ശരിയായ അളവിലും, കീടനാശിനി പ്രയോ ഗിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

13. ജൈവവള പ്രയോഗത്തിന് പ്രോത്സാഹനം നൽകുക.

14.മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല പദ്ധതി, മരം വച്ചു പിടിപ്പിക്കൽ എന്നിവക്ക് ധനസഹായം നൽകുക.

15. വീടു പരിസരത്ത് വളക്കുഴികൾ നിർമ്മിക്കുക.

16. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തല ത്തിൽ മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കുക.

17.ധാരാളം വിപണന സാധ്യതയുള്ള ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയവ പുഷ്പ്പകൃ ഷിക്ക് ധനസഹായം ചെയ്യുക.

18. കാർഷിക വായ്പ്പയുടെ പലിശനിരക്ക് കുറക്കു കയും വായ്പ്പയോടൊപ്പം ലഭിക്കുന്ന വിത്തുകളും വളവും ഗുണമേന്മയുള്ളത് കൊടുക്കുക.

19. നമ്മുടെ പഞ്ചായത്തിൽ ജലസേചന സൗകര്യ ത്തിന് ചെക്ക്ഡാം നിർമ്മിക്കുവാൻ കഴിയുന്ന പന്നിയാർ, അഴുതയാർ,കൊക്കയാർ, നെടുംതോട് ഇവിടങ്ങളിൽ ഡാം നിർമ്മിക്കുക.

20. അടുക്കള തോട്ടം പ്രോത്സാഹിപ്പിക്കുക.

21. പഞ്ചായത്ത് ആഫീസിനോടു ചേർന്നുള്ള സ്ഥലത്ത് കൃഷിഭവന് കെട്ടിടം നിർമ്മിക്കുകയും വാടകകെട്ടിടത്തിൽനിന്നും ആഫീസ് മാറ്റി സ്ഥാപിക്കുകയും ചെയ്യുക.

അനുബന്ധം

1. കൃഷിക്ക് ആവശ്യമായ നേഴ്സറികൾ സ്ഥാപിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.

2. കണയങ്കവയൽ പ്രദേശത്ത് വിപുലമായ തോതിൽ പച്ചക്കറി കൃഷി നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

പെരുവന്താനം പഞ്ചായത്ത്
3.5 നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995 96
തെങ്ങ്	1678 Nos.	235	700
കശുമാവ്	-	-	-
കുരുമുളക്	6000 Nos.	7000	40000
കവുങ്ങ്	316 Nos.	-	-


പെരുവന്താനം പഞ്ചായത്ത്
3.6 ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണം(ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്തതുക
	വെള്ളപൊക്കം	വരൾച്ച	കൊടുകാറ്റ്	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993-94					39 Nos.	2, 3039
					98Nos.	50769
1994-95					173 Nos.	128002
1995-96					67Nos.	1, 87164

പെരുവന്താനം ഗ്രാമപഞ്ചായത്ത്
3.7 തെങ്ങ്കൃഷി സംബന്ധിച്ചവിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ്കൃഷി വിസ്തീർണം	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്				മറ്റുളവ	ആകെ
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബട്ട് റൂട്ട്	സ്റ്റെം ബ്ലീഡിങ്ങ്		
1	2	3	4	5	6	7	8	9	10	
1	12	450	1350	1800	1%	5%	1%	5%		
2	118	3060	2400	2700	2%	1%	2%	2%		
3	26	600	3300	3500	1%	2%	5%	1%		
4	27	900	350	4050	2%	2%	8%	15		
5	31	300	4350	4350	1%	1.5%	2%	1.5%		
6	42	600	5700	6300	2%	2.5%	2%	5%		
7	40	450	5550	600	1%	15%	1%	5%		

ഗതാഗതവും ഊർജ്ജവും



ഗതാഗതവും ഊർജ്ജവും

ആമുഖം

പെരുവന്താനം ഗ്രാമപഞ്ചായത്ത് 1953-ൽ രൂപീകൃതമാകുമ്പോൾ എസ്റ്റേറ്റ് മേഖലയിൽ സ്വകാര്യ റോഡുകളും, കോട്ടയം കുമളി വക കെ.കെ.റോഡും, പെരുവന്താനം വില്ലേജ് റോഡുമായിരുന്നുണ്ടായി രുന്നത്. വിവിധ മേഖലകളിൽ നിന്നും കുടിയേറിയ കർഷകർ ഗ്രാമങ്ങളിൽ നടപ്പാത വെട്ടിത്തെളിച്ചാണ് കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കുകയും നിത്യോപ യോഗസാധനങ്ങൾ കൊണ്ടുവരികയും ചെയ്തിരു ന്നത്. ഇതിൽ പ്രധാന നടപ്പാതയായിരുന്നത് മുറിഞ്ഞ പുഴയിൽ നിന്നും കപ്പാലുവേങ്ങയിൽ എത്തി അമലഗിരി ടോപ്പ് വഴി കരണിക്കാട്, താവളം മൂട് കുന്നക്കൽ പുരയിടം വഴി കൊടികുത്തി കെ.കെ.റോ ഡിൽ എത്തിച്ചേർന്നിരുന്ന വഴിയായിരുന്നു. ചുമട് വലിക്കുവാൻ ഉപയോഗിച്ചിരുന്നത് കഴുതയും കാള യുമാണ്. ആദ്യകാലത്ത് 3 മീറ്റർ വീതിയിൽ 1/2 കിലോമീറ്റർ ദൂരത്തിൽ റോഡ് ഉണ്ടായത് PWD വക പെരുവന്താനം വില്ലേജ് റോഡാണ്. 1968-ൽ റ്റി.കെ.ദിവാകരൻ മന്ത്രിയായിരുന്നപ്പോൾ നിർമ്മിച്ച റോഡായ മുറിഞ്ഞപുഴ, മതമ്പാ, റോഡാണ് നമ്മുടെ പഞ്ചായത്തിന്റെ മുഖചരായ മാറുവാനും വിവിധ പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കുന്നതിന് പ്രചോദനം നൽകിയതും.

നമ്മുടെ പൂർവ്വികന്മാരുടെ ദീർഘവീക്ഷണ ത്തിന്റെയും, അദ്ധാനത്തിന്റെയും പലമായിട്ടാണ് പഞ്ചാ യത്തിലെ എല്ലാ റോഡുകളുടെയും നിർമ്മാണ പ്രവർ ത്തനം തുടങ്ങിയത്. പിന്നീട് സർക്കാരിന്റെ വിവിധ പദ്ധതികളിൽ നിന്നും നാമമാത്രമായ തുക റോഡു കൾക്ക് അനുവദിച്ചുവെങ്കിലും പല റോഡുകളും ഇ ന്നും പൂർത്തിയായിട്ടില്ല. പഞ്ചായത്ത് റോഡുകളിൽ ആകെ 10 കിലോ മിറ്ററിൽ താഴെ മാത്രമെ ടാർ ചെ യ്യുവാൻ നാളിത് വരെ കഴിഞ്ഞിട്ടുള്ളൂ. റോഡുകളുടെ അറ്റകുറ്റപണികളും ഓട നിർമ്മാണവും യഥാസമയത്ത് നടത്താത്തതിനാൽ പല റോഡുകളും ഇന്ന് ഗതാഗത യോഗ്യമല്ലാതെയായിരിക്കുന്നു.

റോഡ് ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ എല്ലാ പ്രദേശങ്ങളിലും യാത്രാക്ലേശം വളെയേറെ അനുഭവപ്പെടുന്നു. ബസ് ഗതാഗതം നിലവിലുള്ളത് കെ.കെ റോഡിലും, എസ്റ്റേറ്റ് മേഖലയിൽ ഭാഗികമായും, പാലൂർക്കാവ്, തെക്കേമല പ്രദേശത്തും, കണയങ്കവയലിലും, മാത്രമാണ്. എസ്റ്റേറ്റ് മേഖലയിൽ പ്രൈവറ്റ് റോഡ് ആയതിനാൽ ബസ് ഉടമകളിൽ നിന്ന് അമിതമായ ടോൾ ഈടാക്കുന്നത് കൊണ്ട് പല ബസുകളും സർവ്വീസ് നിറുത്തുകയും ചെയ്തിട്ടുണ്ട്. ടോൾ പ്രശ്നമുള്ളതിനാൽ K.S.R.T.C ബസ് സർവ്വീസ് നടത്തുവാനും കഴിയുന്നില്ല. കമ്പിനി യിൽ കൂടി കടന്നുപോകുന്ന തെക്കേമല, പാലൂർക്കാവ് പ്രദേശത്തേക്കുള്ള പ്രധാന റോഡിന്റെ 3.1 കിലോമീ റ്റർ ദൂരം കമ്പനി വക റോഡ് ആയതിനാൽ മുൻസൂചി പ്പിച്ച ടോൾ ഇവിടേയും ബാധകമായതിനാൽ ബസ് സർവ്വീസുകൾ കുറവാണ്. ഈ റോഡിന്റെ 3.1 കിലോ മീറ്റർ ദൂരം സ്വതന്ത്രമായി തുറന്നുകൊടുക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട് ഒട്ടനവധി ബഹുജനസമരങ്ങൾ നടന്നിട്ടുണ്ട്.

കണയങ്കവയൽ പ്രദേശത്തേക്ക് മുൻപ് ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഉണ്ടായിരുന്നത് നിറത്തലാക്കി. പ്രൈവറ്റ് ബസ് പെർമിറ് എടുത്താൽ കൃത്യമായി ഓടാറില്ല. ഇതിന്റെ പ്രധാന കാരണം റോഡുനിർമ്മാണത്തിൽ വന്ന സാങ്കേതിക പിഴവാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്ത തിനാൽ റോഡ് ആകെ തകർന്നിരിക്കുകയാണ്. റോഡിന്റെ കുത്തനയെുള്ള കയറ്റവും, വീതികുറവും, കൊടും വളവും പലപ്പോഴും അപകടങ്ങൾക്ക് ഇടവരു ത്തുവാൻ സാദ്ധ്യതകളുണ്ട്. അടിയന്തിരമായി റോഡിന്റെ വീതി വർദ്ധിപ്പിക്കുകയും കയറ്റം കുറയ്ക്കു വാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പഞ്ചാത്തിലെ വിവിധ റോഡുകളുടെ പട്ടിക

പട്ടിക 1

	P.W.D.റോഡ്			
ക്രമനമ്പർ	റോഡിന്റെ പേര്	നീളം	വീതി	ഇനം
1	കെ.കെ.റോഡ്	15.5 Kms.	8 M	ടാർ

പട്ടിക 2

പഞ്ചായത്ത് വക ടാർ റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്	നീളം	വീതി	ഇനം
1	മുറിഞ്ഞപുഴ മതമ്പ റോഡ്	12KM	6M	ടാർ (7Kms Only)
2.	പെരുവന്താനം അമ്പലം റോഡ്	1Km	6M	ടാർ
3.	കൊടികുത്തി പാലൂർക്കാവ് റോഡ്	1/2Km	8M	ടാർ
4.	ചുഴുപ്പ് ആനചാരി റോഡ്	2 1/2 Km	5M	”
5.	ചുഴുപ്പ് നല്ലതണ്ണി റോഡ്	3Km	5M	”
6.	മണിയ്ക്കൽ പാലൂർക്കാവ് റോഡ്	2Km	8M	”
7.	പാലൂർക്കാവ് തെക്കേമല	3 Km	8M	”
8.	ചെറുവള്ളിക്കാവ് പുറക്കയർ	2Km	8M	”
	ആകെ	**26Km**		

പട്ടിക 3

പെരുവന്താനം ഗ്രാമപഞ്ചായത്ത് വാർഡ് തിരിച്ച് മൺറോഡുകളുടെ വിവരം

നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം Km	വീതി M
1.	I	കൊടികുത്തി-പാലൂർക്കാവ് റോഡ്	3 1/2	8
2.		മൂഴക്കൽ-മുക്കുഴി	4	6
3.		നിർമ്മലഗിരി-തവാരണ	2	6
4.		മൂഴിക്കൽ-കുറ്റിക്കയം	3 1/2	6
5.		മൂഴിക്കൽ-തടിത്തോട്	2	6
6.		മൂഴിക്കൽ-പാറത്തോട്	2	6
7.	II	മൂഴിക്കൽ-തെള്ളിത്തോട്	1	6
8.		പെരുവന്താനം-കൊടികുത്തി-പെരുവന്താനം ലക്ഷംവീട് കോളനി	2	4
9.		പെരുവന്താനം-കരണിക്കാട്	1.5	4
10.		റേഷൻകട-അമ്പലം റോഡ്	1	5
11.		പെരുവന്താനം-താവളം റോഡ്	1	4
12.		അമ്പലം-പാലൂർക്കാവ് റോഡ്	1	8
13.		പുഴുപ്പ്-മേലോരം റോഡ്	3	4
14.		മുസ്ലീംപള്ളി-തുവരംപടി റോഡ്	1	4
15.		പുലുതൂക്കിപ്പാറ റോഡ്	1	4
16.		പാറയ്ക്കൽ-കല്ലുകീറി	1	4
17.		പുളിചുവട്-പൂവത്തിങ്കൽ	1	4
18.		അമ്പലം-അമ്പലക്കുളം റോഡ്	1.5	3
19.	III	ചുഴുപ്പ്-ആനചാരി റോഡ്	3.5	5
20.		ചുഴുപ്പ്-നെടിയോരം റോഡ്	4	5
21.		ചുഴുപ്പ്-നല്ലതണ്ണി റോഡ്	5	5

22.		ആനചാരി-കൊങ്ങാട് റോഡ്	1.5	4
23.		ചുഴുപ്പ്-നെടിയോരം ടോപ്പ്	1.5	4
24.		പുല്ലുപാറ-കൊക്കറോഡ്	4	4
25.		ചുഴുപ്പ്-കരണിക്കാട് റോഡ്	1.5	4
26.		അമലഗിരി-പാലക്കുഴി റോഡ്	1	4
27.		ആനചാരി-മേലോരം റോഡ്	2	4
28.	IV	മണിയ്ക്കൽ-പാലൂർക്കാവ് റോഡ്	6	8
29.		പാലൂർക്കാവ്-വാകമല റോഡ്	2	6
30.		മുളങ്കനം-വാകമല റോഡ്	2	3
31.		പാലൂർക്കാവ്-റോഡ് കാരിവന റോഡ്	2	5
32.		പാലൂർക്കാവ്-കോളനി റോഡ്	2	3
33.		പാലൂർക്കാവ്-ചുഴുപ്പ് റോഡ്	3	5
34.		വാകമല ടോപ്പ്-തെക്കേമല റോഡ്	1.5	3
35.	IV	വാകമല-അടിവാരം റോഡ്	1	4
36.	V	തെക്കേമല-മാടൻതറ റോഡ്	3	4
37.		മാടന്തറ-പാലക്കുഴി റോഡ്	3	3
38.		മാടൻതറ-കപ്പാലുവേങ്ങ റോഡ്	3	3
39.		തെക്കേമല-വാകമല-കടമാൻകുളം	10	4
40.		തെക്കേമല-കാനനമല റോഡ്	3	3
41.		തെക്കേമല-നെടിയോരം	3	4
42.		നെടിയോരം-കാരിയം	1	4
43.		ചെറുവള്ളിക്കുളം-പുറക്കയം	3	8
44.		വളഞ്ചാൽ-ഇരുമ്പുളുകാനം	3	6
45.		കണയങ്കവയൽ-പുറക്കയം	2.5	8
46.		കൂട്ടമാവ്-കൊയ്നാട്	1.5	4
47.		ചെറുവള്ളിക്കുളം-കുരിശ്-ഇന്ദപൂജകാനം	2	5
48.		കണയങ്കവയൽ-ചെറുവള്ളിക്കളം	3.5	5

49.	കപ്പാലുവേങ്ങാ-ചെറുവള്ളിക്കുളം	3.5	5
50.	പുറക്കയം-പന്നിയറത്തു പാറ റോഡ്	3	4
51.	കപ്പാലുവേങ്ങ-നല്ലതണ്ണി	2	4
52.	കപ്പാലുവേങ്ങ-തെക്കേമല	4	4
53.	അന്നാസ്-ഏറത്ത്പടി റോഡ്	5	4
54.	ഏറത്ത്പടി-കണയങ്കവയൽ	3	4
55.	ഏറത്ത് പടി-വെള്ളാനി	4	3
56.	വെള്ളാനി-കണയങ്കവയൽ	3	4
57.	കപ്പാലുവേങ്ങ-കൊമ്പൻ പാറ	4	3
58.	കൊമ്പൻപാറ-I-H.D.P. കോളനി	3	4
	ആകെ	**152.5**	

പട്ടിക 4

പെരുവന്താനം ഗ്രാമ പഞ്ചായത്ത്

എസ്റ്റേറ്റ് റോഡുകൾ

	വാർഡ് ഏഴ്, എട്ട്, ഒൻപത് റോഡ്	ദൂരം Km	വീതി M	ടാർ	മണ്ണ്	യാത്രാ സൗകര്യം
1.	മുണ്ടക്കയം മതമ്പാ റോഡ്	22	8			ഉണ്ട്
2.	മുണ്ടക്കയം, മണിക്കൽ	3.1	8			”
3.	മാട്ടുപെട്ടി, വള്ളിയാംകാവ്	6	8			
4.	കടമാൻകുളം മഞ്ഞക്കല്ല്	5	8			ഇല്ല
5.	EDK മഞ്ഞക്കൽ റോഡ്	4	8			ഇല്ല
6.	കടമാൻകുളം ആനക്കളം	5	8		5	”
7.	കുപ്പക്കയം, ബംഗ്ലാവ് റോഡ്	2	8			”
8.	കുപ്പക്കയം, തെക്കേമല	3	8	-	3	”
9.	കുപ്പക്കയംNo.8 വള്ളിയാംകാവ്	4	8	-	4	”
10.	വള്ളിയാംകാവ് ചെ.താഴെ	4	6	-	4	”
11.	കുപ്പക്കയം താഴെ, ചെ.താഴെ	3	6	-	3	”
	ആകെ		**61.1**			

പട്ടിക 5

ക്രമ നമ്പർ	പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ	ദൂരം Km	വീതി M
1.	മുച്ചാംകുഴി റോഡ് മേലോരം റോഡുമായി ബന്ധിപ്പിക്കുക	2	6
2.	അമലഗിരി പാലക്കുഴി റോഡ്	3	6
3.	കൊങ്ങാട് കൊക്കറോഡ്	1	6
4.	കൊടുകുത്തി ലക്ഷംവീട് കോളനി റോഡ്	.5	6
5.	മുച്ചാംകുഴി ആനചാരി റോഡ്	1	6
6.	ചെങ്കല്ലുമാവ് റോഡ്	1.5	6
7.	കരണിക്കാട് കോളനി റോഡ്	300	6
8.	അമ്പലം പാലൂർക്കാവ് റോഡ്	3	6
9.	വടക്കേൽ കല്ലുകീറി റോഡ്	.5	6
10.	വാകമല റോഡ്	3	6
11.	മാടന്തറ കപ്പാലുവേങ്ങ റോഡ്	3	6
12.	തെക്കേമല നെടിയോരം റോഡ്	3	6
13.	പാലക്കുഴി അമലഗിരി റോഡ്	4	6
14.	കപ്പാലുവേങ്ങ ചെറുവള്ളിക്കുളം റോഡ്	3	6
15.	പന്നിയറത്തുപാറ കൊയ്നാട് റോഡ്	3	6
16.	കൊമ്പൻപാറ കോളനി കപ്പാലുവേങ്ങ റോഡ്	3	6
17.	താവളം കൊടികുത്തി റോഡ്	1	6
18.	താവളം കിണർ കുളിക്കടവ് റോഡ്	.3	6
19.	അമ്പലം ക്ഷേത്രകുളം റോഡ്	.5	6

വാർഡുതിരിച്ചുള്ള വികസന നിർദ്ദേശങ്ങൾ

വാർഡ് 1

1. ആയിരക്കണക്കിന് ശബരിമല തീർത്ഥാടകർ നിത്യേന എത്തിച്ചേരാറുള്ള മൂഴിക്കൽ പ്രദേശത്ത് നിർമ്മാണത്തിലിരിക്കുന്ന തോപ്പിൽക്കടവ് പാലത്തിന്റെ പണികൾ സർക്കാർ ഏറ്റെടുത്ത് പൂർത്തിയാക്കുകയും മൂഴിക്കൽ-മുക്കുഴി റോഡ് ടാർചെയ്യുകയും ചെയ്യുക.

2. കൊടികുത്തി പാലൂർക്കാവ് റോഡ് ടാർ ചെയ്യുക.

3. മൂഴിക്കൽ കുറ്റിക്കയം റോഡ് ടാർ ചെയ്യുക.

4. തടിത്തോട്, പാറാം തോട്, തെള്ളിത്തോട് റോഡുകളുടെ മൺവേല പൂർത്തിയാക്കി മെറ്റൽ ചെയ്യുക.

5. നിർമ്മലഗിരി, തവാരണ റോഡ് ടാർ ചെയ്യുക.

6. മുണ്ടക്കയം ഈസ്റ്റിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

വാർഡ് 2

6. പെരുവന്താനം, കൊടികുത്തി OLH കോളനി റോഡ് ടാർ ചെയ്യുക.

7. പെരുവന്താനം-കരണിക്കാട് റോഡ്, റേഷൻകട-അമ്പലം റോഡ്, താവളം റോഡ്, അമ്പലം-പാലൂർക്കാവ് റോഡ്, ചുഴുപ്പ്-മേലോരം റോഡ്, മുസ്ലീം പള്ളി-തുമരം മുടി റോഡ്, പുല്ലുതൂക്കിപ്പാറ റോഡ്, പാറയ്ക്കൽ-കല്ലുകീറി റോഡ്, പുളിച്ചുവട് എന്നീ റോഡുകൾ ടാർ ചെയ്യുക.

8. ചുഴുപ്പ് മേലോരം റോഡിൽ കലുങ്കും, തടയും നിർമ്മിച്ച് ടാർ ചെയ്യുക.

9. കൊടുകുത്തി-ചാലൂർക്കാവ് റോഡ്, കരണിക്കാട് റോഡ്, കൊടുകുത്തി OLH കോളനി, അമ്പലം പാലൂർക്കാവ് റോഡ്, താവളം റോഡ് എന്നിവിടങ്ങളിൽ സംരക്ഷണ ഭിത്തിയും, കലുങ്കും, ഓടയും നിർമ്മിക്കുക.

10. കൊടികുത്തി OLH കോളനി കരണിക്കാട് കോളനി, അമ്പലം വാഴവേലി പുരയിടം CT പടി മേലോരം, K. K. റോഡിൽ നിന്നും തുമരം മുടി ഭാഗത്തേയ്ക്കും നടപ്പാത നിർമ്മിക്കുക.

11. മുച്ചാംകുഴി തോട്ടിൽ ചപ്പാത്ത് നിർമ്മിക്കുക.

വാർഡ് 3

12. ചുഴുപ്പ് ആനചാരി റോഡിന്റെ ടാറിംഗ് വേല പൂർത്തിയാക്കുക.

13. ചുഴുപ്പ് നെടിയോരം റോഡിന്റെ ടാറിംഗ് പൂർ ത്തിയാക്കുക.

14. ചുഴുപ്പ് അലഗിരി റോഡിന്റെ രണ്ടാം റീച്ച് ടാറിംഗ് നടത്തുക.

15. ആനചാരി, കൊക്ക ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.

16. നെടിയോരം, ടോപ്പ് റോഡിന്റെ മൺവേല പൂർത്തിയാക്കുക.

17. പുല്ലുപ്പാറ, കൊക്ക റോഡിന്റെ മൾവേല പൂർത്തിയാക്കുക.

18. നോടിയോരം റോഡിൽ കിഴക്കേ തോട്ടുങ്കൽ

19. ആനചാരി, കൊക്ക റോഡിൽ റിട്ടടേണിഗ് വാൽവ് നിർമ്മിക്കുക സെന്റ് ജോസഫ് സ്കൂളിനടുത്ത് കലുങ്ക് നിർമ്മിക്കുക

20. എല്ലാ റോഡുകൾക്കും ഓടനിർമ്മിക്കുക

21. അമലഗിരിതാഴെനിന്നും ടോപ്പിലെയ്ക്കും, 40-ാം മൈലിൽനിന്ന് ആനചാരിക്കും, നടപ്പാത നിർമ്മിക്കുക.

22. മുറിഞ്ഞപുഴയിലും അമലഗിരിയിലും പുല്ലുപാറ

യിലും വെയിറ്റിഗ്ഷെഡ് നിർമ്മിക്കുക

വാർഡ് 4

23. മുണ്ടക്കയം ഈസ്റ്റ് മുതൽ അമ്പലം ജംഗ്ഷൻ വരെയുള്ള 3.1 കി.മീ. ദൂരെയുള്ള എ സ്റ്റേറ്റ് റോഡ് സർക്കാർ ഏറ്റെടുത്ത് പഞ്ചായ ത്തിന് നൽകുക

24. കാരിവാരപാലത്തിന് വീതികൂട്ടുക.

25. പാലൂർക്കാവ് പുതുയ പാലംമുതൽ പെന്തി കോസ്റ്റ്പള്ളി വരെ റിട്ടേണിംഗ് വാൾ നിർ മ്മിക്കുക.

26. പാലൂർക്കാവ് ജോർജ്ജ് കടവിൽ ചപ്പാത്ത് നിർമ്മിക്കുക.

27.പാലൂർക്കാവ് വല്ലേരിയിലുള്ള നടപ്പാത പുതു ക്കിപണിയുക.

28. പാലൂർക്കാവ് കോളനിറോഡ്, കാരിവാരറോഡ് എന്നിവ ടാർ ചെയ്യുക. വാകമലറോഡ് ടാർ ചെയ്യുക പാലൂർക്കാവ് പുതിയപാലം പാലൂർ വാലി കോളനി ഇവിടങ്ങളിൽ വെയിറ്റിഗ് ഷെഡ് നിർമ്മിക്കുക.

29. പാലൂർക്കവ് ചുഴുപ്പ് റോഡ്, വാകമലടോപ്പ് തെക്കേമലറോഡ് എന്നിവയുടെ മണൽ വേല പൂർത്തിയാക്കി ഓട നിർമ്മിക്കുക ടാർചെയുക

30.പാലൂർക്കാവ് വാകമല, മുളങ്കാനം വാകമല റോഡ്കളുടെ പണിപൂർത്തിയാക്കി ടാർചെയ്യുക.

31. പാലൂർവാലി കോളനിയിലും, ലക്ഷംവീട് കോള നിയിലും നടകെട്ടുക

വാർഡ് 5

31. പാലൂർക്കാവ് തെക്കെമല റോഡിന്റെ അറ്റ കുറ്റപണിതീർത്ത് ഓട നിർമ്മിക്കുക.

32. തെക്കേമല മാടന്തറ റോഡ് റീച്ച് ടാർ ചെയ്യുക

33. മാടന്തറ പാലക്കുഴിറോഡ് ടാറ് ചെയ്യുക

34. പാലക്കുഴി അമലഗിരി റോഡിന്റെ പണി പൂർത്തിയാക്കുക.

35. മാടന്തറ കപ്പലുവേങ്ങറോഡിന്റെ പണി പൂർ ത്തിയാക്കുക

36. തെക്കേമല വാകമല, കടമാൻകുളം റോഡ് ടാർ ചെയ്യുക

37. തെക്കേമല കാനംമല റോഡ് ടാർചെയ്യുക

38. തെടിയോരം കെക്കകൈമല കാരിവരറോഡ് ടാർ ചെയ്യുക.തെക്കേമലയിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക

വാർഡ് 6

39. ശബരിമല തീർത്ഥാടലത്തതിന് ഏറ്റവും അനു യോജ്യമായ മുറിഞ്ഞപുഴ മതംബ, ചെന്നാപ്പാറ, കൊമ്പ്കുത്തിവഴി കോരുത്തോട് റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക

40. പുറക്കയം പാലം പണി പൂർത്തിയാക്കുക.

41. ചെറുവള്ളികുളം പുറക്കയം റോഡ് ടാർ ചെയ്യുക.

42. വളഞ്ചാൽ ഇരുപൂള്കാനം ചെറുവള്ളികുളം കുരിശ് ഇരുപൂള്കാനം റോഡിന്റെ മൺവേല പൂ2ത്തിയാക്കുക

43. കണയങ്കവയൽ പൂറക്കയം കട്ടുമാവ് കൊയി നാട് കണയങ്കവയൽ ചെറുവള്ളികുളം പുറ ക്കയം പന്നിയറത്ത്പ്പാറ കപ്പാലുവേങ്ങ നല്ല തണ്ണി കപ്പാലുവേങ്ങ-തെക്കേമല കൊയിനാട് പുതുശ്ശേരി കുഴി റോഡ്കളുടെ മൺവേല പൂർത്തിയാക്കി ടാർ ചെയ്യുക

വാർഡ് 7

44. അന്നാസ് ഏറത്തുംപടിറോഡ് മൺവേലയും ഓടയും നിർമ്മിച്ച് ടാർ ചെയ്യുക

45. ഏറത്തും പടി കണയങ്കവയൽ റോഡ് റിട്ടേണിംഗ് വാൾനിർമ്മിച്ച് ടാർചെയ്യുക

46. ഏറത്തും പടി വെള്ളാണി പുതുവൽ റോഡ് മൺവേല ചെയ്ത് ഓടനിർമ്മിക്കുക

47. വെള്ളാനി കണയങ്കവയൽ റോഡ് ടാർ ചെയ്യുക

48. കപ്പാലുവേങ്ങ കൊമ്പൻപാറ കോളനിയിലേക്ക് പുതിയ റോഡ് വെട്ടുക

49. വെള്ളാനികണയങ്കവയൽ റോഡിൽ സംരഷണഭിത്തി നിർമ്മിക്കുക.

50. ഏറത്തുംപടി വെള്ളാനി റോഡിൽ സംരക്ഷണഭിത്തികെട്ടുക.

51. കണയങ്കവയൽ മുതൽ മതംബ വെള്ളാനി പുതുവൽ വരെ നടപ്പാത നിർമ്മിക്കുക.

52. മതംബ കൊമ്പൻ പ്പാറകോളനിയിൽ നടപ്പാത നിർമ്മിക്കുക.

53. വെള്ളാനിൽ തോട്ടിൽ നടപ്പാലം പണിയുക ആനക്കുളത്തുനിന്നും പനയ്ക്കച്ചിറയിലേക്കുള്ള തോട്ടിൽ നടപ്പാത നിർമ്മിക്കുക.

54.വള്ളിയൻക്കാവ് ക്ഷേത്രത്തിലേക്കുള്ള റോഡ് ടാർ ചെയ്യുക

അനുബന്ധം

1. കോട്ടൂർ ചെറിവള്ളിക്കുളം കണയങ്കവയൽ റോഡ് വികസിപ്പിച്ച് ബസ് സർവ്വിസ് ആരംഭിക്കുക

2. അനക്കുളം ഏഴേക്കർ പനക്കച്ചിറയുമായി ബന്ധിപ്പിക്കുന്ന നടപ്പാത നിർമ്മിക്കുക,

3. പെരുവന്താനം താവളം റോഡ് ലക്ഷം വീട് കോളനിയുമായി ബന്ധിപ്പിക്കുക.

4. ഗതാഗതതടസമുണ്ടാക്കുന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റുക

ഊർജ്ജം.

കേരളത്തിൽ ഏറവും കുടുതൽ വൈദ്യുതി ഉൽപ്പാതിപ്പിക്കപെടുന്ന ജില്ലയാണ് ഇടുക്കി. പ്രസിദ്ധമായ ഹൈറേഞ്ചിന്റെ കവാടമാണ് നമ്മുടെ ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിന്റെ ഭൂരിപക്ഷം മേഖലകളിലും നാളിതുവരെ വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. കാലാകാലങ്ങളായി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രിസിറ്റിയുടെ മേജർ ഓഫീസിന് കെട്ടടിടമില്ല എന്ന പേര് പറഞ്ഞ് അടുത്ത ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു ഈ കാരണങ്ങളാൽ പഞ്ചാത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കിലോമീറ്ററുകൾ സഞ്ചരിച്ചു വേണം ഇലക്ട്രിസിറ്റി ആഫീസുമായി ബന്ധപെടുവാൻ. നമ്മുടെ പഞ്ചായത്തിലെ 85% ആൾക്കാരും വൈദ്യുതി ഉപയോഗിക്കുന്നത് ഗാർഹികാവശ്യങ്ങൾക്കാണ്. വേൾട്ടേജ് ക്ഷാമം വളരെ പ്രധാനപ്പെട്ട ഒരുവിഷയമാണ്. ഈ കാരണത്താൽ കുടിവെള്ള വിതരണം പോലും മുടങ്ങാറുണ്ട്

നമ്മുടെ പഞ്ചായത്തിൽ 2137 വൈദ്യതി ഗുണഭോക്താക്കളുണ്ട്. ഈപഞ്ചായത്തതിൽ 113 കിലോ മീറ്റർ വൈദ്യുതി ലൈനാളുള്ളത്.

പ്രശ്നങ്ങൾ

1. ബോർഡ് ജീവനക്കാരുടെ അനാസ്ഥയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖതയും ഉദ്യോഗസ്ഥരുടെ അഴിമതിയും പ്രാധാന പ്രശ്നമാണ്.

2. പഞ്ചായത്തുകളിൽ നിന്നും ഭീമമായ തുക തെരുവു വിളക്കുകൾ കത്തിക്കുന്നതിന്റെ ചാർജായി ഈടാക്കുന്നുവെങ്കിലും വിളക്കുകൾ ഒന്നുപോലും കത്തുന്നില്ല.

എട്ടുവർഷം മുൻപ് പഞ്ചായത്തതിലെ മുഴുവൻ തെരുവുവിളക്കുകളുടെ മുഴുവൻ ഒർഡിനറി ബൾബുകൾ മാറ്റി ട്യൂബുകൾ സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജ്ജ് പഞ്ചായത്ത് ഇലക്ട്രീസിറ്റിബോർഡിൽ അടച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഈ തീരുമാനം നടപ്പിൽ വരുത്തിയുട്ടില്ല. ഈകാരണത്താൽ പഞ്ചായത്തിന്റെ പതിനായിരക്കണക്കിന് രൂപയാണ് പ്രതിമാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്

3. ഇലക്ടിസിറ്റി ലൈനുകളിൽ വരുന്ന കേടുപാടുകൾ (പ്രധാനമായും വർഷകാലത്ത്) യഥാസമയത്ത് നന്നാക്കാതെ ദിവസങ്ങളോളം വൈദ്യുതി മുടങ്ങുന്നുണ്ട്.

4. സമ്പന്നവീടുകളിലെ സ്റ്റപ്പ് അപ്പ് ഉപയോഗം വോൾട്ടേജ് ക്ഷാമം രൂക്ഷമാക്കുന്നു.

സാദ്ധ്യതകൾ.

1. പുറക്കയം ഭാഗത്ത്പന്നിയറത്ത് തോട്ടിൽ ഡാം നിർമ്മിച്ച് വൈദ്യുതിഉൽപ്പാദിപ്പിക്കുവാൻ കഴിയും.

2. കണയങ്കവയൽ വിൻഡ് ഫാം പ്രോജക്ട് പൂർത്തിയാക്കുക.

3. 7-ാം വാർഡ് മതമ്പ കോക്കതോട്ടിൽ ഡാം കെട്ടിയാൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

4. ആവശ്യത്തിന് സോളാർ സെൽ ലഭ്യമായാൽ പഞ്ചായത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ കഴിയും.

5. ഗോവർഗ്യാസ് പ്ലാന്റുകൾക്ക് പ്രചാരണവും, ധന സഹായവും കൊടുത്താൽ ഒരു പരിധി വരെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ കഴിയും.

അനുബന്ധം.

1. പെരുവന്താനം പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുക.

2. 6,7 വാർഡുകളിൽ വൈദ്യുതി എത്തിക്കുക.

3. 7-ാം വാർഡിൽ വയറിംഗ് കഴിഞ്ഞ വീടുകൾക്ക് വൈദ്യുതി എത്തിക്കുക.

4. 2-ാം വാർഡിൽ താവളം കിണറിന് സമീപം സോഡിയം ലാമ്പ് സ്ഥാപിക്കുക.

നിർദ്ദേങ്ങൾ.

1. നിലവിലുള്ള സിഗിൾ ഫെസ് ലൈൻ മാറ്റി ത്രീഫേസ് ലൈൻ വളിക്കുക.

2. വേൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന നിർമ്മലഗിരി, 40-ാം മൈൽ, അമലഗിരിടോപ് പാലൂർക്കാവ് ,തെക്കെമല എന്നിവിടങ്ങളിൽ ട്രാൻഫോർമർ സ്ഥാപിക്കുക.

3. താഴെപ്പറയുന്ന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പും, സോളാർ സെല്ലും സ്ഥാപിക്കുക.

മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ജംഗഷൻ.	സോഡിയം വേപ്പർ
കല്ലേപ്പാലം	”
മണിക്കൽ	”
ആനക്കുളം.	”
എം.ഡി. കെ.	”
ഇ.ഡി.കെ.	”
കുപ്പക്കയം.	”
ചെന്നാപ്പാറമുകൾ.	”
ആയുർവേദ കവല.	”
പാലൂർവാലിക്കോളനി	സോളാർസെൽ
മതമ്പ ലക്ഷം വീട് കോളനി.	”
ഐ. എച്ച്.ഡി. പി. കോളനി.	”
വെള്ളാനി കോളനി.	”
അന്നാസ്	”
കണയങ്കവയൽ	”
കപ്പാലുവേങ്ങ	”
ചെറുവള്ളിക്കുളം.	”

മുറിഞ്ഞപുഴ.	,,
ജോതിസ് നഗർ .	,,
വള്ളിയാംകാവ്ക്ഷേത്രം.	,,
40-ാം മൈൽ	സോഡിയം വേപ്പർ
അമലഗിരി താഴെ	,,
അമലഗിരിടോപ്പ്	,,
നെടിയോരം.	,,
ആനചാരി.	,,
പെരുവന്താനം പാറയ്ക്കൽ.	,,
അമ്പലം ജംഗ്ഷൻ.	,,
കൊടികുത്തി കോളനി.	,,
ഗവ. ആശുപത്രി,	,,
നിർമ്മലഗിരി പള്ളി ജംഗ്ഷൻ.	,,
കരണിക്കാട് കോളനി.	,,

4. വൈദ്യുതിലൈൻവലിച്ചുകെണ്ടിരിക്കുന്ന മുറിഞ്ഞപുഴ, വള്ളഞ്ചാൽ ചെറുവള്ളിക്കുളം, പുറക്കയം എന്നിപ്രദ്ദേശത്തെ പണി അടിയന്തിരമായി പൂർത്തിയാക്കുകയും, കോട്ടൂർ, കണയങ്കവയൽ, കുട്ടമാവ് ഈ പ്രദ്ദേശങ്ങളിലേക്ക് ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.

5. ആർ.ഇ.സി.സ്കീമിൽ പെടുത്തി കൊമ്പൻ പാറ ഹരിജൻ കോളനി അടിയന്തിരമായി പൂർത്തിയാക്കുകയും. വെള്ളാനി, അന്നാസ്, ഏറത്തുപടി, എന്നീ പ്രദേശത്തും വൈദ്യുതി എത്തിക്കുക.

6. ജോതിസ് നഗർ കോളനി, കുറ്റിക്കയം തടിതോട് എന്നി ഭാഗങ്ങളിൽ വൈദ്യുതിഎത്തിക്കുക.

7. മൂഴിക്കൽ പാറത്തോട്, കുറ്റിക്കയം തടിതോട് എന്നീ ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക.

8. പുല്ലുതുക്കിപ്പാറ, താവളം, വട്ടകത്തറ, പാലൂർക്കാവ് അമ്പലം എന്നി മേഖലകളിൽ വൈദ്യുതി എത്തിക്കുക.

9. എല്ലാ പഞ്ചായത്ത് റോഡുകളിലും,ലക്ഷം വീട് ഹരിജൽകോളനികളിലും വഴിവിളക്കികർ സ്ഥാപിക്കുക.

10. വീടുകളിൽ ഗോബർഗ്യാസ് പ്ലാൻറ്കൾ സ്ഥാപിക്കുന്നത് സൗജന്യമാക്കുക.

11. ചരിത്ര പ്രസിദ്ധമായ വള്ളിയാങ്കാവ് ക്ഷേത്രത്തിലം പരിസരത്തുംവൈദ്യുതി എത്തിക്കിക.

12. ചുഴുപ്പ് വാട്ടർ സപ്ലൈ സ്കീമീലേക്ക് അടുത്തുള്ള ട്രാൻഫോർമറിൽ നിന്നും പ്രത്യേക ത്രീഫേസ് ലൈൻ വലിക്കുക.

അനുബന്ധം-10
പെരുവന്താനം ഗ്രാമപഞ്ചായത്ത്
10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

I. നിലവിലുള്ള ഉപഭോക്താക്കൾ

1. ഗാർഹികം	1224
2. വ്യാപാരം	74
3. വ്യാവസായികം	13
4. കാർഷികം	1

II. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

1. Ordinary	102	അവസാനം നൽകിയ കണക്ഷന്റെ
2. OTP	2	അപേക്ഷാതീയതി
3. OYEC	9	21.11.96

III. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

1. ബൾബ്	25W	40W	60W	100W
2. ട്യൂബ്	88			
3. മെർക്കുറി വേപ്പർ	7			
4. സോഡിയം വേപ്പർ	7			

IV. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

V. തൻ വർഷത്തെ കണക്ഷൻ


1. Ordinary	5
2. OTP	4
3. OYEC	96

VI. പഞ്ചായത്ത് വരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ഥൂ ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. 35th Mile	7. Paloorkavu I	13. Cheppara
2. Peruvanthnam I	8. do -II	14.
3. Do - II	9. Thekkemala	15.
4. Chuzhippu	10. Manjakkal	16.
5. MMT	11.	17.
6. Manikkal	12. Valley end	18.

VII സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക Rs.3217/-

കുടിവെള്ളവും, പൊതുജനാരോഗ്യവും



"എല്ലാമതങ്ങളും മനുഷ്യ നന്മക്ക്"
പെരുവന്താനം മുസ്ലീംപള്ളി

കുടിവെള്ളവും പൊതുജനാരോഗ്യവും

ഈ പഞ്ചായത്തിൽ ആരോഗ്യചികിത്സാ രംഗത്ത് ആദ്യമായി ഒരു പൊതുസ്ഥാപനം ഉണ്ടാകുന്നത് 1960-ൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച എം. എം. റ്റി. ആശുപത്രിയാണ്. 1968-ൽ പെരുവന്താനത്ത് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. ബി. വെല്ലിംഗ്ടൺ ഉത്ഘാടനം ചെയ്ത് ആരംഭിച്ച ഗവ. ആശുപത്രിയാണ് പൊതുമേഖലയിൽ ആദ്യമായുണ്ടായത്. ഈ സ്ഥാപനം ഇപ്പോൾ P. H സെന്റർ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു.

പാലൂർക്കാവിൽ ഗവർമെന്റ് തലത്തിൽ 1971-ൽ ഒരു ആയുർവ്വേദാശുപത്രിആരംഭിച്ചു.

ആനചാരി, പാലൂർക്കാവ്, മതമ്പാ എന്നീ സ്ഥല ങ്ങളിൽ 1981-ൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർ ത്തനം തുടങ്ങി.

കുമളി പഞ്ചായത്തിൽ നിന്നും 1952-ൽ വേർ പെടുത്തി ഈ പഞ്ചായത്തിൽ ചേർത്ത മൂഴിക്കൽ കണയങ്കവയൽ എന്നിവിടങ്ങളിൽ ഓരോ ഹോമിയോ ഡിസ്പെൻസറി പ്രവർത്തനത്തിലുണ്ട്.

വ്യവസ്ഥാപിത ചികിത്സാരീതികൾ ആരംഭിക്കുന്നതിനു മുമ്പ് പാരമ്പര്യ ചികിത്സകരെയും നാട്ടു വൈദ്യന്മാരെയും ജനങ്ങൾ ആശ്രയിച്ചിരുന്നു. അപൂർവ്വം ചിലയിടങ്ങളിൽ ചരടു ജപിച്ചു കെട്ടൽ, വെള്ളം ഓതി ഒഴിക്കൽ തുടങ്ങിയ ചികിത്സാ രീതിയും നിലവിലുണ്ടായിരുന്നു. ഇപ്പോഴും അപൂർവ്വം ചിലയിടങ്ങളിൽ ഈ രീതി നിലനിൽക്കുന്നു.

നാടൻ പതിച്ചികളുടെ സേവനം പ്രസവസംബന്ധമായ കാര്യങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്നു. ആയതു പലപ്പോഴും അപകടങ്ങളിൽ കലാശിച്ചിരുന്നു.

പഴയകാലത്ത് വിഷം തീണ്ടൽ വ്യാപകമായുണ്ടായിരുന്നു. അക്കാലത്ത് ചികിത്സയ്ക്കായി ജനങ്ങൾ ഇരുപത് കിലോമീറ്ററോളം ദൂരം പോകേണ്ടിയിരുന്നു.

പഞ്ചായത്തതിർത്തിക്കുള്ളിൽ വായുജന്യരോഗങ്ങൾ വിരളമായെങ്കിലും കാണപ്പെടുന്നു.

മഞ്ഞപ്പിത്തം, വയറ്റിളക്കം, ചെങ്കണ്ണ് എന്നീ രോഗങ്ങൾ ഉണ്ടാകാറുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ഏക ആശുപത്രി 35-ാം മൈലിൽ സ്ഥിതിചെയ്യുന്ന എം. എം. റ്റി ആശുപ ത്രിയാണ്. കെ. കെ തോമസ് എം. എൽ. എ. യുടെ ശ്രമഫലമായി പൊരുവന്താനത്ത് നിലവിലുള്ള P. H സെന്ററിനോടനുബന്ധിച്ച് 10 കിടക്കകളുള്ള ഒരു വാർ ഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

വാഹനാപകടത്തിൽപ്പെടുന്നവർക്കുള്ള ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയെ സമീപിക്കേണ്ടിവരുന്നു.

ആരോഗ്യസംരക്ഷണ വിഷയത്തിൽ മരുന്നും ചികിത്സയും നൽകുന്നതിലുപരി ബോധവൽക്കരണം ഏറെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണെങ്കിലും ആയതിന് ഇവിടെ യാതൊരു ശ്രമവും നടക്കുന്നില്ല.

പരിസര ശുചിത്വം

ഗ്രാമസഭകളിൽ മിക്കയിടത്തും പരിസരമലിനീകരണത്തെക്കുറിച്ചുള്ള പരാതികൾ ഉയർന്നു വന്നിട്ടുണ്ട്.

1-ാം വാർഡിൽപ്പെട്ട 34-ാം മൈൽ, 35-ാം മൈൽ എന്നിവിടങ്ങളിലെ കശാപ്പുശാലകൾ നടത്തുന്നവർ മാലിന്യങ്ങൾ ആറ്റുലേക്ക് ഒഴുക്കിവിടുകയും തുറസ്സായ സ്ഥലങ്ങളിൽ വലിച്ചെറിയുകയും ചെയ്യുന്നു. മണിക്കല്ല് റബ്ബർ ഫാക്ടറിയിൽനിന്നും പുറന്തള്ളുന്ന മാലിന്യം കുടിവെള്ളത്തിൽ കലരുകയും ജലമലിനീകരണം സംഭവിക്കുകയും ചെയ്യുന്നു.

3-ാം വാർഡിൽപ്പെട്ട പുല്ലുപാറ വികസിച്ചു വരുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. ആയിരക്കണക്കിനാളുകൾ യാത്രയിൽ ഇടത്താവളമാക്കുന്ന ഈ ഭാഗത്ത് മൂത്രപ്പുരയോ, കക്കൂസോ ഒന്നുപോലുമില്ല. പൊതുനിരത്തുകളിലും മറ്റും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നു. തന്മൂലം വർദ്ധിച്ച തോതിൽ മലിനീകരണം സംഭവിക്കുന്നു.

അമലഗിരിയിലുള്ള റബ്ബർ ഫാക്ടറിയിലെ മാലിന്യങ്ങളും പ്രശ്നം ഉണ്ടാക്കുന്നുണ്ട്.

കോളനികളിൽ ഉണ്ടാകുന്ന ചപ്പുചവറുകളും മറ്റും യഥാസമയം നീക്കിക്കളയാത്തതുകൊണ്ടും വലിയ തോതിൽ മലിനീകരണം സംഭവിക്കുന്നു.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കേണ്ടവ:-

വിവിധ സ്ഥലങ്ങളിൽ, റബ്ബർ ഷീറ്റടിക്കുന്നിടത്ത് മലിനജലം ഒഴുകി മലിനീകരണം സംഭവിക്കാതിരിക്കത്തക്കവിധം നിയന്ത്രണം ഉണ്ടാകണം. റബ്ബർ ഫാക്ടറികൾ നിയമാനുസരണമുള്ള മലിനീകരണ നിവാരണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുവാൻ നിഷ്കർഷിക്കുക.

അറവു ശാലകൾ പൊതുനിരത്തിൽ നിന്നും ദൂരെ ആക്കുക.

പെരുവന്താനം P. H സെന്ററിനോടു ചേർത്ത് X-Ray പ്ലാന്റും പോസ്റ്റുമാർട്ടം ഷെഡും അത്യാവശ്യമായി സ്ഥാപിക്കുക.

കക്കൂസ്

പൊതുജനാരോഗ്യത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ് കക്കൂസുകൾ. പഞ്ചായത്തിൽ ആകെയുള്ള വീടുകളിൽ 40%ത്തിൽ താഴെ മാത്രമേ കക്കൂസുകൾ നിലവിലുള്ളൂ. ജനങ്ങൾ പൊതുസ്ഥലങ്ങളിലും റോഡുവക്കിലും തുറസ്സായ സ്ഥലങ്ങളിലും മലവിസർജ്ജനം നടത്തുക വഴി പരിസരമലിനീകരണവും രോഗാണു സംക്രമണവും ത്വരിതപ്പെടുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിനുള്ള പ്രായോഗിക തടസ്സങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും:-

കുടിവെള്ളം

ഹൈറേഞ്ചിന്റെ പ്രവേശന കവാടമായ ഈ പഞ്ചായത്ത് ഏറ്റവും നേരിടുന്ന ഗുരുതരമായ ഒരു വിഷയമാണ് ജലദൗർല്ലഭ്യം. കുടിവെള്ളത്തിനായി കിലോമീറ്ററുകൾ നടക്കേണ്ടി വരുന്ന ഹതഭാഗ്യർ. ഈ പ്രദേശത്തിന്റെ വികസനത്തിന്റെ വെല്ലുവിളിയാണ്. കാലാകാലങ്ങളിൽ മാറി മാറി വരുന്ന സംസ്ഥാന സർക്കാരുകളിലെല്ലാം ശക്തമായ നാവേദനങ്ങളും സമ്മർദ്ദനങ്ങളും ചെലുത്തിയിട്ടുണ്ട്. ഇന്നും പരിഹാരമാകാതെ കിടക്കുന്ന ഭീഷണിയായ ഒരു പ്രശ്നം ആണ് ഇത്.

വിസ്തൃതമായ ഈ പഞ്ചായത്ത് പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ ഒരു ജലവിതരണ പദ്ധതി മാത്രമാണുള്ളത്. 1968-ൽ ആരംഭിച്ച ഈ പദ്ധതിയുടെ പ്രയോജനം കേവലം 30 വീടുകളിൽ വസിക്കുന്നവർക്കുമാത്രമാണ്.

കൊക്കയാർ പഞ്ചായത്തിലുള്ള കുഴൽക്കിണറിൽ നിന്നും വേനൽകാലത്തുമാത്രം ദിവസേന 3 മണിക്കൂർ സമയം പമ്പിംഗ് നടത്തി ലഭിക്കുന്ന ജലം 2-ാം വാർഡിലെ ഏതാനും ജനങ്ങൾക്കും ഒരു പരിധി വരെ സഹായകമാണ്.

ജല സ്രോതസുകൾ

ഭൂഗർഭ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച 4 കുഴൽക്കിണറുകൾ ഉള്ളതിൽ 35-ാം മൈലിലുള്ള ഒരു കിണർ മാത്രമേ പ്രവർത്തനമായിട്ടുള്ളൂ.

പ്രശ്ന മേഖലകളും, നിവാരണ മാർഗ്ഗങ്ങളും

വാർഡ് 2

പെരുവന്താനം പഞ്ചായത്തിൽ കൂടുതൽ ജനങ്ങൾ തിങ്ങിതാമസിക്കുന്ന 2-ാം വാർഡിൽ, രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. നിലവിൽ കൊക്കയാർ പഞ്ചായത്തിൽനിന്നും ദിവസവും 3 മണിക്കൂർ ലഭിക്കുന്ന വെള്ളംഅമ്പലം-മുസ്ലീം പള്ളി ഭാഗത്തേയ്ക്കും, കൊടുകുത്തി ലക്ഷം വീട് ഭാഗത്തേക്കും ഒന്നിട ദിവസങ്ങളിൽ പമ്പുചെയ്യുന്ന വെള്ളം ഒരു പരിധിവരെ സഹായകമാണ്.

പരിഹാരം

1. കഴിഞ്ഞ 10 വർഷങ്ങളായി നടപ്പിലാക്കിതരു മെന്നുപറഞ്ഞിട്ടുള്ളതും ഗവ. അംഗീകരിച്ച

തുമായ ഹെലിബേറിയ സ്കീം നടപ്പിലാക്കുക. പഞ്ചായത്തു മേഖല മുഴുവൻ കുടിവെള്ളം ലഭ്യ മാകുന്ന പദ്ധതിയാണിത്.

2. 2-ാം വാർഡിൽ കൊക്കയാറ്റിൽ ചെക്കുഡാം നിർമ്മിച്ച് ടൂബ്വെൽ സ്ഥാപിക്കുകയും ചുഴുപ്പിൽ പടികെട്ടു പുരയിടത്തിൽ ടാങ്കുനിർമ്മച്ച് വെള്ളം പമ്പു ചെയ്യുക.

3. കരണിക്കാട്ട് കോളനിക്കു കുടിവെള്ളം ലഭിക്കുന്നതിന് ടാങ്ക് തീർത്തിട്ടും വെള്ളം നൽകുന്നില്ല. അടിയന്തിരമായി വാട്ടർ അതോറിറ്റി ഇവി ടെ വെള്ളം നൽകുന്നതിന് നടപടി സ്വീകരി ക്കുക.

4. വർഷകാലത്ത് വളഞ്ചങ്കാനത്തെ മലഞ്ചെരുവിൽ കൂടി ഒഴുകിവരുന്ന വെള്ളം അണകെട്ടി തടഞ്ഞുനിർത്തി വേനൽക്കാലത്ത് പെരുവന്താനം, ചുഴുപ്പ് 40-ാം മൈൽ പുല്ലുപാറ എന്നീ ഭാഗത്ത് എത്തിക്കുക. പ്രത്യേകമായി മോട്ടോർ, കറന്റ് ഇവ ആവശ്യമില്ല.

5. പെരുവന്താനം II-ാം വാർഡിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി പുല്ലുതൂക്കി പാറ, താവളം, അമ്പലം, പാലൂർക്കാവ് റോഡ്, ചെങ്കല്ലുമാവ് കോളനി, റേഷൻ കട, അമ്പലം റോഡ്, പുളിഞ്ചുവട്, വട്ടകത്തറ ഭാഗത്തേക്കു പൈപ്പുലൈൻ നീട്ടുക.

6. മുച്ചാംകുഴി, വട്ടകത്തറ, പുല്ലുതുക്കിപാറ, കരണിക്കാട് കോളനി, പുളിച്ചവടുറോഡ്, ചെങ്കല്ലുമാവ് കോളനി എന്നീ സ്ഥലങ്ങളിൽ കിണർ കുഴിക്കുക.

പെരുവന്താനം ഗവ. യു. പി. സ്കൂളിനു കുടിവെ ള്ളം ലഭിക്കുന്നതിനു അടിയന്തിര നടപടി സ്വീക രിക്കുക.

കരണിക്കാട് തെക്കുഭാഗം, പെരുവന്താനം പാലൂർക്കാവ് റോഡരുകിൽ ഒരു കുളം നിർമ്മിക്കുക.

പന്നിയാറ്റിൽ ടാങ്ക് കെട്ടി സമീപ പ്രദേശങ്ങളും ചടയങ്കാനം ചെക്കുഡാമിലെ വെള്ളം കോട്ടൂർ, കണയങ്കവയൽ, കൊയിനാട്ട് ഭാഗത്തേക്കും എത്തിക്കുക.

കടമാൻകുളം

നിലവിലുള്ള കുളത്തിൽ പൈപ്പുവഴി ആനക്കുളം, മഞ്ഞക്കൽ ഭാഗത്തേക്കു വെള്ളം എത്തിക്കുക.

കുപ്പക്കയം

1. നിലവിലുള്ള കുളം കുഴിച്ച് വെള്ളം പമ്പു ചെയ്ത് പൈപ്പ് വഴി വെള്ളം എത്തിക്കുക.

2. കൊമ്പൻപാറ ടാങ്ക് കെട്ടി ഓസ് വഴി വെള്ളം എത്തിക്കുക.

3. വളളിയാങ്കാവിൽ കുഞ്ഞുമോന്റെ പറമ്പിൽ കുളം കുഴിച്ച് ടാങ്ക് കെട്ടി മോട്ടോർ പമ്പ് ഉപ യോഗിച്ച് വെള്ളം എത്തിക്കുക.

വാകമല

പാലൂർക്കാവിൽ ടൗണിൽ ഒരു കുളം നിർമ്മിച്ച് വാകമലയിലേക്കു പമ്പുചെയ്തു വെള്ളമെത്തിക്കുക. മണിക്കല്ല് തോട്ടിലും, പാലൂർക്കാവു തോട്ടിലും ആയി ചെക്കുഡാം നിർമ്മിക്കുക.

ചെറുവള്ളിക്കുളം

തനതു റോഡിൽ വാട്ടർ ടാങ്ക് നിർമ്മിക്കുകയു് പാഞ്ചാലി മേട്ടിൽ നിന്നും ഈ ടാങ്കിലേക്കും ചെറുവള്ളിക്കുളത്തേക്കും വെള്ളം എത്തിക്കുക.

മതമ്പാ

വാർഡ് 8

ഇവിടെ ഒരു കുളം നിർമ്മിച്ച് വെള്ളം എത്തിക്കുക.

വെള്ളാനി, അന്നാസൂ എന്നീ ഭാഗത്തു ടാങ്കു നിർമ്മിച്ച് പൈപ്പുവഴി വെള്ളം എത്തിക്കുക. പാഞ്ചാലി മേട്ടിൽ ടാങ്ക് നിർമ്മിച്ച് ഇരുമ്പുപൈപ്പിട്ട് കൊമ്പൻപാറ I.H.D.P കോളനിയിലും വെള്ളാനി, പുതുവൽ കോള നിയിലും കുടിവെള്ളം എത്തിക്കുക. ചടയങ്കാനത്തുള്ള ചെക്ക് ഡാമിൽനിന്നും പൈപ്പ് ഇട്ട് അന്നാസൂ ഭാഗ ത്തേയ്ക്കു കുടിവെള്ളം എത്തിക്കുക. വേനൽക്കാ ലത്തു ഉറവയുള്ള ഭാഗങ്ങളിൽ കുളങ്ങളും ഓലികളും നിർമ്മിച്ചു

ഇട്ട് അന്നാസൂ ഭാഗ ത്തേയ്ക്കു കുടിവെള്ളം എത്തിക്കുക. വേനൽക്കാ ലത്തു ഉറവയുള്ള ഭാഗങ്ങളിൽ കുളങ്ങളും ഓലികളും നിർമ്മിച്ചു കുടിവെള്ളം ലഭ്യമാക്കുക.

വാർഡ് 3

കൊങ്ങാട്, ചുഴുപിൽ, പൈതറ പുരയിടം, കോൺവെന്റുവകസ്ഥലം എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക. അമലഗിരിയിലും നെടിയോരത്തും ഓരോ കിണർ നിർമ്മിക്കുക. P.D.S ന്റെ കുളത്തിൽ നിന്നും പൈപ്പുവഴി നെടിയോരത്തു വെള്ളം എത്തിക്കുക.

വാർഡ് 4

പാലൂർക്കാവ തോടിൻവക്കത്തു വലിയ കുളം നിർമ്മിച്ച് വാകമലയിൽ ടാങ്ക് നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ചു Pipe വഴി പാലൂർക്കാവ് പ്രദേശത്ത് 250 കുടുംബങ്ങൾക്കു വെള്ളം എത്തിക്കുക. പാലൂർവാലി കോളനി, വാകമല, ലക്ഷംവീട്, പുളിയാങ്കൽ എന്നീ സ്ഥലങ്ങളിൽ കിണർ കുഴിക്കുക. കുഴൽക്കിണറുകൾ അടിയന്തിരമായി നന്നാക്കുക.

വാർഡ് 5

മുള്ളൂർക്കാനം പദ്ധതിയുടെ അറ്റകുറ്റപണികൾ നടത്തുക. പാഞ്ചാലിമേട്ടിൽ നിർമ്മിക്കുന്ന കുളത്തിൽ നിന്നും വെള്ളം പൈപ്പ് വഴി തെക്കേമലയിൽ എത്തിക്കുക. നിലവിലുള്ള പൈപ്പ് ലൈൻ വാകമല, ഇല്ലിക്കാനം എന്നീ സ്ഥലങ്ങളിലേക്കു നീട്ടുക. പാലക്കുഴിയിലുള്ള ടാങ്കു നന്നാക്കി പൈപ്പിൽക്കൂടി വെള്ളം എത്തിക്കുക. കാനമലയിൽ കുളം നിർമ്മിക്കുക പുളിയാങ്കൽ കുളം അറ്റകുറ്റപണികൾ നടത്തി ജലലഭ്യത വർദ്ധിപ്പിക്കുക..

അനുബന്ധം

1. എല്ലാ വാർഡിലും ഗവ. ഡിസ്പെൻസറികൾ സ്ഥാപിക്കുക.
2. സാമൂഹ്യ ജീവിതത്തിന് ഭീഷണിയായ വ്യാജ വാറ്റ് കർശനമായും നിർത്തലാക്കുക.
3. പാലക്കുഴിയിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് കാരിവര ഭാഗത്ത് വെള്ളം എത്തിക്കുക.
4. വാർഡ് 2-ൽ കൂടുതൽ ടാപ്പുകൾ ഏർപ്പെടുത്തുക.
5. P.D.S. കുളത്തിൽനിന്നും ചെറുവള്ളിക്കുളത്തിൽ വെള്ളം എത്തിക്കുക.
6. വളഞ്ചാൽ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് ഇടവരുത്തി തോട്ടിൽ ചെക്കുഡാം നിർമ്മിക്കുക.
7. വെള്ളാനി കൊല്ലക്കൊമ്പു പുരയിടത്തിൽ കുളം കുഴിച്ച് അന്നാസ് മുകളിൽ ടാങ്കുകെട്ടി വെള്ളം വിതരണം ചെയ്യുക.

	തടസങ്ങൾ	പരിഹാരങ്ങൾ
1.	സാമ്പത്തിക പരാധീനത	സർക്കാർ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായം ലഭിക്കണം
2.	ബോധനത്തിന്റെ അഭാവം	പഞ്ചായത്ത്, ആരോഗ്യവകുപ്പു ജീവനക്കാർ, സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ വിപുലമായ ബോധന സംരംഭങ്ങൾ ഏർപ്പെടുത്തുക
3.	ജല ദൗർലഭ്യത	ജല ലഭ്യത വർദ്ധിപ്പിക്കുക, ജലത്തിന്റെ ഉപയോഗം കുറവുള്ളതരം കക്കൂസ് നിർമ്മാണ രീതികൾ കണ്ടുപിടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
4.	സ്ഥലത്തിന്റെ കുറവ്	കോളനികളിൽ അധിവസിക്കുന്നവർക്ക് സ്ഥല ലഭ്യതയുടെ കുറവു മൂലം കക്കൂസുകൾ നിർമ്മിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്ത് മുൻകൈയെടുത്ത് വലിയതരം സെപ്ടിക് ടാങ്കുകൾ പൊതുവിൽ നിർമ്മിച്ചുകൊടുക്കുക.

സാമൂഹ്യക്ഷേമം



"സംസ്കാരത്തിന് ഒരു രൂപരേഖ"
ദേശീയ വായനശാല, പെരുവന്താനം

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജനപദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായിതിരിക്കാം.

ഈ പദ്ധതികൾക്കുപുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസനകോർപ്പറേഷനും വനിതകകളുടെ പുരോഗതിക്കായി വനിതാവികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണക്കുറവ് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടതാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിന് കെട്ടിടനിർമ്മാണതൊഴിലാളികൾ കൂടുതലുണ്ടെങ്കിലും എല്ലാതൊഴിലാളികളും ക്ഷേമനിധിയിൽ അഗംങ്ങളായിട്ടില്ല.

പട്ടികജാതി വികസനകോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ഈ പഞ്ചായത്തിൽ കാര്യമായി ലഭിക്കുന്നില്ല. ഇതിന്റെ ആഫീസ് കോട്ടയത്തായതിനാൽ അതിന്റെ പ്രയോജനം ലഭിക്കുന്നതിന് ഏറെപ്രയാസം അനുഭവിക്കുന്നുണ്ട്. പീരുമേട്ടിൽ പ്രവർത്തിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസിൽ നിന്നും ഈ പഞ്ചായത്തിലുള്ളവർക്ക് അർഹമായ പ്രയോജനം കിട്ടുന്നില്ല. വനിതാവികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ലഭിക്കാറില്ല. വാസ്തവത്തിൽ പൊതു പ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ചറിവില്ല. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കുകൊണ്ടിരിക്കുന്നത് അഴുത ബ്ലോക്കുഡവലപ്മെന്റാഫീസിന് താഴെയുള്ള പെരുവന്താനം, മ്ലാപ്പാറ എന്നീ രണ്ട് വില്ലേജു സർക്കിളുകൾവഴിയാണ്.

വി.ഇ.ഓ. സർക്കിളുൾവഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായിതന്നെ താഴെപ്രതിപാദിക്കുന്നു. പമ്പാവാലി സർക്കിളിൽപെട്ട മുഴിക്കൽ പ്രദേശം പെരുവന്താനം പഞ്ചായത്തിന്റെ ഒന്നാവാർഡിൽപ്പെട്ടതാണ്. മറ്റുരണ്ട് വി. ഇ. ഓ. സർക്കിളുകൾ പെരുവന്താനവും കണയങ്കവയലുമാണ്.

III I.R.D.P സർവ്വേപ്രകാരം-ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം-പെരുവന്താനം വില്ലേജ്.

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെഎണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ ആകെ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ
I	61	SC.15 ST. 18				
II	181	SC. 31				
III	217	SC. 16	129	13		755
IV	89	SC.20 ST. 19				
V	207	SC. 71 ST. 46				
VI	-	-				
VII	-	-				
VIII	1247	SC. 81	33	27		1220
IX	-	ST. 14				

പട്ടിക - 2

IRDP സർവ്വേപ്രകാരംദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ വിവരം-മ്ലാപ്പാറവില്ലേജ്.

Ward						
I	257	187 ST 30 SC	55	40	40	624

പെരുവന്താനം വില്ലേജിൽ IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ 2599 കുടുംബങ്ങളുണ്ട്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 127-ഉം പട്ടികവർഗ്ഗ കുടുംബങ്ങൾ 198-ഉം ആണ്. 1990 മുതൽ 96 വരെയുള്ള കാലയളവിൽ പെരുവന്താനം വില്ലേജിൽ 201 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം കിട്ടിയിട്ടുണ്ട്. മ്ലാപ്പാറവില്ലേജിൽ 55 കുടുംബങ്ങൾക്ക് സഹായംകിട്ടിയിട്ടുണ്ട്. പെരുവന്താനം വില്ലേജിന്റെ ഒന്നാം വാർഡായ മൂഴിക്കൽ പ്രദേശത്തും, കുറ്റിക്കയത്തും ആയി ഇരുനൂറോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നുണ്ട്.

IVപട്ടിക-I

IRDP സർവ്വേസഹായ ലഭ്യതാകണക്ക് പെരുവന്താനം.

വർഷം	എണ്ണം	സബ്സിഡി	വായ്പ
92-93	19	66413/-	102097/-
93-94	18	59299/-	103680/-
94-95	14	64500/-	133000/-
95-96	15	66000/-	218200/-
96-97	16	80000/-	254700/-

പെരുവന്താനം വില്ലേജിൽ 3 വി.ഇ.ഒ. സർക്കിളിലും കൂടി 92--93 മുതൽ 95-96 വരെയുള്ള കാലയളവിൽ 8,01677/- രൂപ വിതരണം ചെയ്തതായി കണക്കുകൾ കാണിക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള കാലോചിതമായ മാറ്റത്തിന് 25000/- രൂപയെങ്കിലും ആക്കിയുയർത്തുവാനും അർഹരായ എല്ലാവരെയും IRDP ലിസ്റ്റിൽ ചേർക്കുവാനുമുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് കൊടുക്കണം. ഗുണഭോക്തൃതാക്കളെ കണ്ടെത്തുവാൻ വർഷം തോറും സർവ്വേ നടത്തണം. ബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. ഉദ്യോഗസ്ഥരുടെ ഉദാസീനതയ്ക്കെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം.

DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടമായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

പട്ടിക I

DWCRA സഹായലഭ്യതാകണക്ക് പെരുവന്താനം, മ്ലാപ്പാറവില്ലേജ്.

വാർഡ്	വർഷം	സ്കീമുകളുടെ എണ്ണം	സബ്സിഡി	വായ്പ
I to V	1989-90	16	13660	27340/-
VI	1993-94	14	35627	66173/-
IX	1989-90	13	28400	38800/-

അഞ്ചാംവാർഡിൽ രണ്ട് പശുവളർത്തൽ യൂണീ റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല VI വാർഡ്

കപ്പാലു വേണ്ടയിൽ ഒരു പശുവളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ DWCRA യൂണീറ്റ് തുടങ്ങു വാൻ താല്പര്യമുള്ളസ്ത്രീകളുണ്ട്. താല്പര്യമുള്ള വരെകണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോ ജ്യമായ യൂണീറ്റുകൾ ആരംഭിക്കുവാൻ ശ്രദ്ധിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും ആ വശ്യമായ സഹായം നൽകുവാനും അതാത് പ്രദേ ശത്തെ സന്നദ്ധസംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കണം. ഈ സ്കീമിലൂടെ ഉത്പാദി പ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തു വാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെ ഉത് പന്നങ്ങൾ സർക്കാർ ഏജൻസികൾമുഖേന വിറ്റഴി ക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

ട്രൈസം

18 മുതൽ 35 വയസുവരെയുള്ള യുവതീയു വാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന താണ് ട്രൈസം.

ട്രൈസം പരിശീലന ലഭ്യതാപട്ടിക - 1

കണയങ്കവയൽ സർക്കിൾ വർഷം	പെരുവന്താനം LVEO സർക്കിൾ I to V Ward എണ്ണം
92-93	8
93-94	2
94-95	1
95-96	1

92-93 വർഷം മുതൽ 95-96 വർഷം വരെ പെരുവന്താനംV.E.O സർക്കിളിൽ 16 പേർക്കും കണ യങ്കവയൽ സർക്കിളിൽ 11 പേർക്കും പമ്പാവാലി സർക്കിളിൽ 12 പേർക്കും പരിശീലനം നൽകിയതായി കണക്കുകൾ കാണിക്കുന്നുണ്ട്. ഓരേ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാ നും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്കും തുടർന്ന് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നി ലന്മള എന്നുള്ളത് ഈ പദ്ധതിയുടെ പോരായ്മ യാണ്. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാ വധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭി ക്കുന്ന സ്റ്റൈഫന്റെ തുക കൂട്ടുകയും വേണം. ഈ പദ്ധതിയ്ക്ക് ഗുണഭോക്തൃകളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കുവാനും യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും ഈ പഞ്ചായത്തിൽ ഒരു ട്രൈസം ട്രെയിനിംഗ് സെന്റർ തുടങ്ങണം.

ടൂൾകിറ്റ്

ഗ്രാമീണകൈതൊഴിലുകാർക്ക് നവീന തൊഴി ലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകി റ്റ്.

92-93 മുതൽ 94-95വർഷം വരെ മൂന്ന്

വി.ഇ.ഒ സർക്കിളുകളിലായി 21 പേർക്ക് 52000 /- രൂപാ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്നുള്ള പരാതി നിലനിൽക്കെ 95-96 വർഷത്തെ ഗുണഭോക്താക്കൾക്കും സാധനങ്ങൾ വിതരണം ചെയ്തിട്ടുമില്ല. സാധനങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ വി.ഇ.ഒ സർക്കിളുകളിലേയും കണക്കുകൾ താഴെ കൊടുത്ത പട്ടികപ്രകാരമാണ്. ഈ പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞാതരാണ്.

ടൂൾക്കിറ്റ് പെരുവന്താനം സർക്കിളിൽ കൊടുത്തത്

വർഷം	എണ്ണം	തുക
1992-94	NIL	-
1994-95	2	4000
1995-96	2	4000

ടൂൾകിറ്റ് കണയങ്കവയൽ സർക്കിളിൽ കൊടുത്തത്

94-95	2	4000/-
95-96	11	32000/-

ടൂൾകിറ്റ് പമ്പാവാലി സർക്കിളിൽ കൊടുത്തത്

94-95	4	8000/-
ആകെ	21	52000/-രൂപ

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P 94-95 മുതൽ 95-96) വരെ കാലയളവിൽ മൂന്നു വി.ഇ.ഒ. സർക്കിളുകളിലായി നമ്മുടെ പഞ്ചായത്തിൽ 82000/- രൂപ സഹായം അനുവദിച്ച് 31 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഓരോ വർഷത്തിലായി ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 80 ശതമാനം കുടുംബങ്ങൾക്കും കക്കൂസുകൾ ഇല്ലാത്തവരാണ്. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യവർദ്ധിപ്പിക്കുകയും വേണം.

C.R.S.P കക്കൂസുകൾ-കണയങ്കവയൽ സർക്കിൾ

വർഷം	എണ്ണം	തുക
94-95	2	4000/-
95-95	4	8000/-
96-97	4	8000/-
ആകെ	10	20000/-

C.R.S.P കക്കൂസുകൾ-പെരുവന്താനം സർക്കിൾ

വർഷം	എണ്ണം	തുക
1994-95	5	10000/-
1995-96	8	16000/-
ആകെ	13	26000/-

CRSP കക്കൂസുകൾ അനുവദിച്ചത്-പമ്പാവാലി സർക്കിൾ

വർഷം	എണ്ണം	തുക
1994-95	4	8000/-
1995-96	4	8000/-
ആകെ	8	16000/-

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹിക ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് വഴി, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ ഇവയും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. കൂടാതെ റ്റി. ബി., കാൻസർ, രോഗികൾക്ക് ഡോക്ടർ സട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 6 മാസംവരെ പെൻഷൻകൊടുക്കുന്നുണ്ട്

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹമായ കുറെപേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു. ഈ പഞ്ചായത്തിൽ അർഹരായ പലരും പെൻഷന് അപേക്ഷകൊടുത്തിട്ട് യാതൊരു സഹായവും ലഭിക്കാതെ നിരാശയായി കഴിയുകയാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

പെൻഷനുകളെ സംബന്ധിച്ച്

വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 20 പേർക്ക് പെൻഷൻ ലഭിക്കുന്നു.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. പഞ്ചായത്തു തലത്തിൽ വികലാംഗരുടെ സർവ്വേ നടത്തിയതിൽ ബോദ്ധ്യപ്പെട്ടത് അർഹമായ യാതൊരു ആനുകൂല്യങ്ങളും സർക്കാരിൽ നിന്ന് കിട്ടിയിട്ടില്ല എന്നുള്ളതാണ്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്കു നൽകണം.

കർഷകതൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ ഭൂരിഭാഗം ആൾക്കാരും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഇവർ മണ്ണിനോടും മലയോടും മല്ലടിച്ച് കൃഷിചെയ്ത് ആരോഗ്യം നശിക്കുകയാണ്. ഈ കർഷകർക്ക് പെൻഷൻ പോലും ലഭിക്കുന്നില്ല. ആയതിനാൽ അർഹരായ കർഷകതൊഴിലാളികളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 9 വാർഡുകളിലായി 24 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ. സി. ഡി. എസ്സിന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലന്ന് കണക്കുകൾ കാണിക്കുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കൊട്ടിടമില്ലാത്തതും സ്ഥലമില്ലാത്തല്ല കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപ്പാട്ടങ്ങ ളില്ലാത്തതും വലിയപ്രശനമായി അവശേഷിക്കുന്നു. വരും തലമുറയെ വളർത്തിയെടുക്കുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത് രാവിലെ 9 മുതൽ 3 1/2 മണി വരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗ്രഹസന്ദർശനം ഉൾപ്പടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

പെരുവന്താനം പഞ്ചായത്ത് അംഗൻവാടികളുടെ വിവരം

ക്രമ നമ്പർ	വാർഡ്	എണ്ണം	അംഗൻ വാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
1	1	4	105,106, 113,114	70	3	1	3	1	-	4	-
2	2	3	102,103, 104	45	-	3	1	2	-	3	1
3	3	5	94,99, 100 101,149	60	4	1	3	2	-	5	-
4	4	2	107,108	40	2	-	2	-	-	2	-
5	5	1	109	45	1	-	1	-	-	1	-
6	6	4	95,96 97,98	60	1	3	2	2	-	4	1
7	7	1	131	50	-	1	-	1	-		
8	8	1	110	60	-	1	-	1	-	1	-
9	9	3	111,112, 150	80	-	3	-	3	-	3	1
ആകെ 24				510	11	13	12	12		24	2

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ ജെ. ആർ. വൈ. ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണിനടത്തുകയും ചെയ്യുക.

2. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ചഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. രണ്ടാം വാർഡിലെ കരണ്ണിക്കാട് കോളനിയിൽ ഒരംഗൻവാടിയും അഞ്ചാം വാർഡിലെ മാടംതറയിലും കാനം മലയിലും ഓരോ അംഗൻവാടി അനുവദിക്കുക. പഞ്ചായത്തിലെ 25 അം ഗൻവാടികളിൽ 13 എണ്ണത്തിന് കെട്ടിടമില്ലാത്തതാണ്. ഇതിന് കെട്ടിടം അടിയന്തിരമായി പണിയുക.

4. DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നൽകുക.

5. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിതി വർദ്ധിപ്പിക്കുക.

6. അനെർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക

7. ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും കക്കൂസ് പണിയുക

8. അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർജീവനക്കാരായി അംഗീകരിക്കുകയും സേവനവേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

9. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക

10. പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

ക്ഷേമനിധികളെ സംബന്ധിച്ച്

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കുറെപേർ കെട്ടിടനിർമാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാവിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയിൽനിന്ന് 55 വയസ്സാകുമ്പോഴേക്കും വിട്ടു നിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55വയസ്സാക്കി ചുരുക്കണം. ക്ഷേമനിധിയിൽ അംഗങ്ങളായിരിക്കുന്ന മുഴുവൻപേർക്കും അർഹമായ മുഴുവൻ ആനുകൂല്യങ്ങളും കൊടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണം. ഇത് അർഹരായവർക്കു ലഭിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. ഇതൊഴിവാക്കണം.

കൈത്തൊഴിലാളി-വിദഗ്ദതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലൻമാർ, ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുവാനും പഞ്ചായത്തുതലത്തിൽ ഒരു സെൽ രൂപീകരിക്കണം. ഗ്രമസഭകൾ അതിനുകീഴെ 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽകൂട്ടകമ്മറ്റികൾ എന്നിവ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെക്കുറെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്ത് പെരുവന്താനം മ്ലാപ്പാറ, കൊക്കയാർ (ഏതാനും ഭാഗം) എന്നീ വില്ലേജുകൾ ചേർന്നതാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയെ അധികം ബാധിക്കുന്നില്ല. ഭവന നിർമ്മാണ രംഗത്ത് നിശ്ചിത ശതമാനം ആൾക്കാർ മാത്രമെ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളു.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ആൾക്കാരാണ്. പഞ്ചായത്തിൽ ബാക്കിയുള്ളവർ സർക്കാർ ജോലിക്കാർ നാമമാത്രമായിട്ടേയുള്ളു.

പഞ്ചായത്തിലെ 4024 വീടുകളിൽ ഏഴു വീടുകൾ ഒന്നിൽകൂടുതൽ നിലയുള്ളതും 185 വീടുകൾ കോൺക്രീറ്റുചെയ്തതും 306 വീടുകൾ ഓടിട്ടതും 445 വീടുകൾ ഓലമേഞ്ഞതും 323 വീടുകൾ കുടിലുകളുമാണ്. 474 വീടുകൾ വിവിധ ഭവനനിർമ്മാണ പദ്ധതികൾ വഴി നിർമ്മിച്ചതുമാണ്.

പട്ടിക No. 1

വീടുകളുടെ തരംതിരിവ് പട്ടിക-വാർഡുതലത്തിൽ

വാർഡ്	ഓട്	കോൺക്രീറ്റ്	ഓല	ഇരുനില	കുടിൽ	വിവിധഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം.	ആകെ
1	430	30	42	-	44	117	663
2	334	62	83	3	63	83	628 ~~544~~
3	339	18	67	3	28	77	532 ~~453~~
4	341	37	28	-	17	64	487 ~~423~~
5	564	23	81	-	53	48	769 ~~222~~
6	523	11	120	-	114	74	842 ~~768~~
7	211	4	11	-	4	11	241 ~~230~~
8	183	-	8	-	-	-	191
9	142	-	2	-	-	-	144
ആകെ	3067	185	442	6	323	474	~~4024~~ 4497

91-92 വർഷം മുതൽ ഈ കാലയളവ് പഞ്ചായത്തിലെ 9 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെക്കുറെ വിവിധതരം വീടുകളിൽ തുല്യതപുലർത്തുന്നുണ്ട്. PWD റോഡിനും പഞ്ചായത്തു റോഡിനും സമീപമായിട്ടാണ് ജനങ്ങൾ ഇടത്തരം വീടുകൾ പണിയുന്നത്. ഈ പഞ്ചായത്തിന്റെ ഭൂരിഭാഗവും മലപ്രദേശങ്ങളായതിനാലാണ് റോഡിന്റെ സമീപപ്രദേശങ്ങളിൽ വീടുവയ്ക്കുന്നതിന് ജനങ്ങൾ ശ്രമിക്കുന്നത്. ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന കട്ടപ്പന ഹൗസിംഗ് ബോർഡ്, സന്നദ്ധസംഘടനയായ പീരുമേട് ഡവലപ്മെന്റെ സൊസൈറ്റിയേയും മലനാട് ഡവലപ്മെന്റെ സൊസൈറ്റിയേയും പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും, സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും, യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഈ ഭവനവായ്പകൾ സാധരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവനവായ്പ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഭവനനിർമ്മാണബോർഡിന്റെ ഒരു ശാഖ പീരുമേട് താലൂക്കിൽ ആരംഭിക്കണം.

2. ഭവനങ്ങൾ നിർമ്മിച്ച് പ്ലോട്ടടിസ്ഥാനത്തിൽ തവണവ്യവസ്ഥയോട് കൂടി വീടു നിർമ്മിച്ചു നൽകുക.

3. പരിശനിരക്ക് 10 ശതമാനമായി നിജപ്പെടുത്തുക.

ഈ പഞ്ചായത്തിൽ 400 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമാകുന്ന വീടിന്റെ എണ്ണം വർദ്ധിപ്പിക്കണം. സർക്കാർഭവനനിർമ്മാബ ബോർഡു വഴി ദുർബല ഇടത്തരവിഭാഗങ്ങൾക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായി അതുവിരലിലെണ്ണാവുന്നവർക്കുമാത്രവുമാണ് ലഭിക്കുന്നത്.

പട്ടിക No. II

ഭവനലഭ്യതാ പട്ടിക-പെരുവന്താനം പഞ്ചായത്ത്

വർഷം	RIEGP	NREP	IAY	MWS	JRY
92-93			9	20	
93-94			1		2
94-95			5		3
95-96			24		8
96-97			11		7
ആകെ			50	20	20

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1984-85 കാലയളവ് മുതൽ 1996--97 വരെ 2 വില്ലേജുകളിലായുള്ള 9 വാർഡുകളിൽ 90 വീടുകളാണെന്ന് കണക്കുകൾ കാണിക്കുന്നു. കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റ് 87-88 കാലയളവിന് 70 രൂപായും 89-ന് 100 രൂപായും 92-94 വർഷങ്ങളിൽ 150 രൂപായും 95-96 വർഷങ്ങളിൽ 180 രൂപായിലും എത്തിനിൽക്കുന്നു. 87-88-ൽ 100 കല്ലിന് 1200 രൂപ ആയിരുന്നത് 94-ൽ 6000 രൂപയായും 95-ൽ 7000 ആയി 96-ൽ 8000 രൂപയായി വർദ്ധിച്ചതായി കാണാം കല്ലിന്റെ ഗുണത്തിൽ വ്യത്യാസം ഉണ്ടായിട്ടില്ലെന്ന് കണക്കാക്കപ്പെടുന്നു. 87-88-ൽ 1 കി. ഗ്രാം കമ്പിക്ക് 13 രൂപ ആയിരുന്നത് 96-ൽ 16.50 യിലെത്തി നിൽക്കുന്നതായി കാണാം. കോൺക്രീറ്റ് യൂണിറ്റിന് 87-88-ൽ 1800 കൂലി ഉണ്ടായിരുന്നത് ഇപ്പോൾ 2500-ൽ എത്തിനിൽക്കുന്നു. 95-ൽ ഫസ്റ്റ്ക്ലാസ് ഓടിന് 1000 ത്തിന് 5000 രൂപ ഉണ്ടായിരുന്നത് 96-ൽ 1000 ത്തിന് 5500-ൽ എത്തിനിൽക്കുന്നു.

കൂലി നിരക്കിലേയും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായി ബ്ലോക്കുവഴി നൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷ പാർപ്പിടപദ്ധതിയുടെ പരിധിയും വർദ്ധിപ്പിക്കാനും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്.

റവന്യൂവകുപ്പ് വഴി പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണക്കുകളാണ്.

ഭവനനിർമ്മാണ ബോർഡുവഴി ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവു നിമിത്തം പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായിത്തന്നെ ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്. 72-73 വർഷങ്ങളിൽ വിദഗ്ദ തൊഴിലാളികൾക്ക് 8 രൂപ കൂലി ഉണ്ടാവുമ്പോൾ അവിദഗ്ദതൊഴിലാളികൾക്ക് 5-6 രൂപാ ആയിരുന്നു കൂലി നിരക്ക്. 75-76 കാലയളവിൽ വിദഗ്ദതൊഴിലാളികൾക്ക് 10 രൂപ ആവുകയും അവിദഗ്ദതൊഴിലാളികൾക്ക് 7 രൂപായും 92-93 വർഷങ്ങളിൽ യഥാക്രമം 60-70 രൂപായും 65-75രൂപായും 94 കാലയളവിൽ 90-100 വിദഗ്ദതൊഴിലാളികൾക്കും 60-70 രൂപ അവിദഗ്ദതൊഴിലാളികൾക്കും ഉണ്ടായിരുന്ന കൂലി നിരക്ക് 95-96 കാലയളവിൽ വിദഗ്ദ തൊഴിലാളികൾക്ക് 90 രൂപ മുതൽ 120 വരെയും അവിദഗ്ദതൊഴിലാളികൾക്ക് 70 രൂപ മുതൽ 80 രൂപാവരെ എത്തിനിൽക്കുന്നതായും കണക്കാക്കപ്പെടുമ്പോൾ സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിൽ കൂടുതൽ ഉള്ളതായും കണക്കാക്കപ്പെടുന്നു. പുരുഷതൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീതൊഴിലാളികളുടെ കൂലി നിരക്ക്. ഇപ്പോൾ 95-96 കാലയളവിൽ 50-60 രൂപയാണ് സ്ത്രീതൊഴിലാളികൾക്ക് കൂലി.

വാർഡുകളിൽ കൂടുതലായി അനുഭവപ്പെടുന്ന പ്രകൃതിക്ഷോഭം തടയാനും അതുവഴി വീടിന്റെ സംരംക്ഷണം ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കാനോ നന്നാക്കാനോ ഈ വായ്പയും സഹായവും കൊണ്ട് കഴിയാത്ത സ്ഥിതിയാണുള്ളത്.

പഞ്ചായത്തിലാകെ അംഗീകരിച്ച് 6 ഹരിജൻ, ഗിരിജൻ കോളനികളുണ്ട് ഒന്നാം വാർഡ് മൂഴിക്കൽ ഗിരിജൻ കോളനിയിൽ 170 കുടുംബങ്ങൾ താമസം ഉണ്ട്. ഹരിജനങ്ങൾ 31 കുടുംബങ്ങളുണ്ട്. മൂന്നാം വാർഡായ കൊങ്ങാട് ഗിരിജൻ കോളനിയിൽ പട്ടികജാതിക്കാരായ 25 കുടുംബങ്ങളും പട്ടികവർഗ്ഗക്കാരായ 5 കുടുംബങ്ങളും ഉണ്ട്. നാലാം വാർഡായ പാലൂർവാലി ഗിരിജൻ കോളനിയിൽ 41 പട്ടികജാതി കുടുംബങ്ങളും 2 പട്ടികവർഗ്ഗ കുടുംബക്കാരുമുണ്ട് . ആറാം വാർഡായ വളഞ്ചാൻ ഗിരിജൻ കോളനിയിൽ പട്ടികവർഗ്ഗക്കാരായ പത്തു കുടുംബാംഗങ്ങളും പട്ടികജാതിക്കാരായ അറുപത്തി യഞ്ചു കുടുംബങ്ങളുമുണ്ട്. ഏഴാം വാർഡായ കൊയ്നാട് ഹരിജൻ കോളനിയിൽ രണ്ട് പട്ടിക വർഗ്ഗകുടുംബക്കാരും പട്ടികജാതിക്കാരായ നാല്പതു കുടുംബക്കാരും താമസം ഉണ്ട്. എട്ടാം വാർഡിൽ 123 പട്ടികജാതി കുടുംബക്കാരും അഞ്ചുപട്ടികവർഗ്ഗക്കാരായ കുടുംബങ്ങളും താമസം ഉണ്ട്.

ഈ പഞ്ചായത്തിൽ അംഗീകരിക്കാത്ത രണ്ട് കോളനികൾ നിലവിലുണ്ട് രണ്ടാം വാർഡായ പെരുവന്താനത്ത് കരണ്ണിക്കാട് ഹരിജൻ കോളനിയും, കൊടുകുത്തിയിലെ ഹരിജൻ കോളനിയും. ഈ കോളനികളിൽ കരണിക്കാട് 68 പട്ടികജാതി കുടുംബങ്ങളും അഞ്ച് പട്ടികവർഗ്ഗകുടപംബങ്ങളുമുണ്ട്. കൊടികുത്തി കോളനിയിൽ 40 ഹരിജൻ കുടുംബങ്ങളോളം താമസം ഉണ്ട്. ഈ കോളനികളെ അംഗീകൃതകോളനികളായി പ്രഖ്യാപിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീടു നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിയ്ക്കുന്നു. വാർഡുതലത്തിൽ ഒരു ബൃഹത്തായ പദ്ധതിയ്ക്ക് ഇത് മാറ്റിയെടുക്കാൻ കഴിയൂ എന്ന് നാം തിരിച്ചറിയുന്നു. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളെയും സംയുക്തമായി വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്ക് എത്രരൂപ സമാഹരിക്കുവാൻ കഴിയുമെന്നമനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമേ സാധനങ്ങളും അദ്ധ്വാനവും സംഭാവനവഴി സ്വരൂപിച്ച് ഇതിനു പരിഹാരംകാണാവുന്നതാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായപ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എൻഞ്ചിനീയർ മുതൽ ലേബർവരെയുഴള്ളവരെ സംഘത്തിലൂടെ സപ്ലൈചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലൈസ് ഇടപെടുക. (സിമന്റ്, കമ്പി, മണൽ, കട്ട മുതലായവ).

3. നിർമ്മാണച്ചെലവ് 2ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്നവീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

4. ഭവനരഹിതരായവരുടെ ലിസ്റ്റ് പഞ്ചായത്തു തലത്തിൽ സൂക്ഷിക്കുകയും അപേക്ഷ നൽകുന്നതിന് പ്രേരിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

5. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

   a. അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

   b . രജിസ്ട്രാഫീസിലെ അമിതമായ ഫീസ് ഇ ല്ലാതാക്കുക.

   c. കാലതാമസം ഒഴിവാക്കുക.

   d. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രമപഞ്ചായത്ത് മെമ്പർമാർക്കു നൽകുക.

6. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

7. ചിലവു കുറഞ്ഞ വീടുകൾക്കു പ്രചാരം നൽകുക.

8. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കു.

9. IAY,MWS, JRY, RLEGP എന്നിവ 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക.

10 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വീടു വയ്ക്കുവാൻ കൊടുക്കുന്ന ആനുകൂല്യം വരുമാനം കുറവുള്ള മറ്റു വിഭാഗക്കാർക്കുകൂടി കൊടുക്കുക.

   b. മൈത്രീ ഭവനനിർമ്മാണപദ്ധതിയുടെ എസ്റ്റിമേറ്റ്തുകയായ 30,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തുക.

c. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തുക.

9. വീടു നിർമ്മാണ ആവശ്യങ്ങൾക്കായി സ്വന്തം പുരയിടത്തിൽ നിന്ന് തടി മുറിക്കുന്നതിനും ഉരുപ്പടി ആക്കുന്നതിനുമുള്ള ഫോറസ്റ്റ്, റവന്യൂ ഉദ്യോഗസ്ഥന്മാരുടെ നടപടിക്രമങ്ങൾ ഒഴിവാക്കുക.

10. ഭവനനിർമ്മാണത്തിനായി പഞ്ചായത്തിൽ നിന്നും എടുത്തിട്ടുള്ളസ്ഥലം അർഹരായവർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാധമികമായി ഭൂമിലഭ്യമാക്കേണ്ടതുഭ്യ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും, സർക്കാർ പുറംപോക്കുഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭവനരഹിതരായുള്ള ഗുണഭോക്താക്കളെ തെരഞ്ഞടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാരെ ഏൽപ്പിക്കുക.


നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടുകയെന്നുള്ളതാണ്. അതിനുള്ള കൂട്ടായ്മയ്ക്കായി നമുക്ക് ഒന്നിക്കാം.

അനുബന്ധം

1 വിധവാപെൻഷൻ, വികാലാംഗപെൻഷൻ, വാർദ്ധക്യകാലപെൻഷൻ ഇവ ലഭ്യമാക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരീക്കുക.

2 കക്കൂസ് നിർമ്മാണത്തിന് ആവശ്യമായ വായ്പാപദ്ധതി നടപ്പിലാക്കുക.

വിഭവസമാഹരണം



വിഭവ സമാഹരണം

നമ്മുടെ ഗ്രാമം മുഖ്യമായും ഒരു കാർഷിക ഗ്രാമമാണ്. റബർകൃഷിക്ക് ഊന്നൽ നൽകി, ആയതിൽ നിന്നും ലഭിക്കുന്നുൽപ്പന്നങ്ങൾ സാമാഹരിച്ച് വൻകിടയും ചെറുകിടയുമായ വ്യവസായശാലകൾ നിർമ്മിച്ച് ജനകീയപങ്കാളിത്തത്തോട്കൂടി നടപ്പാക്കുകവഴി നമ്മുക്ക് ഒരളവുവരെവിഭവങ്ങൾ സമാഹരിക്കുവാൻ കഴിയും. മറ്റ് കൃഷി വിഭങ്ങൾക്ക് ന്യയമായവില ലഭിക്കുവാൻവേണ്ട മാർഗങ്ങൾ സഹകരണാടിസ്ഥാനത്തിൽ ക്രമപ്പെടുത്തുക . കൂടിൽ വ്യവസായങ്ങൾ സർക്കാർ സാമ്പത്തികസഹായത്തോടും നികുതി ഇളവുകൾ നൽകിയും ആരംഭിച്ചാൽ ഒരളവുവരെ തോഴിലില്ലായ്മയിൽ നിന്നും കരകയറുവാൻ കഴിയും. ആയതിന് ആവശ്യമായ വൈദുതി, ജലം എന്നിവ ലഭ്യമാക്കണം പ്രകൃതിക്ഷോഭം കൊണ്ട് കൃഷിക്ക്സംഭവിക്കുന്ന ഉൽപ്പാദനനഷ്ടം നിമിത്തം ഇന്ന് കർഷകർ കർഷകതൊഴിലാളികളായി മാറുന്നു. ജൈവവളപ്രയോഗത്തിന് ഊന്നൽ നൽകുക പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്നവർക്ക് അർഹമായ നഷടപരിഹാരം സർക്കാർതലത്തിൽ ലഭ്യമാക്കണം. കുറഞ്ഞ പലിശ നിരക്കിൽ ചെറുകിടവ്യവസായത്തിനും, കൃഷിക്കും, ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ്പകൾ ലഭ്യമാക്കുക. 6 ഹെക്റിന് മുകളിലുള്ള തോട്ടങ്ങൾക്ക് ലാൻഡ് സെസ് ചുമത്തുക.

വ്യവസായത്തിനും കൃഷിക്കും വായ്പ്പ അനുവദിച്ച് കിട്ടുന്നതിന് ബന്ധപ്പെട്ട സർക്കാർ ആഫീസുകളിൽ നിന്നും അനുഭവിക്കുന്ന നിരന്തരം തടസ്സവാതങ്ങളും താമസിപ്പിക്കലും ഒഴിവാക്കകുക അതായത് ഉദാരവൽക്കരണത്തിൽ കുടി വായ്പ്പ എളുപ്പം അനുവദിച്ചുകിട്ടുന്നതിന് സൗകര്യമുണ്ടാകണം. ഇതര വകുപ്പുകളിൽ നിന്നും പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിഹിതം അതാത് വർഷം തന്നെ ലഭിക്കുന്നതിന്വേണ്ടി സർക്കാർ ഇടപെടണം. കേന്ദ്ര സർക്കാരും സംസ്ഥാനഗവൺമെന്റും ഈ പഞ്ചായത്ത് മേഖലകളിൽ നിന്നും വസൂലാക്കുന്ന നികുതിയുടെ വിതരണം, ജനസംഖ്യ, പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യാ, സ്ത്രീകളുടെ എണ്ണം, സാമ്പത്തിക പിന്നോക്കാവസ്ഥ അവികസിത മേഖല എന്നിവ പരിഗഗണിച്ച് നീതിപൂർവ്വകമായ വിതരണത്തിൽ കുടി ലഭ്യമാക്കണം. ഊർജ്ജസമാഹരണത്തിനായി ഈപഞ്ചായത്തിൽ സൗരോർജ്ജത്തിൽ നിന്നും, കാറ്റിൽ നിന്നും ലഭ്യമാകത്തക്ക കറൻറ് ഉൽപ്പാദിപ്പിച്ചാൽ എല്ലാവാർഡുകൾക്കും ആവശ്യത്തിന് കരന്റ് ലഭ്യമാകും. ഉദേശം 282 വിദേശ ജോലിക്കാരിൽ നിന്നും ഈ ഇനത്തിൽ കിട്ടാവുന്ന പണം സമാഹരിച്ച് വിദേശ ജോലിക്കാരുടെ ക്ഷേമത്തിനായി വ്യവസായങ്ങളും, പാർപ്പിട പദ്ധതികളും തയ്യാറാക്കാൻ കഴിഞ്ഞാൽ ആയതിൽ നുന്നുള്ള വരുമാനം പഞ്ചായത്തിന് ഒരു മുതൽകുട്ടാകും,

വിലക്കയറ്റം ദുസ്സമായിരുക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റോരു ഭാരമാകരുത്. വരുമാനത്തിന്റെ ഒരുചെറിയ ശതമാനമേ നികുതി വസൂലാക്കാൻ പാടുള്ളു. അപ്രകാരം ചെയ്താൽ എല്ലാവരും നികുതി കൊടുക്കുവാൻ പങ്കാളികളാകും. കെട്ടിടനികുതി വിസ്തീർണത്തിലും വിലയുടെ അടിസ്ഥാനത്തിലും ഈടാക്കുക പീടികയ്ക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയും വരുമാനം വർദ്ധിപ്പിക്കുവാൻ അസ്സസുചെയ്യുന്ന സമ്പ്രദായം ജനങ്ങളെ ബോധ്യപെടുത്തുകയും വേണം. ദാരിദ്ര രേഖയ്ക്ക് മുകളിൽ വരിമാനമുള്ള എല്ലാ തൊഴിലാളികൾക്കും നികുതി ബാധകമാക്കാവുന്നതാണ് പഞ്ചായത്ത് വക ആറ്, തോട് പുറമ്പോക്കിൽ കൃഷി ചെയുന്നവർക്ക് പാട്ടം നിശ്ചയിച്ച് വരുമാനം കണ്ടെത്താവുന്നതാണ് ബാങ്കുകളിലെ നിക്ഷേപത്തിന്റെ 85% അതാത് പഞ്ചായത്തിന്റെ വികസനത്തിനായി കുറഞ്ഞപലിശയ്ക്ക് വായ്പ്പ നൽകാൻ വേണ്ട നിയമം നിർമ്മിച്ച് നടപ്പാക്കണം. ആയതിന്റെ നടത്തിപ്പിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റിനെ വായ്പ്പാ അനുവാദകസമതിയിൽ അംഗമാക്കാവുന്നതാണ്. നിർമ്മാണ സമിതികൾവഴി പ്രത്യുൽപ്പാദനം ലഭ്യമാകുന്ന വിധം കൂട്ടുകൃഷി, സഹകരണ കോഴി വളർത്തൽ എന്നിവ നടപ്പാക്കിയാൽ അത്യാവശ്യമായ ചെലവുകൾ ചുരുക്കാൻ കഴിയുന്നതും, മുടക്ക് മുതലിന് ന്യായമായൊരു ലാഭ വിഹിതം പ്രതീഷിക്കാവുന്നതുമാണ്,

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തതിലെ ഏറ്റവും

പ്രധാനമായ വിഭവം മനുഷ്യാധ്വാനം തന്നയാണ്, ജാതിമത വിഭാഗീയ ചിന്തകൾക്ക് ഉപരിയായി കക്ഷിരാഷ്ട്രീയ പരിഗണനകൾ മാറ്റിവച്ച് ഗ്രാമത്തിന്റെ വികസനത്തിന് ഊന്നൽ കൊടുത്ത് എല്ലാ ഗ്രാമവാസികളും പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായമാറ്റിയെടുക്കാൻ കഴിയും.


വരവ് സംബന്ധിച്ചവിവരങ്ങൾ 95-96

ഇനം	ധനഅഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിടനികുതി	292360	151025	141335
തൊഴിൽ നികുതി	176685	119385	57300
ചന്ത വരവ്	5795	5795	-
ലൈസൻസ് ഫീസ്	2237	2237	-
വസ്തു കൈമാറ്റ നികുതി	62360	62360	-
സർക്കാർ ഗ്രാൻറുകളും മറ്റ് വിവരങ്ങളും	539826	539826	-
ഡെപ്പൊസിറ്റ്	15020	15020	-
മറ്റുള്ളവ	51375	51379	-
ആകെ	1145662	947027	198635

ചെലവ്

ഇനം	തുക
ഭരണചിലവ്	440558
പൊതുമരാമത്ത്	87952
വിദ്യാഭ്യാസം	36708
ജലവിതരണം പൊതുജനാരോഗ്യം	36219
തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്	36578
മറ്റുള്ളവ	187743
ആകെ	825758

സഹകരണം



സഹകരണം

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ഗൂഢലക്ഷ്യത്തോടു കൂടി ഭരണചക്രം തിരിച്ചിരുന്ന ബ്രിട്ടന്റെ കരാളഹസ്തങ്ങളിൽനിന്നും 1947-w നാം സ്വതന്ത്രരായി. ദേശസ്നേഹികളും സംസ്കാര സമ്പന്നന്നരുമായ ഇന്ത്യൻ ജനത പരസ്പര സഹകരണത്തിലൂന്നിക്കൊണ്ട് സുന്ദരമായ ഒരു `ഇന്ത്യ' സ്വപ്നം കണ്ടു. ഈ സുന്ദര സ്വപ്നത്തിൽ നിന്ന് ഉരിത്തിരിഞ്ഞതാണ് സഹകരണ പ്രസ്ഥാനം എന്ന ആശയം. ഭാരതത്തിന്റെ നട്ടെല്ലായ കർക സമൂഹത്തെ കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതിനായി 1904ലെ സഹകരണ നിയമത്തിന്റെ (കൊ -ഓപ്പറേറ്റീവ് സൊസൈറ്റീവ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് വേരോടിയത്. ആർഷഭാരതത്തിന്റെ അഭിഭാജ്യഘടകമായ - സഞ്ചാരികളുടെ പറുദീസയെന്നഭിമാനിക്കുന്ന - കേരളത്തിന്റെ ഒരു കൊച്ചുഭാഗമായ പെരുവന്താനം പഞ്ചായത്തിൽ 1962 ലാണ് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പെരുവന്താനം സർവീസ് സഹകരണ ബാങ്ക് എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ സഹകരണ പ്രസ്ഥാനത്തിന്റെ ആദ്യത്തെ സാരഥികളായി ശ്രീ.മൈക്കിൾ കള്ളിവയിലും ശ്രീ. M. E.സ്കറിയായും തിരഞ്ഞെടുക്കപ്പെട്ടു. ഈ പ്രസ്ഥാനത്തിന്റെ പ്രമോട്ടർ പരേതനായ ശ്രീ.പി. വി. ദേവസ്യാ ആയിരുന്നു.

കേരളത്തിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നോക്കം നിൽക്കുന്ന പെരുവന്താനം പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ കാര്യത്തിലും വളരെ പിന്നോക്കാവസ്ഥയിലാണ്. ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി ഇപ്പോൾ 12 സഹകരണപ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1962-ൽ ആരംഭിച്ച പെരുവന്താനം കൊ- ഓപ്പറേറ്റീവ് ബാങ്ക് വളരെ സ്തുത്യർഹമായ സേവനം കാഴ്ച വച്ചു കൊണ്ട് ഇന്നും മുൻ പന്തിയിൽ നിൽക്കുന്നു. എങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്ന 12 സഹകരണ പ്രസ്ഥാനങ്ങളിൽ ഭൂരിപക്ഷവും പലവിധകാരണങ്ങളാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്തു കൂടി ഉൾപ്പെട്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക തരം തിരിച്ച് ചുവടെ ചേർക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷികമേഖലയിൽ പെരുവന്താനം സർവ്വീസ് സഹകരണ ബാങ്കും കാർഷിക വികസനബാങ്കും സ്തുത്യർഹമായ സേവനം കാഴ്ച വച്ചുകൊണ്ട് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. കൺസ്യൂമർ വിഭാഗത്തിൽ സ്ഥാപിതമായ പെരുവന്താനം കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ പല വിധകാരണങ്ങളാൽ സ്തംഭനാവസ്ഥയിലാണ്. ആനക്കുളം കൺസ്യൂമർ സൊസൈറ്റി സേവന മേഖലയിൽഅതിന്റെ തനിമ ഉൾക്കൊണ്ട് കൊണ്ട് പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ഉള്ള 4 സ്കൂളുകളിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രധാന പ്രവർത്തന മേഖല സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുക എന്നതാണ്. പഞ്ചായത്തിൽ ആകെ രണ്ട് ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. മലനാട്ട് ക്ഷീരോൽപാദകസഹകരണ സംഘം വളരെ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു കൊണ്ട് ഈ മേഖലയിൽ മുന്നേറുന്നു. ഈ പഞ്ചായത്തിലുള്ള എല്ലാ വാർഡിലും ഇതിന്റെ ശാഖകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. കണയങ്കവയലിൽ സ്ഥാപിതമായ പാലുല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല കണയങ്കവയലിൽ മാത്രമായി ഒതുങ്ങി നിൽക്കുകയാണ്.

പഞ്ചായത്തിലെ വനിതകളുടെ ഉന്നമനത്തെ ലക്ഷ്യം വച്ചു കൊണ്ട് ആരംഭിച്ച വനിത തയ്യൽ സഹകരണ സംഘം അതിന്റെ പ്രവർത്തന പരിധി പുതിയ മാനങ്ങൾ തേടാതെ ഇവിടെത്തന്നെ തളച്ചിട്ടിരിക്കുന്നു. പഞ്ചായത്തിലെ കൊക്കോ കർഷകരുടെ ഉന്നമനത്തെ ലാക്കാക്കി രൂപീകരിച്ച കൊക്കോ ഉത്പാദക സഹകരണ സംഘവും അതിന്റെ പ്രവർത്തനത്തെ കാലത്തിനനുയോജ്യമായ രീതിയിൽ മെച്ചപ്പെടുത്തിയിട്ടില്ല. അമലഗിരിയിലാരംഭിച്ച അമല ഫുഡ് ഇൻഡസ്ട്രീയസിന്റെ സേവനവും അതിന്റെ ശരിയായ

വിധത്തിൽ പ്രയോജനപ്പെടുത്താൻ പഞ്ചായത്തിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. മേൽപറഞ്ഞവ കൂടാതെ കണയങ്കവയൽ മാർക്കറ്റിംഗ് സഹകരണ സംഘം പാറപൊട്ടിക്കൽ സഹകരണ സംഘം എന്നിവ നാമ മാത്രമായ പ്രവർത്തനം കാഴച വച്ചു കൊണ്ട് കാല ചക്രങ്ങളെ അതിജീവിച്ച് ജീർണ്ണാവസ്ഥയിലെത്തി നിൽക്കുന്നു. കാലഗതിക്കനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തന മേഖലകളിലെ വൈരുദ്ധ്യ ങ്ങളെ ഏകീകരിച്ചുകൊണ്ട് മുന്നോട്ടു പോയില്ല ങ്കിൽ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ ഭാവി അനിശ്ചിതത\വത്തിലാകുമെന്നതിൽ സംശയ മില്ല.

കാർഷിക മേഖല

(a) ഹൃസ്വകാല വായ്പ.

ഉദ്ദേശ്യം 4368 കർഷക കുടുംബങ്ങൾ അധി വസിക്കുന്ന ഒരു പഞ്ചായത്താണ് പെരുവന്താനം. ഹൃസ്വകാല കാർഷിക കാർഷികേതര വായ്പകളാണ് പഞ്ചായത്തിന്റെ തിലകക്കുറിയായപെരുവന്താനം സർവീസ് സഹകരണ ബാങ്ക് വിതരണം ചെയ്യുന്ന തെങ്കിലും, മുഴുവൻ കർഷകർക്കും അർഹമായ വായ്പ ആവശ്യാനുസരണം നൽകാൻ ബാങ്കിന് സാധിക്കുന്നില്ല.

(1) പെരുവന്താനം സർവീസ് സഹകരണ ബാങ്ക്

4368 കർഷക കുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിലുണ്ടങ്കിലും ബാങ്കിൽ മുഴുവൻ കർഷകരും ഇന്ന് അംഗങ്ങളല്ല. ബാങ്കിൽ കർഷക കുടുംബങ്ങൾ ഉൾപ്പെടെ 4601 അംഗങ്ങൾ ഇപ്പോൾ ഉണ്ട്. ബാങ്ക് ഗുണഭോക്താക്കളുടെ സാമ്പത്തിക ആ വശ്യങ്ങൾ പരിതമായി നിവൃത്തിക്കുവാൻ 2കോടി ഉറുപിക എങ്കിലും ആവശ്യമാണ്. എന്നാൽ 1995-96 വർഷത്തിൽ 6 ലക്ഷം ഉറുപിക മാത്രമാണ് ബാങ്കിന് കാർഷികാവശ്യത്തിന് വിതരണം ചെയ്യു വാൻ മാറ്റി വയ്ക്കുവാൻ സാധിച്ചത്. നബാർഡ് നില വിലുള്ള കാർഷിക വായ്പ വിതരത്ത സംവിധാന ത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായ്പ വിതരണം ചെയ്യാൻ സാധിക്കുക യുള്ളൂ. കൃത്യസമയത്ത് വായ്പ തിരിച്ച് അടച്ചു തീർക്കാ ത്തത് ബാങ്ക് പ്രവർത്തനത്തിന് തടസം നിൽക്കുന്നു.

ഖാദി ഗ്രാമ വ്യവസായ സഹകരണസംഘം.

പഞ്ചായത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ ത്തിന്റെ ഉന്നമനത്തെ ലക്ഷ്യം വച്ചു കൊണ്ട് പാലൂർ ക്കാവിൽ സ്ഥാപിതമായിരിക്കുന്ന സഹകരണ സംഘം ഉത്പാദന വിപണനത്തിൽ പുരോഗതിയിലാണ്. പല നിർദ്ധന കുടുംബങ്ങളുടെയും അത്താണിയായി മാറി യേക്കാവുന്ന ഈ സഹകരണ സംഘം അതിന്റെ പ്രവർത്തനത്തിലേക്ക് കാലൂന്നിയിട്ടുള്ള അതിനാൽ അതിന്റെ പ്രാരംഭഘട്ട പ്രവർത്തനത്തിൽ സാങ്കേതി ക ബുദ്ധിമുട്ടുണ്ടായാൽ നിലനിർത്തിക്കൊണ്ടു പോകേ ണ്ടത് ആവശ്യമന്നു കരുതി പഞ്ചായത്തു തലത്തിൽ നടപടി സ്വീകരിക്കുന്നത് വലിയ സഹായകരമായിരി ക്കും.

വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതി കൾ.

കാർഷിക മേഖല

(1) എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂല ധനം വർദ്ധിപ്പിക്കുക.

(2) നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക.കാർഷികേതര വായ്പകൾ കൂടി നൽകുന്നതിന് നടപടി സ്വീക രിക്കുക.

(3) സഹകരണ ബാങ്കുകൾ കർകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

(4) ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യ മായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

(5) കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനു

വദിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുക.

(6) സർക്കാരിൽ നിന്ന് അനുവദിച്ചു കിട്ടുന്ന പലിശ സബ്സീഡി യഥാകാലം വായ്പ്പാക്കാർക്ക് ലഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും സ്വീകരിക്കേണ്ടതാണ്.

(7) വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷികവായ്പയുടെ പരധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ് .

(8) വളവും കാർഷികഉപകരണങ്ങളും വിതരണം ചെയുവാനും കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുവാനും ഈ ബാങ്കിൽ സംവിധാനം ഉണ്ടാവണം.

(9) കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വിലയിടിവു വരുമ്പോൾ അവസെക്യൂരിറ്റിയായിവാങ്ങിക്കൊണ്ട് "കീലോൺ" അനുവദിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാവണം . കൂടാതെഉൽപന്ന സംഭരണത്തിനായി ആവശ്യമയ ഗോഡൗൺ നിർമ്മിച്ചുകൊടുക്കാൻ വായ്പ്പയും സബ്സീഡിയും L.D.D.C സ്ക്കീമിൽ ഉൾപ്പെടുത്തി ഈ സ്ഥാപനങ്ങൾ ലഭ്യമാക്കണം.

(10) ദീർഘവായ്പ്പ നൽകിവരുന്ന കാർഷിക ഗ്രാമ വികസനബാങ്കുകളുടെ വായ്പ്പാവിതണസംവിധാനം ലളിതവൽക്കരിക്കണം. കൂടാതെ പഞ്ചായത്തുകൾ തോറും ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനത്തിന് കൂടുതൽ ജനകീയവൽക്കരിക്കുക.

(11) വാണിജ്യബാങ്കുകൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ സഹകരണബാങ്കുകൾ വഴി വ്യാവസായികവായ്പ്പകൾ ലഭിക്കാനുള്ള അടിയന്തിരനടപടികൾ ഉണ്ടാകണം.

മറ്റ് നിർദ്ദേശങ്ങൾ.

(1) അംഗങ്ങളുടെ മക്കളുടെ വിവാഹം, ഭവന നിർമ്മാണം, വിദ്യാഭ്യാസം, ഭൂമി വാങ്ങൽ, വ്യവസായം എന്നിവയക്ക് സംഘത്തിൽനിന്നും വായ്പ ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടാകണം.

ക്ഷീരവ്യവസായസഹകരണ സംഘങ്ങൾ.

ക്ഷീരവ്യവസായ വിപണനത്തിന് വിദൂരസാദ്ധ്യതകളുള്ള പെരുവന്താനം പഞ്ചായത്തിനെ സംബന്ധിച്ച് ഉൽപ്പാദന വിപണന മേഖലകൾ വളരെ ചുരുങ്ങിയതോതിലേയുള്ളു എന്നത് യാഥാർത്ഥ്യമായ സംഗതിയാണ്. നിലവിലുള്ള മലനാട് മിൽക്ക് ഡവലപ്പ്മെന്റ് സൊസൈറ്റിയും കണയങ്കവയലിലുള്ള മിൽക്ക് സഹകരണസംഘവുമാണ് ഈ മേഘലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ. കർഷകജനതതിങ്ങിപ്പാർക്കുന്ന പെരുവന്താനത്തെ സംബദ്ധിച്ച് ക്ഷിരമേഖലയ്ക്ക് ഒഴിച്ചുകൂടാനാവാത്ത പങ്ക് നിർവ്വഹിക്കാനുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തീക മേഖലയ്ക്കു തന്നെ സൗകര്യമായ ഉന്നമനം കൈവരുത്തുവാൻ തക്ക വിധത്തിലുള്ള സാധ്യതകൾ ഈ മേഖലയിൻ പഞ്ചായത്തിനുണ്ട്. അതിനാൽ ക്ഷീരവ്യവസായം ഒരു വൻ വ്യവസായശൃംഘലയാക്കി ഉയർ ത്താൻ പണിപ്പെട്ടേ തീരു, 9 വാർഡുകളിലായി വ്യപിച്ചുകിടക്കുന്ന പഞ്ചായത്തിൽ കണയങ്കവയലിലുള്ള മിൽക്ക് സഹകരണസംഘം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

സ്വകാര്യഉടമസ്ഥതയിലുള്ള m.m.ds ആണ് ഈ മേഖലയിലെ പാലിന്റെ ഭൂരിഭാഗവും സംഭരിക്കുന്നത്., ഇങ്ങനെ സംഭരിക്കുന്ന പാൽ കോട്ടയം ഡയറിയിൽ എത്തിക്കുകയും അവിടെനിന്ന് സംസ്കരിച്ച് വിവിധ മേഖലയിൽ വിതരണം നടത്തുകയും ചെയ്യുന്നു. ഇങ്ങനെ ക്ഷീരകർഷകർക്ക് ആശ്വാസകരമായ രീതിയിൽ പാൽ സംഭരിക്കുന്ന മലനാട് മിൽക്ക് സഹകരണസംഘം സംത്യർഹമായ സേവനമാണ് കാഴ്ച വെയ്ക്കുന്നത്.

നിർദ്ദേശങ്ങൾ.

1) കാലിത്തീറ്റാ വിതരണത്തിനായി പഞ്ചായത്തു തലത്തിൽ സംവിധാനം ഉണ്ടാക്കണം.

2) നല്ലയിനം കറവുമാടുകളെ കർഷകർക്ക് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

3) കന്നുകാലികളുടെ സംരക്ഷണത്തിനായി

മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കണം.

4) പഞ്ചായത്തു തലത്തിലും, ധനകാര്യസ്ഥാപനങ്ങളിൽനിന്നും, ക്ഷീരവ്യവസായത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

കൺസ്യൂമർ മേഖല

ആനക്കുളത്ത് ആരംഭിച്ച കൺസ്യൂമർസ്റ്റോറിന്റെ സ്ഥിതി പരിതാപകരമാണ്. പ്രവർത്തനാരംഭത്തിൽ വിശാലമായ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് തുടങ്ങിയ ഈ സംരഭം ഇന്നും നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളു. തോട്ടം തൊഴിലാളികൾ അധിവസിക്കുന്ന ഈ മേഖലയിൽ സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിച്ചാൽ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം അത് വലിയ ആശ്വാസമായിരിക്കും.

നിർദ്ദേശങ്ങൾ

(1) നിലവിലുള്ള കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോറിന്റെ പ്രവർത്തനം സജീവമാക്കികൊണ്ട് നിത്യപയോഗസാധനങ്ങളുടെ വിതരണത്തെ ത്വരിതപ്പെടുത്തുക.

(2) തോട്ടം തൊഴിലാളികൾക്ക് ആശ്വാസപ്രദമായിരുന്ന ആനക്കുളം കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനം പുനർ ജീവിപ്പിക്കുക.

(3) ഓരോവീട്ടിലും നിത്യപയോഗസാധനങ്ങൾ എത്തിക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് "ട്രേഡ് ഡെപ്പോസിറ്റ്" സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം നിലവിലുള്ള സംഘങ്ങളിൽ നടപ്പാക്കുക.

സ്കൂൾ സഹകരണസംഘങ്ങൾ

നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി തുടക്കമിട്ട സ്കൂൾ സഹകരണസംഘങ്ങൾ കാര്യമായി ഒരിടത്തും പ്രവർത്തിക്കുന്നില്ല. എങ്കിലും സെന്റ്മേരീസ് H.S. തെക്കേമലയിലും സെന്റ്ജോസഫ് H.S. പെരുവന്താനത്തും കണയങ്കവയൽ H.S ലും സഹകരണസംഘങ്ങൾ ഭാഗികമായി പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തന മേഖലയാകട്ടെ വളരെ ശുഷ്കവുമാണ്. പാഠപുസ്തകങ്ങൾ മാത്രമേ ശരിയായ രീതിയിൽ ഇവിടെ വിതരണം ചെയ്യുന്നുള്ളു. അതുപോലെ വിദ്യാർത്ഥികൾ ക്കാവശ്യമായ യൂണിഫോമുകൾ, കോസ്മെറ്റിക്, സ്റ്റേഷനറിസാധനങ്ങൾ എന്നിവയും ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം. പ്രൈമറിതലത്തിൽ ഈ പഞ്ചായത്തിൽ ഏതാണ്ട് മൂന്നുസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനവും മേൽപറഞ്ഞവയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. അതിനാൽ ഇവയുടെ പ്രവർത്തനവും സജീവമാക്കേണ്ടിയിരിക്കുന്നു.

സ്ക്കുൾ സഹകരണസംഘങ്ങളുടെ കാര്യമായ നടത്തിപ്പിനായി എല്ലാ വിദ്യാർത്ഥികളെയും, അദ്ധ്യാപകരേയും നിർബന്ധമായി ഈ സംഘങ്ങളിൽ അംഗങ്ങളാക്കേണ്ടതും, സെക്രട്ടറി എന്ന നിലയിൽ കൂടുതൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും അദ്ധ്യാപക ജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

ഹരിജൻ സഹകരണസംഘം

ഒരു പിന്നോക്ക പഞ്ചായത്തായ പെരുവന്താനം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധവാർഡുകളിലായി വളരെയധികം ഹരിജനങ്ങൾ ഇവിടെ പാർക്കുന്നു. ക്ഷേമ പ്രവർത്തനങ്ങൾ ഒരു പരിധിവരെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. എങ്കിലും പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതി സഹകരണസംഘം രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ചിലയിടങ്ങളിൽ ഈ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

ലേബർ കോൺട്രാക്ട് സഹകരണസംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ പെരുവന്താനം പഞ്ചായത്തിലുണ്ട് ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ

കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കേണ്ടതും, പഞ്ചായത്തുകൾ നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മറ്റു നിർമ്മാണപ്രവർത്തനങ്ങൾ ഈ സംഘങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

വനിതാ തയ്യൽ സഹകരണ സംഘം


വനിതകളുടെ കർമ്മനിരതമായ പ്രവർത്തനത്തിലൂടെ വസ്ത്രനിർമ്മാണ രംഗത്ത് അതുല്യമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കും എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിൽ ആരംഭിച്ച വനിതാ തയ്യൽ സഹകരണസംഘം ഇന്നു തളർച്ചയുടെ പടിമുകളിലാണ്. എങ്കിലും പെരുവന്താനത്ത് തുടക്കമിട്ട ഈ സംഘം ഇന്നും പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനത്തെ പരിപോഷിപ്പിച്ചാൽ സംഘത്തിന് പുതിയമാനങ്ങൾ കൈവരുത്താൻ കഴിയും എന്നതിൽ സംശയമില്ല. ശുഷ്കാന്തി ഇല്ലായ്മയും പ്രവർത്തനനിരതമായ സേവനം കാഴ്ചവയ്ക്കാൻ തയ്യാറുള്ള പ്രവർത്തകരുടെ അഭാവവും സംഘത്തിന്റെ പരാജയകാരണങ്ങളായി പറയാമെങ്കിലും സാമ്പത്തികമായ അടിത്തറയില്ലായ്മയാണ് മുന്നോട്ടുള്ള വളർച്ചയെ തടഞ്ഞു നിർത്തുന്നത്.

കോക്കോ സഹകരണസംഘം

പകലന്തിയോളം പണിയെടുക്കുന്ന കർഷകജനതയുടെ താല്പര്യത്തെ സംരക്ഷിക്കുന്നതിനായി 40-ാം മൈലിൽ ആരംഭിച്ച കൊക്കോ സഹകരണസംഘം അതിന്റെ പ്രവർത്തനത്തെ വിപുലപ്പെടുത്തിയിട്ടില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. കൊക്കോ മാത്രം കൃഷി ചെയ്യുന്ന കർഷകർ പഞ്ചായത്തിൽ ഇല്ലെങ്കിലും ഇടവിളയായി കോക്കൊ കൃഷിചെയ്യുന്ന കർഷകർ പഞ്ചായത്തിൽ ഇല്ലെങ്കിലും ഇടവിളയായി കൊക്കൊ കൃഷി ചെയ്യുന്ന അനവധി കർഷകരുണ്ടിവിടെ. ഇവരെയെല്ലാം സഹകരണസംഘത്തിലെ അംഗങ്ങളാക്കാൻ പോലുള്ള ശ്രമം സംഘം നടത്തിയിട്ടില്ല. എങ്കിലും അംഗങ്ങളായിട്ടുള്ളവർക്ക്വളവും കീടനാശിനികളും ലഭിക്കുന്നുണ്ട്. മേല്പറഞ്ഞ കർഷകരെക്കൂടി അംഗങ്ങളാക്കിക്കൊണ്ട് സംഘത്തിന്റെ പ്രവർത്തനത്തെ വിപുലീകരിക്കുകയും ഓരോ വാർഡിലും കൊക്കൊ സംഭരണം ഏർപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. അതുപോലെ വിപണന മേഖലയിലെ വിലയിടിവ് കാരണം കർഷകർ പ്രതിസന്ധി നേരിടുകയാണ്. ഇതിൽ നിന്നും കരകയറുന്നതിനായി കർഷകർക്ക് ന്യായമായ വില ലഭിക്കുവാൻ സഹകരണസംഘം മുൻകയ്യെടുത്തേ മതിയാവു.

സഹകരണ രംഗത്ത് പുതുപുത്തൻ മാനങ്ങൾ തേടുന്ന പഞ്ചായത്തിന് വരും കാലങ്ങളിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനുണ്ട്. പഞ്ചായത്ത് ലക്ഷ്യം വെയ്ക്കുന്ന വിധത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് വൻപിച്ച മുതൽ മുടക്ക് ആവശ്യമാണ്. ഉദ്ദേശം 600 ലക്ഷം രൂപയുടെ മുതൽ മുടക്ക് ഉണ്ടെങ്കിൽ മാത്രമെ ലക്ഷ്യമിട്ടിരിക്കുന്ന സഹകരണരംഗത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും, ലക്ഷ്യപ്രാപ്തിയാക്കാനും സാധിക്കുകയുള്ളു. സഹകരണരംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളേ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്തത്തിൽ ഒരു സഹകരണസെൽ രൂപീകരിക്കാവുന്നതും സഹകരണസംഘങ്ങൾക്കാവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്. ചുരുക്കത്തിൽ പഞ്ചായത്തിന്റെ ജീവനാഡിയായി പ്രവർത്തിക്കേണ്ട സഹകരണ പ്രസ്ഥാനത്തെ കാലോചിതമായി സജ്ഞമാക്കേണ്ടതിന് ദീപ്തമായ പ്രവർത്തനം കാര്യമാക്കണം. അങ്ങനെ നമ്മുടെ രാജ്യ പിതാവായ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തെ നമ്മുക്ക് ശക്തമാക്കണം.

വ്യവസായം



വ്യവസായം

പെരുവന്താനം പഞ്ചായത്ത് അതിർത്തിയിൽ വൻകിട വ്യവസായ യൂണീറ്റുകളോ, പൊതുമേഖലാ വ്യവസായ യൂണീറ്റുകളോ പ്രവർത്തിക്കുന്നില്ല.

TRT കമ്പനി വക രണ്ട് ഇടത്തരം റബർ ഫാക്ടറികൾ എസ്റ്റേറ്റ്മേഖലയിൽ പ്രവർത്തിക്കുന്നു.

വാർഡ്	ഫാക്ടറിയുടെ പേര്	തൊഴിലാളികൾ		കൂലി വിവരം	
		പു.	സ്ത്രീ	പു.	സ്ത്രീ
1	മെഗാപ്ലാസ്റ്റ് P.V.C. പൈപ്പ് ഫാക്ടറി	2	-	45.00	-
3					
4	ഈസ്റ്റേൺ പ്ലാസ്റ്റിക്സ് പോളിത്തീൻ ഹോസ്	5	-	80.00	-

ഇടത്തരം ഫാക്ടറികൾ

ചെറുകിട വ്യവസായം

1. വാർഡ് ഒന്നിൽ ഒരു കോൺക്രീറ്റ് കട്ടിള, ജനാല എന്നിവയുടെ ഒരു യൂണിറ്റും പ്രവർത്തിക്കുന്നു.

2. 35--ാം മൈലിൽ ഒരു ഐസ് പ്ലാന്റും പ്രവർത്തിക്കുന്ന.

കുടിൽ വ്യവസായങ്ങൾ

വാർഡ്		ഇനം
I.	1	മൂഴിക്കൽ പ്രദേശത്ത് ഈറ്റകൊണ്ട് വിവിധ സാമഗ്രികളുടെ നിർമ്മാണം
	2.	35-ാം മൈലിൽ അലുവാ നിർമ്മാണം
	3.	പർപ്പിടക നിർമ്മാണം
II.	1.	പെരുവന്താനത്ത് സോഡാ ഫാക്ടറി
III.	1.	അമലഗിരിയിൽ അമല ഫുഡ് പ്രോസസിംഗ് യൂണിറ്റ്
IV	1.	അലമാര മിർമ്മാണ യൂണിറ്റ്. പാലൂർക്കാവ്
	2.	സോഡാ നിർമ്മാണം പാലൂർക്കാവ്
V.	1.	അലുവാ നിർമ്മാണ ശാല തെക്കേമല
	2.	ചിപ്സ് നിർമ്മാണ യൂണിറ്റ്,തെക്കേമല
VI.	1.	പർപ്പിടക നിർമ്മാണം (മാരുതി കപ്പാലുവേങ്ങ
	2.	കപ്പാലുവേങ്ങയിൽ നിൽക്ക് പ്രോഡക്റ്റ് യൂണിറ്റ്
	3.	ചെറിവള്ളികുന്ന് മിൽക് പ്രോഡക്റ്റ് യൂണിറ്റ്

പഞ്ചായത്ത് അതിർത്തിയിലെ ഫ്ലവർമില്ലുകൾ

വാർഡ്	സ്ഥലം പൊടിക്കുന്ന	ഇനങ്ങൾ
1.	35-ാം മൈൽ	ധാന്യങ്ങളും പയറുവർഗ്ഗങ്ങളും
2.	പെരുവന്താനം പള്ളിക്കവല	ധാന്യങ്ങളും പയറുവർഗ്ഗങ്ങളും
	പെരുവന്താനം റേഷൻ കട ജംഗ്ഷൻ	ധാന്യങ്ങളും കാപ്പിക്കുരുവും
4.	ജൂബിലി കോഫി വർക്സ് പാലൂർക്കാവ്	കാപ്പിക്കുരു കുത്തി, വറുത്ത് പൊടിച്ചു കൊടുക്കുന്നു.
5.	തുണ്ടൻപറമ്പിൽ ഫ്ലവർ മിൽ	ധാന്യങ്ങൾ പൊടിച്ചുകൊടുക്കുന്നു
6.	മുറിഞ്ഞപുഴ ഫ്ലവർമിൽ	ധാന്യങ്ങൾ പൊടിച്ചുകൊടുക്കുന്നു

പ്രശ്നങ്ങൾ

1. പഞ്ചായത്ത് അതിർത്തിയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയാത്തതിന്റെ പ്രധാന കാരണം 3 phase വൈദ്യുതിയും, ജലസേചനവും, ഗതാഗതസൗകര്യവും ആവശ്യാനുസരണം ലഭിക്കാത്തതാണ്.

2. വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിന് എല്ലാവിധ പ്രോത്സാഹനവും വ്യവസായ വകുപ്പിൽ നിന്ന് നൽകുകും ലോൺ പാസ്സാക്കുകയും ചെയ്യുന്നു. എന്നാൽ തുക നൽകേണ്ട ബാങ്കുകൾ സാങ്കേതികകാരണത്താൽ ധനസാഹായം നൽകുവാൻ തയ്യാറാകാത്തത്.

3. വ്യവസായയൂണിറ്റുകൾക്ക് ധനസാഹായം ലഭിച്ചവർ തുക തിരികെ അടയ്ക്കുവാൻ തയ്യാറാകാത്തത് മറ്റുള്ളവർക്ക് വായ്പലഭിക്കുന്നതിന് തടസ്സമാകുന്നത്.

4. വ്യവസായ പരിശീലനത്തിന്റെ അപര്യാപ്തത പുതിയവ്യവസായയൂണീറ്റുകൾ തുടങ്ങുന്നതിന് തടസ്സമാകുന്നു.

5. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ ബിസ്സിനസ്സ് മുമ്പോട്ട് നല്ലരീതിയിൽ കൊണ്ടുപോകുവാൻ തുടർ വായ്പ ലഭിക്കാത്തതും, വ്യവസായ വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്ന അമിത പലിശയും.

6. വൻകിട വ്യവസായ ഉത്പന്നങ്ങളോട് ചെറുകിട വ്യവസായ ഉത്പന്നങ്ങൾ മത്സരിച്ച് വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്.

7. വിദഗ്ദ തൊഴിലാളികളുടെയും, സാങ്കേതികപരിശീലനം നേടിയവരുടെയും കുറവ്.

8. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണിയിലെ വിലക്കൂടുതലും.

9. കൂലി നിരക്കിലുള്ള വർദ്ധനവ്.

10. ഖാദി ഗ്രാമവ്യവസായങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.

11. ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതിയും ചുവപ്പുനാടയും.

12. വനിതകൾക്ക് വ്യവസായരംഗത്തേയ്ക്ക് കടന്നു വരാനുള്ള അവസരങ്ങളുടെ അഭാവനും, ബോധവൽക്കരണത്തിന്റെ കുറവും.

നിർദ്ദേശങ്ങൾ

1. സ്വയംതൊഴിൽ പരിപാടികൾ പ്രോത്സാഹിപ്പിക്കുകയും ധനസഹായം തടസ്സം കൂടാതെ ലഭിക്കുവാനും ഉറപ്പുവരുത്തുക.

2. ഗതാഗതസൗകര്യവും, വൈദ്യുതിയും, ജലസേചനവും ആവശ്യാനുസരണം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

3. ചെറുകിട വ്യവസായ ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ പഞ്ചായത്തു തലത്തിൽ വിപണി തയ്യാറാക്കുക.

4. വ്യവസായം തുടങ്ങൻ ആഗ്രഹിക്കു ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തിക്കൊണ്ടു പോകുന്നതിന് വ്യവസായികളുമായി ആശയവിനിമയം നടത്തുക. വ്യവസായങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കുവാൻ പഠനയാത്ര സംഘടിപ്പിക്കുകയും, വ്യവസായ വകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ സെമിനാൻ നടത്തുകും ചെയ്യുക.

5. വനിതകളെ വ്യവസായ രംഗത്തേയ്ക്കു കൊണ്ടു വരുന്നതിന് പഞ്ചായത്തുതല ബോധവൽക്കരണസെമിനാറും, കുടിൽ വ്യവസായത്തിന് പ്രോത്സാഹനവും ധനസഹായവും നൽകുക.

6. വ്യവസായം ആരംഭിക്കുന്നതിന് 5 വർഷക്കാലത്തെക്ക് പലിശയില്ലാത്ത വായ്പ അനുവദിക്കുക.

7. പരമ്പരാഗത കുടിൽ വ്യവസായ തൊഴിലാളികൾക്കൾ കൈതൊഴിലാളികൾക്കും ആധുനികരീതിയിൽ സാങ്കേതികപരിശീലനം നൽകുക.

8. തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

9. വ്യവസായ യൂണീറ്റുകൾക്ക് ലൈസൻസ് സമ്പ്രദായം ലഘൂകരിക്കുക.

പഞ്ചായത്തു പ്രദേശങ്ങളിൽ പുതുതായി ആരംഭിക്കുവാൻ കഴിയുന്ന വ്യവസായങ്ങൾ

1. കാപ്പിക്കുരു കേന്ദ്രീകരിച്ചുകൊണ്ടുള്ള വ്യവസായം

2. അചാറു നിർമ്മാണ യൂണിറ്റുകൾ (മാങ്ങ, നാരങ്ങ, ഇഞ്ചി, കുരുമുളക്....)

3. റബർ അധിഷ്ഠിതവ്യവസായം (റബർപാൽ ക്രീം, റബർബാന്റ് നിർമ്മാണം, ക്രേപ്പ് നിർമ്മാണം)

4. ചൂരൽ, മുള, ഈറ്റ ഇവകൊണ്ടുള്ള വ്യവസായം

5. മെറ്റൽ ക്രഷർ യൂണിറ്റ്

6. ജൈവവളഫാക്ടറി

7. മാംസ സംസ്കരണഫാക്ടറി

8. സോപ്പ്, തീപ്പെട്ടി വ്യവസായം

9. തേനീച്ച, പട്ടുനൂൽ പുഴു വ്യവസായം

10. ഹോളോ ബ്രിക്സ്സിമന്റ് കട്ട നിർമ്മാണം

11. കോഴിവളർത്തൽ കേന്ദ്രം, പശുവളർത്തൽ കേന്ദ്രം, പന്നിവളർത്തൽ കേന്ദ്രം തുടങ്ങിയവ ആരംഭിക്കുക.

12. റബർതടി സംസ്കരിച്ച് വ്യവസായം

13. വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ്

14. ലതർ ചെരുപ്പ്-ബാഗ് നിർമ്മാണം

15. പുഷ്പഫല സസ്യകൃഷി

16. ബേക്കറി വ്യവസായം

17. സൈൻ ബോർഡ് നിർമ്മാണം

18. ഇലക്ട്രോണിക് ചോക്ക് നിർമ്മാണശാല

19. കാലിത്തീറ്റ നിർമ്മാണശാല

20. ഫർണീച്ചർ വ്യവസായം

പട്ടികജാതി പട്ടികവർഗ്ഗം



പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ 688 പട്ടികജാതി പട്ടിക വർഗ്ഗകുടുംബങ്ങളുണ്ട്. എട്ട് കോളനികൾ നിലവി ലുള്ളതാണ്. ഈ കോളനികളിൽ മൂന്നു കോളനി കൾ മാത്രം അംഗീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവകൂടി അംഗീകരിക്കുന്നതിനുള്ള സ്കീം പഞ്ചായത്ത് സമർ പ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഏറെ ക്കുറെ നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, സാമൂഹ്യ സാമ്പത്തികരംഗത്ത് ദീർഘകാലം ചൂഷ ണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന്, കൂടി കിടപ്പവകാശവും മിച്ചഭൂമി ലഭ്യതയും ഒരു പരിധി വരെ നേട്ടമുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

സാമൂഹികമായി ഉച്ചനീചത്വം ഇന്ന് ഒരുതര ത്തിലും ഇല്ലെന്ന് പറയാം വിവാഹസൽക്കാര ചട ങ്ങുകളിൽ പരസ്പരം പങ്കെടുക്കുകയും പന്തിഭോ ജനം നടത്താറുമുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് സർക്കാർ നടപ്പാക്കുന്ന പലപദ്ധതികളേക്കുറിച്ചും ഇവർ അജ്ഞ രാണ്. പ്രയാസമുള്ള പല നിബന്ധനകൾ മൂലം ഫലപ്രദമായി പദ്ധതികളുടെ ഗുണം ഇവർക്ക് ലഭി ക്കുന്നില്ല. സർക്കാർ ആഫീസുകളിൽ നിന്നും ഉദ്യോ ഗസ്ഥന്മാരിൽ നിന്നും വേണ്ട നിർദ്ദേശങ്ങളും ഉപദേ ശങ്ങളും ലഭിക്കുന്നുമില്ല.

ഗ്രാമപഞ്ചായത്തു നടത്തുന്ന പൊതു പരിപാ ടികളിൽ പോലും ഈ വിഭാഗത്തിൽപ്പെട്ടവർ സജീ വമായി പങ്കെടുക്കുന്ന സ്വഭാവം ഇല്ലെന്നുതന്നെ പറ യാം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ബോധവൽ ക്കരണത്തിന്റെ കുറവുണ്ട്. ഇന്നും കോളനിയിൽ കുട്ടി കൾ മുഴുവൻ സ്കൂളുകളിൽ പോകുന്നില്ല. സാമ്പ ത്തികമായ പിന്നോക്കാവസ്ഥയുടെ കാരണവും യാത്ര സൗകര്യക്കുറവും ഇതിൽ പ്രധാനകാരണങ്ങളാണ്. നിരക്ഷരർ ഇന്ന് ഏറിയഭാഗവും ഇവരുടെ ഇടയിലു മാണ്. സ്വന്തമായി വീടില്ലാത്തവർ ഇവരുടെ ഇടയിൽ ഇപ്പോഴും ഉണ്ടെന്നുള്ളത് ഒരു ദുഃഖ സത്യമാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗ വും കൃഷി മേഖലയിൽ തൊഴിലെടുത്തു ജീവിച്ചുവ രുന്നു. ഒരു വിഭാഗം നിർമ്മാണപ്രവർത്തനത്തിനും പോകുന്നുണ്ട്.

കൃഷിമേഖലയിൽ പൊതുവെ തൊഴിൽ കുറഞ്ഞു വരുന്നതും ഈ മേഖലയിൽ വർഷം മുഴു വൻ പണിലഭിക്കാത്തതും ദൈനംദിനജീവിതത്തെ ബാധിക്കുന്നുണ്ട്.

കോളനിയിൽ താമസിക്കുന്നവർക്ക് കുടിവെ ള്ളത്തിന് കടുത്ത പ്രതിസന്ധിയാണ്. അതുപോലെ വൈദ്യുതിയും ലഭ്യമാകുന്നില്ല. ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഹൗ സിംഗ് സ്കീം കൊണ്ട് പാർപ്പിട പ്രശ്നം ഒരു പരി ധിവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും, അനുവദിക്കുന്ന തുകയുടെ അപര്യാപ്തതകൊണ്ട് പണി മുഴുവൻ പൂർത്തിയാകാത്ത അവസ്ഥയുമുണ്ട്. കോളനികളിൽ രണ്ട് കുടുംബങ്ങൾക്ക് ഒരു വീടെന്ന കാര്യത്തിൽ പലവിധ അസൗകര്യങ്ങളും ഉണ്ടാകു ന്നുണ്ട് പരസ്പരം വാഗ്വാദങ്ങളും, ഒച്ചപ്പാടുകളും ഉണ്ടാകുന്നുണ്ട്. കഴിയുന്നതും ഇപ്രകാരമുള്ള കുടുംബ ങ്ങൾക്ക് പ്രത്യേകം പ്രത്യേകം വീടുകൾ കൊടുക്കേ ണ്ടതാണ്.

പരിസരശുചീകരണത്തിൽ കാണുന്ന അശ്രദ്ധ രോഗങ്ങളുണ്ടാകുന്നതിനും രോഗം വേഗം പടർന്നു പിടിക്കുന്നതിനും കാരണമാകുന്നുണ്ട്. പൊതുജനാ രോഗ്യ ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധ ഇങ്ങനെയുള്ളപ്ര ദേശത്ത് കൂടുതൽ പതിയേണ്ടിയിരിക്കുന്നു. ലക്ഷം വീടുകൊളനി പോലുള്ള സ്ഥലത്ത് പൊതു കക്കൂ സുണ്ട്. ഇത് പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കു ന്നു. അനുഭവത്തിന്റെ വോളിച്ചത്തിൽ ഓരോ വീടി നും ഓരോകക്കൂസ് നിർമ്മിച്ച് കൊടുക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. കാർഷിക മേഖലയിലും ഇതരനിർമ്മാണരംഗ ത്തും വർഷം മുഴുവനും പണിലഭിക്കാത്ത തിനാൽ തൊഴിലില്ലായ്മ വർദ്ധിക്കുനു.

2. ഭവന നിർമ്മാണത്തിനു ലഭിക്കുന്ന പണം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാതെ പണം ദുർവിനിയോഗം ചെയ്യുന്നു.

3. പ്രാഥമിക സൗകര്യങ്ങളില്ല

4. കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം

5. വൈദ്യുതി പല കോളനിപ്രദേശത്തും ലഭിച്ചിട്ടില്ല.

6. വിദ്യാഭ്യാസപുരോഗതിയിൽ ശുഷ്കാന്തിയില്ലാത്തതിനാൽ നിരക്ഷരത കൂടുന്നു.

7. പൊതുശ്മശാനമില്ല

8. നിർദ്ധന കുടുംബത്തിലെ അംഗങ്ങൾക്ക് ചികിത്സയ്ക്ക് പണം ലഭിക്കുമന്നില്ല.

9. പട്ടികജാതി-പട്ടികവർഗ്ഗ ഉൽഗതിയ്ക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ

10. ഗവൺമെന്റ് വിവിധ ഏജൻസികൾ മുഖേന നൽകുന്ന ധനസഹായങ്ങൾ വേണ്ടത്ര ഫലം ലഭിക്കാതെപോയി.

സാദ്ധ്യതകൾ

രൂക്ഷമായകുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കണം. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള ഹെലിബറിയ സ്കീം നടപ്പാക്കിയെങ്കിൽ മാത്രമെ ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാകുകള്ളു. എന്നിരുന്നാൽ തന്നെയും കൊടികുത്തി, കരണിക്കാട് കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പദ്ധതി, കുടിവെള്ളത്തിനുള്ള പ്രത്യേക റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

വൈദ്ധ്യുതിലഭിക്കുന്നതിൽ അടിയന്തിര നടപടി സ്വീകരിക്കണം.

ലക്ഷംവീടുകോളനിയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടപ്പിലാക്കുക.

ST/SC വിഭാഗത്തിലെ വിവാഹത്തിന് സഹായധനം നൽകുക

വിവാഹിതരായ ST/SC ആൺകുട്ടികൾക്കും വിവാഹാനന്തര

പ്രത്യേകം താമസിക്കുന്നതിന് ധനസഹായം ചെയ്യുക.

ST/SC കോളനിയിൽ പ്രാധമികാവശ്യങ്ങൾക്ക് സൗകര്യം ഉണ്ടാക്കുക.

പൊതു ശ്മശാനം ഉണ്ടാക്കുക.

ST/SC കോളനിയിൽ സാംസ്കാരിക പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

സർക്കാരിൽ നിന്നും വിവിധരൂപത്തിൽ ലഭിക്കുന്ന ധനസഹായം സമയത്തിനുലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും അനാവശ്യമായ കാലതാമസം കർശനമായും ഇല്ലായ്മചെയ്യുക.

ST/SC വിഭാഗത്തിന് കൈവശഭൂമിക്ക് പട്ടയം നൽകുക.

അനുബന്ധം

1. പട്ടികജാതി/പട്ടികവർഗ്ഗത്തിന് കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല. ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാർക്ക് ഈ കാര്യത്തിൽ വേണ്ടത്ര ബോധവൽക്കരണത്തിന് ഊന്നൽ കൊടുക്കുക.

2. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുക.

3. കൈവശഭൂമിക്ക് പട്ടയം അനുവദിക്കുക.

വനിത



വനിത

ആമുഖം

"സ്ത്രീ സ്വാതന്ത്ര്യം-സമത്വം" ഏറെ കേട്ടു പഴകിയ കാലഘട്ടത്തിലാണു നാം. സാമൂഹ്യ സാമ്പത്തിക രാഷ്ട്രിയ മേഖലകളിൽ സ്ത്രീകളുടെ സജീവമായ സാന്നിദ്ധ്യം ഉറപ്പു വരുത്തുക എന്ന ആശയം പഞ്ചായത്തിരാജുവഴി നാം ഒട്ടൊക്കെ നേടിക്കഴിഞ്ഞു. വനിതാ പ്രസ്ഥാനങ്ങളും ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും ഇന്ന് സജീവമായിരിക്കുന്നു. ഈ വസ്തുതകളൊക്കെയും മുൻനിർത്തി ചിന്തിക്കുമ്പോൾ നമ്മുടെ സ്ത്രീകളുടെ സാമൂഹ്യ, സാമ്പത്തിക, മറ്റിതര നിലവാരങ്ങൾ പഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങളെന്നു പറയുമ്പോൾ അവ പ്രാദേശികമായി ചിലവ്യതിയാനങ്ങൾക്കു വിധേയമാണെങ്കിലും പൊതുവായ പല പ്രശ്നങ്ങളിലും ഏകതാനത പുലർത്തുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും വേറിട്ടു നിൽക്കുന്ന ഈ സ്ത്രീ ശക്തിയെ സാമൂഹ്യപരിവർത്തന മേഖലയിലെത്തിക്കുക എന്നത് ഏറെ ശ്രമകരമായ ജോലിയാണ്. ഈ ജോലിക്ക് മുതിരുമ്പോൾ എന്താണവരുടെ പ്രശ്നങ്ങൾ എപ്രകാരം അതുനേടാം എന്നൊക്കെ ഒരു പഠനം നടത്തുന്നത് ഉചിതമായിരിക്കും.

സാക്ഷരതയിലും സ്ത്രീവിദ്യാഭ്യാസത്തിലും മുൻപന്തിയിൽ നിൽക്കുന്ന കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്ത് അധിവസിക്കുന്ന സ്ത്രീകൾ എണ്ണത്തിൽ പുരുഷൻമാരേക്കാൾ കൂടുതലാണ്. ഇവിടെ അധിവസിക്കുന്ന സ്ത്രീജനങ്ങളുടെ പൊതു പ്രശ്നങ്ങൾ എന്തൊക്കെയാനെന്ന് നമുക്ക് പരിശോധിക്കാം.

പ്രശ്നങ്ങൾ

1. സംഘടനാ പ്രവർത്തനങ്ങളുടെ കാര്യക്ഷമതാക്കുറവ് സ്ത്രീ സംഘടനകൾ പലതും ഈ പ്രദേശത്തുണ്ടെങ്കിലും കാര്യക്ഷമത വളരെക്കുറവാണ്.
2. ജോലി ഭാരക്കൂടുതലും സാതന്ത്ര്യക്കുറവും.
3. സമൂഹത്തിൽ നിന്നുള്ള വിമർശനം.
4. സാമ്പത്തിക ഭദ്രതാക്കുറവ്
5. മാനസികമായ കഴിവു കുറവ്
6. തൊഴിൽ മേഖലയിലെ പരിജ്ഞാനക്കുറവ്
7. നിയമപരമായ സംരക്ഷണക്കുറവ്
8. വ്യക്തി സ്വാതന്ത്രക്കുറവ്
9. ഭൂസ്വത്തുക്കളിൽ സ്ത്രീകൾക്കുള്ള അവകാശക്കുറവ്
10. വനിതാ വ്യവസായങ്ങൾ മിക്കതും പരാജിതമാകുന്നു.
11. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ
12. പൊതുവേദികളിലിരിക്കാനുള്ള അവസരരക്കുറവ്
13. സ്വയംതൊഴിൽ പദ്ധതിയുംട നടത്തിപ്പിലുള്ള പ്രതികൂലസാഹചര്യങ്ങൾ
14. ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല.
15. ബോധവൽക്കരണക്കുറവ്
16. ജലക്ഷാമം സ്ത്രീകളെ കൂടുതലായി ബാധിക്കുന്നു.
17. കുടുംബബന്ധിയായ വ്യവസായങ്ങൾക്ക് സ്വയംതൊഴിൽ വായ്പകൾ നൽകുക. (ആട്, കോഴി, പന്നി)

പരിഹാരം

1. പഞ്ചായത്തടിസ്ഥാനത്തിൽ സ്ത്രീ സംഘടനകൾ ഏകീകരിക്കുക

2. പെൺകുട്ടികളെ സ്വാശ്രയരും സ്വതന്ത്രചിന്താഗതിയുള്ളവരുമായി വളർത്തുവാൻ വേണ്ട ബോധവൽക്കരണം അമ്മമാർക്ക് നൽകുക

3. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും പിന്നോക്കം നിൽക്കുന്നവർക്ക് (സ്ത്രീകൾക്ക്) പ്രത്യേക പരിശീലനം നൽകുകയും നേതൃത്വപരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

4. സ്ത്രികൾക്ക് മാന്യമായി തൊഴിൽ ചെയ്യാനുള്ള അവസരം സംജാതമാക്കുക.

5. പെൺകുട്ടികളെ ഉത്തമകുടുംബിനികളാക്കാൻ ഉപയുക്തമാകുന്ന Non formal Education Course കൾ ആരംഭിക്കുക.

6. സാമ്പത്തികമായി സ്വന്തംകാലിൽ നിൽക്കുവാൻ സ്ത്രികളേ ഉപയുക്തമാക്കുന്ന രീതിയിൽ സ്ത്രീ വ്യവസായങ്ങൾ കൂടുതൽ ഉദാരമാക്കുക. വേണ്ട പരിശീലനം നൽകുക.

അനുബന്ധം

1. വനിതാക്ഷേമം ഉറപ്പുവരുത്തുന്നതിന് ഗവ. നൽകുന്ന വിവിധ പദ്ധതികളെക്കുറിച്ച് വനിതകൾക്ക് ബോധവൽക്കരണം നടത്തുക.

2. വനിതാ വിവിധോദ്ദേശ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

സ്ത്രീ സ്വാതന്ത്ര്യ സമത്വത്തിന്റെ അലയൊലികൾ നാടെങ്ങും മുഴങ്ങുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾക്ക് അതിന്റേതായ മുന്നേറ്റം കാണുന്നില്ല. സാമൂഹിക-സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ സജീവമായ പങ്കാളിത്തം പഞ്ചായത്തു രാജ് വഴി വിഭാജനം ചെയ്യുന്നുണ്ടെങ്കിലും പൂർണ്ണമായി പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. വനിതാ പ്രസ്ഥാനങ്ങളും ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും സജീവമായിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക മറ്റിതര നിലവാരങ്ങൾ പഠന വിധേയമാക്കേണ്ടതാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വേറിട്ടു നിൽക്കുന്ന സ്ത്രീശക്തിയെ സാമൂഹിക പരിവർത്തന മേഖലയിലെത്തിക്കുക എന്നത് ഏറെ ശ്രമകരമായ ജോലിയാണ്. ഈ ജോലി ഏറ്റെടുക്കുമ്പോൾ എന്താണ് സമ്ത്രീകളുടെ പ്രശ്നങ്ങൾ, എപ്രകാരം പരിഹരിക്കാം എന്നൊരു പഠനം അനിവാര്യമാണ്.

പെരുവന്താനം ഗ്രാമപഞ്ചായത്തിലെ മഹിളാ സമാജങ്ങൾ വാർഡു തിരിച്ച്

വാർഡ് 1

1. സരസ്വതീവിലാസം - മൂഴിക്കൽ
2. ധന്യാമഹിളാസമാജം - നിർമ്മലഗിരി

Ward III

3. അമലാ മഹിളാസമാജം - അമലഗിരി
4. പുലരി മഹിളാസമാജം - മുറിഞ്ഞപുഴ

Ward IV

5.
6.

Ward V

7. ദീപ്തി മഹിളാസമാജം - തെക്കേമല
8. ജ്യോതി മഹിളാസമാജം - തെക്കേമല

Ward VI

9. ഐശ്വര്യാ മഹിളാസമാജം -കണയങ്കവയൽ
10. ആദർശ മഹിളാസമാജം - കപ്പാലുവേങ്ങ
11 പ്രതിഭാ മഹിളാസമാജം - കൊയ്നാട്


പെരുവന്താനം പഞ്ചായത്തിലെ സ്ത്രി പുരുഷ അനുപാതം

സ്ത്രീകൾ	പുരുഷൻമാർ
8733 (1991--92) 9067 (95-96	8863 (1991-92) 9217 (95-96)

ഈ പഞ്ചായത്തിലെ സ്ത്രീവിദ്യാഭ്യാസ നിലവാരം

പെൺകുട്ടികൾ	ആൺകുട്ടികൾ
1275	1310

മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണവും മത്സ്യബന്ധനവും

പശു, ആട്, മുയൽ, പന്നി തുടങ്ങിയ വളർത്തു മൃഗങ്ങളാണ് പെരുവന്താനം പഞ്ചായത്തിലുള്ളത്. കോഴിയാണ് പ്രധാന വളർത്തു പക്ഷി. 1750 നാടൻ പശുക്കളും 3900 സങ്കരയിനം പശുക്കളും, 150 എരുമകളും, 4100 ആടുകളും ഈ പഞ്ചായത്തിലാകയുണ്ട്. വളർത്തു പക്ഷികളായ കോഴി 18710 എണ്ണവും, 430 താറാവുകളും കാട, ഗിനി ഈ ഇനത്തിൽ പെട്ടവ 2000വും ഈ പഞ്ചായത്തിലാകെ കണ്ടു വരുന്നു. സാധാരണയായി കണ്ടു വരുന്ന കാലി രോഗങ്ങൾ കുളമ്പുരോഗവും, അകിടുവീക്കവുമാണ്. വളർത്തു പക്ഷികളിൽ സാധാരണയായി കണ്ടു വരുന്ന പ്രധാന രോഗമാണ് കോഴി വസന്ത. തന്മൂലം കോഴികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഈ പഞ്ചായത്തിലുള്ള ഏകമൃഗാശുപത്രി 35-ാം മൈലിൽ സ്ഥിതിചെയ്യുന്നു. അത്യുല്പാദനശേഷിയുള്ള പശുക്കളുടെ എണ്ണം അനുദിനം കുറഞ്ഞു വരുന്നു. കണയങ്കവയൽ പ്രദേശത്ത് ഒരു ക്ഷീരോത്പാദക സഹകരണസംഘം പ്രവർത്തിക്കുന്നു. അവിടെയുള്ള കർഷകർ ടി സംഘത്തിനാണ് പാല് കൊടുക്കുന്നത്. പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിലുള്ള ജനങ്ങൾ കാഞ്ഞിരപ്പള്ളി താലൂക്കിൽ പാറത്തോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മലനാട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ബ്രാഞ്ചുകൾ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നും പാൽ ശേഖരിക്കുന്നു.

ഈ പ്രദേശങ്ങളിലെ കർഷകൾക്ക് പാൽ വിൽക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുകളും നിലനിൽക്കുന്നില്ല. പഞ്ചായത്തിലാകെ 17 ബയോഗ്യാസ് പ്ലാന്റുകളും കാലി വളർത്തുന്ന വീടുകളിലെല്ലാം കമ്പോസ്റ്റ് കുഴികളുമുണ്ട്. കാലി വളർത്തൽ കൃഷിക്കാരുടെ പ്രധാന പ്രശ്നം കാലിത്തീറ്റയുടെ വിലവർദ്ധനവും, പച്ചപ്പുല്ലിന്റെ ദൗർലഭ്യവുമാണ്. ചിലവീടുകളിൽ മാത്രം മുയലിനെ വളർത്തുന്നതായി കണ്ടു വരുന്നു.

പെരുവന്താനം വില്ലേജിൽ മൃഗാശുപത്രി സ്ഥിതിചെയ്യുന്ന 35-ാം മൈൽ പ്രദേശം ഒഴികെയുള്ളപ്രദേശങ്ങളിലെ ജനങ്ങൾക്ക് മൂന്നു മുതൽ 25 കിലോമീറ്റർ ദൂരം വരെ സഞ്ചരിച്ചു വേണം എത്തിച്ചേരുവാൻ. കൃഷിക്കാർക്കാവശ്യമായ ജൈവവളത്തിന്റെ വലിയോരു പങ്കു കാലി വളർത്തലിലൂടെ നിർവേറ്റുവാൻ കഴിയും. 50 ശതമാനം കർഷകർ ബാങ്ക് ലോൺ വഴിയാണ് കന്നുകാലികളെ വാങ്ങിയിരിക്കുന്നത്.

പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീറ്റ: കാലിത്തീറ്റയുടെ വിലക്കൂടുതലും പുല്ലിന്റെ ലഭ്യതക്കുറവും

2. മൃഗാശുപത്രിയുടെ ദൂരക്കൂടുതൽ

3. കോഴിവസന്തരോഗം തടയാൻ ഫലപ്രദമായ സംവിധാനം ഇല്ലാത്തത്

4. കറവമാടുകളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും ആവശ്യമായ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.

5. പുൽകൃഷിചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്തത്.

6. തീറ്റപുൽ വിത്തുകളുടെ വിലക്കൂടുതലും ലഭ്യതക്കുറവും.

7. മൃഗാശുപത്രിയും കർഷകരും തമ്മിലുള്ള ബന്ധക്കുറവ്

8. പേപ്പട്ടിശല്യമുണ്ടാകുന്നു.

9. പശുക്കൾക്ക് ബീജസംങ്കലനം നടത്തുന്നതിനുള്ള സൗകര്യം വളരെ ദൂരക്കൂടുതലായതിനാൽ.

സാദ്ധ്യതകൾ

1 പെരുവന്താനം പഞ്ചായത്തിൽ ഈ പ്രദേശത്തു മുഴുവനും പ്രവർത്തനാധികാരമുള്ള ഒരു ക്ഷീര വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.

2 പഞ്ചായത്തുതലത്തിൽ തീറ്റപുൽ വിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക

3 നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ മൃഗാശുപത്രിയുടെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ വിതരണം ചെയ്യുക.

4 കാലികർഷകർക്ക് പഞ്ചായത്തുതലത്തിൽ മൃഗസംരക്ഷണസെമിനാർ നടത്തിയാൽ കാലിവളർത്തലും പാൽ ഉത്പാദനവും വർദ്ധിപ്പിക്കാൻ കഴിയും.

5 പഞ്ചായത്തു തലത്തിൽ ഡയറി ഓഫീസ് സ്ഥാപിക്കുക.

6 മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവ വളർത്തൽ വാർഡടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുക.

7 പഞ്ചായത്തുതലത്തിൽ ഹാർമുറി ഫാം സ്ഥാപിക്കുക.

8 ഇറച്ചിമുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

9 ആടുകർഷകർക്ക് നല്ലയിനം ആട്ടിൻകുഞ്ഞുങ്ങളെ പഞ്ചായത്തടിസ്ഥാനത്തിൽ സൗജന്യ നിരക്കിൽ വിതരണം നടത്തുക.

10 കണയങ്കവയൽ കേന്ദ്രമാക്കി ഒരു പന്നിവളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായ് അനുവദിക്കുക.

11 വാർഡടിസ്ഥാനത്തിൽ ബീജസങ്കലനകേന്ദ്രങ്ങളും അത്യാവശ്യ ചികിത്സാ സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങളനുവദിക്കുക.

12 ലൈസൻസില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യുക.

13 അത്യുത്പാദനശേഷിയുള്ള പശുക്കളേ വളർത്തുന്നവർക്ക് സാമ്പത്തികസഹായവും ബോധവൽക്കരണവും നടത്തുക.

14 വെള്ളം അധികം വേണ്ടാത്ത താറാവിന്റെ കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം നടത്തുക.

15 പൊരുവന്താനത്ത് പഞ്ചായതതു വകഭൂമിയിൽ മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിച്ച് വാടക കെട്ടിടത്തിൽ നിന്നും മാറ്റുക.

16 ബയോഗ്ലാസ് പ്ലാന്റുകൾക്കാം പ്രചാരണം നൽകുക.

17 രോഗപ്രതിരോധ വാക്സിനേഷനുകൾ കൂടുതൽ വ്യാപകമായി നടത്തുക. വൈറ്റമിൻ, മിനറൽസ് എന്നിവ ചേർന്ന് ശാസ്ത്രീയമായ ആഹാര രീതികൾ പ്രചരിപ്പിക്കുക.

അനുബന്ധം

1. തേനീച്ചവളർത്തലിന് ധനസഹായം ചെയ്യുക

2. കാലിത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കുക

പെരുവന്താനം ഗ്രാമപഞ്ചായത്ത്

4.1 വളർത്ത് മൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ വംശവർ ദ്ധനവ്	കാള നാടൻ വംശവർ ള്ളവ	കാള സങ്കരം വംശവർ ദ്ധനവ്	കാള സങ്കരം വംശവർ ള്ളവ	പശു നാടൻ കറവ ഉള്ളത്	പശു നാടൻ കറവ ഇല്ലാത്തത്	പശു സങ്കരം കറവ ഉള്ളത്	പശു സങ്കരം കറവ ഇല്ലാത്തത്	എരുമ കറവ ഉള്ളത്	എരുമ കറവ ഇല്ലാത്തത്	പോത്ത്	ആട്	പട്ടി	ആന
1	2	3	4	5	6	7	8	9	10	11	12	13	14	15
1-9	50	400	20	100	850	900	2400	1500	50	100	40	4100	2500	

പെരുവന്താനം ഗ്രാമപഞ്ചായത്ത്

4.2 വളർത്ത് പക്ഷി സംഖ്യ

വാർഡ്	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1to9	6200	5500	7010	110	320	2000

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ മത്സ്യബന്ധനം, മത്സ്യകൃഷി ഇല്ലയെന്നാൽ പഞ്ചായത്തിൽ പല പ്രദേശത്തും ശുദ്ധജല മത്സ്യകൃഷി നടത്തുന്നതിന് സാദ്ധ്യതകളുണ്ട്. ഉദാഹരണം കണയങ്കവയൽ, മതമ്പ തുടങ്ങിയ സ്ഥലങ്ങൾ ശാസ്ത്രിയമായ പരിശീലനം ലഭിച്ചാൽ മീൻവളർത്തലിന് ഈ പഞ്ചായത്തിൽ സാധിക്കും.

സാദ്ധ്യതകൾ

ശുദ്ധജലമത്സ്യകൃഷി നടത്തുന്നതിന് പരിശീലനം നൽകുക

പെരുവന്താനം പഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടിയിൽ 9-ാം പഞ്ചവൽസര പദ്ധതി കാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷീരവികസന പദ്ധതികളുടെ 5 വർഷത്തേക്കുള്ള ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ.

പദ്ധതിയുടെ പേര്.	ഒന്നാം വർഷം		രണ്ടാംവർഷം		മൂന്നാം വർഷം		നാലാം വർഷം		അഞ്ചാംവർഷം	
	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം
1. മാതൃകാകാലിതൊഴുത്ത് നിർമ്മാണം Rs.3000/Shed	30 Nos	90000	30	90000	30	90000	30	90000	30	90000
2. വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറിയൂണിറ്റ് Rs.10000	5 Unit	50000	5	50000	5	50000	5	50000	5	50000
3. കന്നു കാളക്കുട്ടി വളർത്തൽ Rs 20000/Unit	1	20000	1	20000	1	20000	1	20000	1	20000
4. ധാധുലവണ മിക്സ്ചർ വിതരണം Rs.10/Kg	100	1000	100	1000	100	1000	100	1000	100	1000
5. വിറ്റാമിൻ സപ്ലിമെന്റ് വിതരണം Rs.30/Bottle	100	3000	100	3000	100	3000	100	3000	100	3000
6. ശുദ്ധമായ പാല് ഉൽപാദന കിറ്റ് Rs.50/-	100	5000	100	5000	100	5000	100	5000	100	5000
പാൽപാത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായംRs.250/	100	25000	100	25000	100	25000	100	25000	100	25000
8. കാലികൾക്ക് ഇൻഷൂറൻസ്Rs.400	100	40000	100	40000	100	40000	100	40000	100	40000


INSTITUTE OF LOCAL ADMINISTRATION

9. ഗർഭമുള്ള പശുക്കൾക്ക് വേനൽ കാലത്ത് കാലിത്തീറ്റ സബ്സീഡി	100	80000	100	80000	100	80000	100	80000	100	80000
10 ക്ഷീരവികസനമേള സെമിനാർ	1	5000	1	5000	1	5000	1	5000	1	5000
11. കാർഷിക സമ്പർക്ക പരിപാടി ചർച്ചാ ക്ലാസ് Rs.500	10	5000	10	5000	10	5000	10	5000	10	5000
12. ചാണക കുഴിനിർമ്മിക്കാൻ ധന സഹായം Rs.1000	25	25000	25	25000	25	25000	25	25000	25	25000
13. ഒരേക്കർസ്ഥലത്ത് പുൽകൃഷി നടത്താൻ ധനസഹായം Rs.15000	2	30000								
14. 25 സെന്റ് സ്ഥലത്ത് പുൽകൃഷിചെയ്യാൻ ധനസഹായം Rs.1500	20	30000	20	30000	20	30000	20	30000	20	30000
15. 2.5 ഹെക്ടർ സ്ഥലത്ത് പുൽ കൃഷി	1	45000	1	45000	1	45000	1	45000	1	45000
16. ഒരു സെൻറ് സ്ഥലത്ത് പുൽകൃഷിക്ക് ധനസഹായംRs.5	5	6250	5	6250	5	6250	5	6250	5	6250
17. പച്ചപുൽ ഉണക്കിഹോ തന്നിക്കാൻ ധനസഹായം200/	10	2000	10	2000	10	2000	10	2000	10	2000

18. വനിതകൾക്ക് കറവപ്പശുക്കളെ വാങ്ങാൻ ധനസഹായം Rs.1500	10	15000	10	15000	10	15000	10	15000	10	15000
19. ബാലവാടി അംഗൻവാടിപ്രൈമറി സ്കൂൾ വഴി കുട്ടികൾക്ക് ക്ഷീരോല്പന്ന വിതരണം	500	1Lakh	500	1Lakh	500	1Lakh	500	1Lakh	500	1Lakh
20. ക്ഷീരസംഘങ്ങൾക്ക് ധനസഹായം Rs5000	3	15000	3	15000	3	15000	3	15000	3	15000
21. പട്ടികവിഭാകക്കാർക്ക് ഡയറി യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായംRs5000	10	50000	10	50000	10	50000	10	50000	10	50000
22. പട്ടികവർഗ്ഗക്കാർക്ക്	5	25000	5	25000	5	25000	5	25000	5	25000
23. ക്ഷീരകർഷകർക്ക് ഇൻഷൂറൻസ്Rs100/	100	10000	100	10000	100	10000	100	10000	100	10000
		677250		677250		677250		677250		677250

ആകെ 5 വർഷം **33862501**

ടൂറിസം



ടൂറിസം

നമ്മുടെ പഞ്ചായത്തിൽ പ്രകൃതി കനിഞ്ഞനുഗ്രഹിക്കപ്പെട്ട അനേക മലമടക്കുകളിൽ ഒന്നാമനായ സഹ്യാദ്രി പർവ്വത നിരകളിൽ പഞ്ചപാണ്ഡവന്മാർ നൂറ്റാണ്ടുകൾക്ക് മുമ്പ് പാർത്തിരുന്ന പാഞ്ചാലിമേട് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ അനുയോജ്യമായ പ്രദേശമാണ്. പഞ്ചായത്ത് ആസ്ഥാനമായ പെരുവന്താനത്തു നിന്നും പ്രശസ്തമായ കെ.കെ.റോഡിൽകൂടി ഉദ്ദേശം 14 കി.മീ. കിഴക്ക് തെക്കായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പാഞ്ചാലിമേട്. വളഞ്ഞ് പുളഞ്ഞ് കിടക്കുന്ന മലമ്പാതയിൽകൂടി സഞ്ചരിച്ച് പ്രകൃതി രമണീയമായ ഈ പ്രദേശത്ത് അസ്തമനസൂര്യന്റെ ചെങ്കതിരുകൾ വീശി നിൽക്കുമ്പോൾ സമീപത്തുള്ള പടിഞ്ഞാറെപ്പാറ, ശബരിമല എന്നീ മലകൾ അത്യന്തം നയന മനോഹരമായി നമുക്ക് കാണുവാൻ കഴിയും. നൂറ്റാണ്ടുകൾക്ക് മുൻപ് തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന രാജകുടുംബം കുട്ടിക്കാനം തേക്കടി ഇടപ്പാളയം എന്നിവിടങ്ങളിൽ വിനോദ വിശ്രമത്തിനായി പൊയ്ക്കൊണ്ടിരുന്നത് അവർക്ക് പെരുവന്താനത്ത് ഉണ്ടായിരുന്നത മുസാവരി ബംഗ്ലാവിൽ (ടൂറിസ്റ്റ് ബംഗ്ലാവിൽ) താമസിച്ചായിരുന്നു. ടി. ബംഗ്ലാവ് നിലനിന്നിരുന്ന സ്ഥലം ഇപ്പോൾ പഞ്ചായത്ത് വകയാണ്. ടി. സ്ഥലത്ത് ഒരു ടൂറിസ്റ്റ്ബംഗ്ലാവ് നിർമ്മിച്ചാൽ സമശീതോഷ്ണമേഖലയായി പെരുവന്താനം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ ഉതകുന്നതാണ്. വർഷങ്ങളോളം പഴക്കമുള്ള പെരുവന്താനത്തിന്റെ ഐശ്വര്യമായ "പൊണ്ണം മാവ്" ബംഗ്ലാവിന് സമീപമാണ്. കെ.കെ.റോഡിലൂടെ കിഴക്കോട്ട് സഞ്ചരിക്കുമ്പോൾ മല മടക്കിൽ നിന്നും ഒലിച്ചിറങ്ങുന്ന നീർച്ചാലുകൾ ദൂരെ കാഴ്ചയിൽ വെള്ളി ഉരുകി ഒഴുകുന്നതുപോലെ തോന്നിപ്പിക്കുന്ന മനോഹര കാഴ്ച വിദേശികൾക്കും, സ്വദേശികൾക്കും പുതിയൊരനുഭൂതിയാണ്.

നന്ദി

സ്നേഹപൂർവ്വം കെ.വാസുദേവൻ

1995 ഒക്ടോബർ 30-ാം തീയതിയാണ് പെരുവന്താനം ഗ്രാമപഞ്ചായത്ത് സമതി നിലവിൽ വരുന്നത്. വളരെ ലളിതമായ ചടങ്ങിൽവച്ച് സത്യപ്രതിജ്ഞ നടന്നു. പഞ്ചായത്തിന്റെ പുരോഗതിക്ക് വേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി ഐക്യത്തോടെയും, അഴിമതി ഇല്ലാത്തതുമായ ഒരു സൽഭരണം കാഴ്ചവയ്ക്കുമെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്തു.

സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കാര്യമായ വരുമാനമാർഗ്ഗങ്ങൾ ഒന്നും ഇല്ല ാ ഒരു പഞ്ചായത്താണെന്നാ തിരിച്ചറിവോടെ ഭരണം ആരംഭിച്ചു.

പഞ്ചായത്ത് രാജിൽ പറഞ്ഞിട്ടുള്ള പല സർക്കാർ സ്ഥാപനങ്ങളും പഞ്ചായത്തിന് കൈമാ ാങ്കിലും നിയമപരമായ പല തീരുമാനങ്ങളും ഇനിയും വരേണ്ടതുണ്ട്. അതിന്റെതായ ബുദ്ധിമുട്ടുകൾ ഭര ാമായ കാര്യങ്ങളിൽ അനുഭവപ്പെടുന്നു. ഇതിന് മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളാ ഗവർമെന്റ് 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. വികസന രംഗത്തെ പ്രവർത്തനങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ നിന്നും വിത്യസ്ഥമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും..

പഞ്ചായത്ത് രാജ് മഹാത്മജി വിഭാവനം ചെയ്തിരിക്കുന്നത് "ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്, ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കും, അതുകൊണ്ട് അധികാരം ജനങ്ങളിൽ എത്തണം." എന്നാണ്. നമുക്ക് സ്വാതന്ത്ര്യം ലഭിച്ചശേഷം എട്ട് പഞ്ചവത്സര പദ്ധതികൾ നടപ്പിലായി. ഇതെല്ലാം മുകളിൽ നിന്നുമുള്ള ആസൂത്രണമാത്രമായിരുന്നു. എന്നാൽ മഹാത്മജി വിഭാവനം ചെയ്തിരുന്ന അധികാര വികേന്ദ്രീകരണം ഇപ്പോൾ മാത്രമാണ് നടപ്പിലാക്കുവാൻ പോകുന്നത്.

അധികാരം ജനങ്ങളിലേക്ക് എന്നത് 9-ാം പദ്ധതിയിലൂടെ നടപ്പിലാകുവാൻ പോകുകയാണ്. ജനപങ്കാളിത്തം ഉറപ്പുവരുത്തണം. കക്ഷിരാഷ്ട്രീയത്തിന് അതീതമായ ഒരു വികസന സംസ്കാരം വളർത്തിയെടുക്കുവാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം. നമ്മുടെ പഞ്ചായത്തിലെ വികസന രംഗത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ വികസന രേഖ തയ്യാറാക്കുന്നതിന് വേണ്ടി സന്മനസോടെ സഹകരിച്ച കെ.ആർ.പി., എൽ.ആർ.പി., വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, പഞ്ചായത്ത് അംഗങ്ങൾ, പഞ്ചായത്തിലെ ജീവനക്കാർ, വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ, പെരുവന്താനം സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാർ, സന്നദ്ധസേവകർ തുടങ്ങിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ വികസന രേഖ ചർച്ചക്കും അംഗീകാരത്തിനും വേണ്ടി സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

കെ. വാസുദേവൻ
പ്രസിഡണ്ട്
പെരുവന്താനം ഗ്രാമപഞ്ചായത്ത്.

